# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഉദുമ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**
**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KSD8/945/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 07/12/2024
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദുമ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KSD8/945/2024 തീയ്യതി: 07/12/2024

## കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2024 | 02-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2024 | 02-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിനോദ്കുമാർ വി, ഓഡിറ്റ് ഓഫീസർ
ശ്രീ.ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുധീഷ് എൻ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അരുൺ ദേവ്.വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ലക്ഷ്മി പി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ. ദേവദാസ് പി | സെക്രട്ടറി | 01-04-2023 | 31-08-2023 |
| ശ്രീ. റെജിമോൻ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-09-2023 | 06-11-2023 |
| ശ്രീമതി. അനീഷ വി | സെക്രട്ടറി | 07-11-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റെജിമോൻ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ. ഉമേഷ് കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ. നാണുക്കുട്ടൻ കെ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. ചന്ദ്രബാബു | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ. പ്രവീൺ കുമാർ കെ.സി | വി.ഇ ഒ (ഉദുമ സർക്കിൾ) | 01-04-2023 | 31-03-2024 |
| ശ്രീമതി. ഷീന പി | വി.ഇ ഒ (പാലക്കുന്ന് സർക്കിൾ) | 01-04-2023 | 31-03-2024 |
| ശ്രീമതി. അറഫ ഇ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ. രാജീവൻ കെ | പ്രധാനാധ്യാപകൻ | 01-04-2023 | 06-06-2023 |
| ശ്രീ. അനന്തൻ | പ്രധാനാധ്യാപകൻ | 12-06-2023 | 31-03-2024 |
| ഡോ. ജയ ജി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 17-08-2023 |
| ഡോ. ശ്രീജ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 18-08-2023 | 31-03-2024 |
| ഡോ. നിനീഷ വേലായുധൻ നിർമ്മലൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2023 | 01-09-2023 |
| ഡോ. സിന്ധു വേലായുധൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 02-09-2023 | 17-10-2023 |
| ഡോ. രതീഷ് പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 18-10-2023 | 31-03-2024 |
| ശ്രീമതി. രജിമ പി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ. അബ്ദുൾ കുഞ്ഞി ടി.എ | ഫിഷറീസ് ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. മുഹമ്മദ് എം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2023 | 31-05-2023 |
| ഡോ. വേണു സി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-06-2023 | 09-07-2023 |
| ഡോ. കായിഞ്ഞി സി എം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 10-07-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പഞ്ചായത്ത് ഫണ്ട്- ജനറൽ ഫണ്ട് അക്കൗണ്ട് നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനു മേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നു. | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-6 |
| 8 | വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | റീക്കൺസിലിയേഷൻ പത്രിക പ്രകാരം മൂന്ന് മാസത്തിലധികമായി നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-9 |
| 11 | ബാങ്കിൽ നിന്നും നേരിട്ട് പിൻവലിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-10 |
| 12 | B-9 ഷെഡ്യൂളിലെ ബാദ്ധ്യതാ നീക്കിയിരിപ്പുകളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല | 1-1-11 |
| 13 | എൻ.പി.എസ് - ജീവനക്കാർ, സ്ഥാപനം എന്നിവയുടെ നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-13 |
| 15 | ബി 4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത തുകയും ബന്ധപ്പെട്ട അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | മറ്റ് സ്ഥിരം ആസ്തികളുടെ തേയ്മാനം തുയെക്കാൾ അധികരിച്ചിരിക്കുന്നു. | 1-1-15 |
| 17 | ടി.എസ്.ബി സംയുക്ത പദ്ധതി അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല. | 1-1-16 |
| 18 | റിഡംഷൻ - പിൻവലിച്ച തുക പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-17 |
| 19 | ഗ്രാമലക്ഷമി മുദ്രാലയത്തിനു നൽകിയ തുക ക്രമീകരിച്ചിട്ടില്ല | 1-1-18 |
| 20 | ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-19 |
| 21 | ഗുണഭോക്തൃ വിഹിതമിനത്തിൽ തുക ചെലവഴിക്കാതെ നിലനിൽക്കുന്നു | 1-1-20 |
| 22 | സ്ഥിരനിക്ഷേപ തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-21 |
| 23 | നിർവ്വഹണഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-22 |
| 24 | ഒരേ ഇനം വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-23 |
| 25 | കെ.യു.ആർ.ഡി.എഫ്.സി ലോൺ വരവിനത്തിൽ ബാങ്ക് പലിശ തുകയും ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-24 |
| 26 | കെട്ടിടങ്ങളുടെ വാടക ഇനത്തിലെ വരവിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-25 |
| 27 | ലേലമിനത്തിലെ വരവ് ബാധ്യതയിൽ രേഖപ്പെടുത്തിയിരിക്കുന്നു | 1-1-26 |
| 28 | തൊഴിൽ നികുതി വരവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല - രജിസ്റ്റർ | 1-1-27 |

| | | |
|---|---|---|
| | പൂർണ്ണമല്ല | |
| 29 | ഡെപ്പോസിറ്റ് ഇനത്തിൽ ലഭ്യമായ തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല - രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-28 |
| 30 | ബജറ്റ് | 1-2 |
| 31 | സാമ്പത്തിക വിശകലനം | 1-3 |
| 32 | ഗ്രാന്റ് വിനിയോഗം | 1-4 |
| 33 | പദ്ധതി അവലോകനം. | 1-5 |
| 34 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 35 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 36 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 37 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 38 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകന റിപ്പോർട്ട്. | 1-10 |
| 39 | തൊഴിൽ നികുതി -ഈടാക്കിയതിൽ കുറവ്. | 1-11 |
| 40 | റോയൽറ്റി ഫീ ഈടാക്കിയതിന്റെ വിശദാംശം / രേഖകൾ ലഭ്യമാക്കിയില്ല | 1-12 |
| 41 | വസ്തു നികുതി പരിഷ്കരിക്കുന്നതിൽ വീഴ്ച. | 1-13 |
| 42 | റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന സാമഗ്രികളുടെ പുനരുപയോഗം രേഖപ്പെടുത്തുന്നില്ല. | 1-14 |
| 43 | തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ സംഭരണം- സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-15 |
| 44 | തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി | 1-16 |
| 45 | മത്സ്യ മാർക്കറ്റ് ലേലം - തുക പൂർണ്ണമായും ലഭ്യമായില്ല | 1-17 |
| 46 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - നിർമ്മാണ പുരോഗതി ഉറപ്പ് വരുത്താതെ രണ്ടാം ഗഡു നൽകി. | 1-18 |
| 47 | ഹരിതകർമ്മ സേന പ്രവർത്തകർക്ക് അടിസ്ഥാന സാമഗ്രികൾ വാങ്ങൽ - ബിൽ, സ്റ്റോക്ക് വിവരം എന്നിവ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു. | 1-19 |
| 48 | ക്ഷയരോഗികൾക്ക് ഭക്ഷ്യകിറ്റ്-മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി-ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 49 | ലെഗസി മാലിന്യം - ഗ്രാമപഞ്ചായത്തിന് കരാർ പ്രകാരമുള്ള തുക ലഭിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-21 |
| 50 | എഫ്.എച്ച്.സിയുടെ എച്ച്.എം.സി വരവ് - ചെലവ് കണക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-22 |
| 51 | തനത് ഫണ്ട് ചെലവിന്റെ വൗച്ചർ പരിശോധനയിൽ കണ്ട അപാകതകൾ | 1-23-0 |
| 52 | എസ്.എൽ. ഐ. വിഹിതം-ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു. | 1-23-1 |
| 53 | യാത്രാബത്ത അനുവദിച്ചത് - രേഖകൾ ഹാജരാക്കിയില്ല. | 1-23-2 |
| 54 | ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാലതാമസം | 1-23-3 |
| 55 | ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-23-4 |
| 56 | കുടിവെള്ളക്കരം - പൊതു ടാപ്പ് രജിസ്റ്റർ, സംയുക്ത പരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമല്ല. | 1-23-5 |
| 57 | വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണ പദ്ധതി - പദ്ധതി നടത്തിപ്പിൽ അപാകതകൾ. | 1-23-6 |
| 58 | സാനിറ്ററി പാഡ് ഡിസ്ട്രോയർ സ്ഥാപിക്കൽ പദ്ധതി - അപാകതകൾ | 1-24 |

| | | |
|---|---|---|
| 59 | തെരുവ് വിളക്ക് സ്ഥാപിക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-25 |
| 60 | IKM മെമ്പർഷിപ്പ് ഫീസ് അടവാക്കിയത് - വിശദാംശങ്ങൾ ലഭ്യമല്ല. | 1-26 |
| 61 | പൊതു സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ.-വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-27 |
| 62 | തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണികൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-28 |
| 63 | ഐ. കെ. എം ന് വിഹിതം നൽകൽ -ചെലവ് തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-29 |
| 64 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ- സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല. | 1-30 |
| 65 | SSK വിഹിതം അടവാക്കൽ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല. | 1-31 |
| 66 | കെട്ടിട നിർമ്മാണം- ഫീസ് സംമ്പന്ധിച്ചുള്ള വിവരം ലഭ്യമാക്കിയില്ല. | 1-32 |
| 67 | ശാരിരീക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താക്കൾക്ക് തുക ലഭിച്ചില്ല. | 1-33 |
| 68 | ബാങ്ക് അക്കൗണ്ടിലെ അവ്യക്തത - കർഷകർക്ക് അനുവദിച്ച ധനസഹായം ലഭിച്ചില്ല | 1-34 |
| 69 | എം സി എഫ് -ലേക്ക് പ്ലാസ്റ്റിക് മാലിന്യം എത്തിച്ചതിന് വാഹന വാടക നൽകിയത് - ആദായനകുതി ഈടാക്കിയില്ല | 1-35 |
| **ഭാഗം 2** | | |
| 1 | തൊഴിൽ നികുതി -ഈടാക്കിയതിൽ കുറവ് | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |
| 8 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | രസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1
## പൊതു അവലോകനം

**1-1-1 പഞ്ചായത്ത് ഫണ്ട്- ജനറൽ ഫണ്ട് അക്കൗണ്ട് നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.**

ഷെഡ്യൂൾ ബി-1 പഞ്ചായത്ത് ഫണ്ട്- ജനറലിൽ Excess Of Income Over Expenditure എന്ന കണക്കിൽ 7,90,55,873.60/- രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം 31.03.2024 ലെ ഗ്രോസ് സർപ്ലസ് (Income Over Expenditure After Prior Period Items) 32,14,321/- രൂപയാണ്.

എൻക്വയറി നമ്പർ 9(1)/28.10.2024.

**1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്**

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3 , സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13/05/2024 ലെ 2ാം നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 22/06/2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഉദുമ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൽഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൽഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയുള്ള അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി , ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
07.12.2024

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും (1,81,24,040/-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (53,60,077/-) തുല്യമല്ല. ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

എൻക്വയറി നമ്പർ 9(2)/28.10.2024.

**1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമ പഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നുള്ള തൊഴിൽ നികുതി എന്നീ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./തീയതി |
|---|---|---|
| 110100101 | വസ്തു നികുതി - പാർപ്പിടം | 42301084, 31-03-2024 |
| 110100102 | വസ്തു നികുതി - നോൺ റസിഡൻഷ്യൽ | 42301085, 31-03-2024 |
| 110200101 | തൊഴിൽ നികുതി - സ്ഥാപനം | 42301342, 31-03-2024<br>42301348, 31-03-2024 |
| 110200105 | തൊഴിൽ നികുതി - ട്രേഡേഴ്സ് | 42301343, 31-03-2024 |
| 130100101 | കെട്ടിട വാടക | 42301345, 31-03-2024<br>42301362, 31-03-2024 |

എൻക്വയറി നമ്പർ 9(3)/28.10.2024 ന് ഡിമാന്റ് എൻട്രികൾ വരും വർഷങ്ങളിൽ പ്രതിമാസം തയ്യാറാക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

**1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

A) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-5 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനു മേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നു.**

2023-24 വർഷത്തെ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നത് വിവിധ ഫണ്ടുകളിൽ നിന്നുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകകളുടെ മേലാണ്. ജി.ഒ(എം.എസ്)നം.152/2011/ തസ്വഭവ, തീയതി 26.07.2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Significant Accounting Policies പ്രകാരം ഡെപ്രിസിയേഷൻ ആസ്തികളുടെ മേലാണ് ചാർജ് ചെയ്യേണ്ടത്. ഇതിനു വിരുദ്ധമായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനു മേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

എൻക്വയറി നമ്പർ 9(4)/28.10.2024.

**1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.**

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും ഉറപ്പു വരുത്തുവാനായിട്ടില്ല.

എൻക്വയറി നമ്പർ 9(5)/28.10.2024.

**1-1-7 വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല**

31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം സാമ്പത്തിക വർഷത്തെ സെക്വർഡ് ലോൺ ഇനത്തിലെ നീക്കിയിരിപ്പ് തുക പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസിലെ നീക്കിയിരിപ്പുമായി ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ബി-5 ഷെഡ്യൂൾ പ്രകാരം 330500201-സെക്വർഡ് ലോൺ ബാലൻസ് തുക | ബി-16 ഷെഡ്യൂൾ പ്രകാരം 440500101-പ്രീ പെയ്ഡ് പ്രോഗ്രാം ഇനത്തിലെ ബാലൻസ് തുക | വ്യത്യാസം |
|---|---|---|
| 2,57,88,473 | 2,13,48,068 | 44,40,405 |

എൻക്വയറി നമ്പർ 9(6)/28.10.2024.

**1-1-8 സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല**

സംയുക്ത പദ്ധതികൾക്കായുള്ള കോൺട്രിബ്യൂഷനുകൾ കൈകാര്യം ചെയ്യുന്ന ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ (നമ്പർ 799011400001175) 31.03.2024 ലെ നീക്കിയിരിപ്പ് 17,82,400/- ആണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ചുവടെ പറയും പ്രകാരം 2,50,000/- രൂപയാണ് ജോയിന്റ് വെഞ്ചർ ഇനത്തിൽ നിലനിൽക്കുന്നത്.

| ക്രമ നമ്പർ | കോഡ്, ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | 320700104 - Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 50,000 |
| 2 | 320700204 - Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 2,00,000 |
| ആകെ തുക | | 2,50,000/- |

മേൽ പ്രകാരം 15,32,400/- രൂപയടെ ( 17,82,400 - 2,50,000) വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതും ഈ തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

എൻക്വയറി നമ്പർ 9(7)/28.10.2024.

**1-1-9 റീക്കൺസിലിയേഷൻ പത്രിക പ്രകാരം മൂന്ന് മാസത്തിലധികമായി നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.**

A) 2023-24 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37293479957) റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന (മൂന്ന് മാസത്തിലധികമായിട്ടുള്ള) തുക ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| 1230000557 | 03-10-2023 | 5 |
| 1230000558 | 03-10-2023 | 5 |
| 1230000559 | 03-10-2023 | 220 |
| 1230000370 | 10-08-2023 | 5 |
| 1230000372 | 10-08-2023 | 5 |
| 1230000373 | 10-08-2023 | 5 |
| 1230000374 | 11-08-2023 | 55 |
| 1230000375 | 11-08-2023 | 5 |
| 1230000376 | 11-08-2023 | 5 |
| 1230000560 | 03-10-2023 | 5 |
| 1230000561 | 03-10-2023 | 5 |
| 1230000562 | 03-10-2023 | 5 |
| 1230000570 | 04-10-2023 | 220 |
| 1230000377 | 12-08-2023 | 5 |
| 1230000554 | 03-10-2023 | 5 |
| 1230000555 | 03-10-2023 | 55 |
| 1230000556 | 03-10-2023 | 55 |
| ആകെ തുക | | 665/- |

മേൽ തുകകൾ നാളിതുവരേയും അക്കൗണ്ടിൽ വരാത്തതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

എൻക്വയറി നമ്പർ 9(12)/28.10.2024.

B) ഉദുമ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിന്റെ (നമ്പർ 1272 ) റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന (മൂന്ന് മാസത്തിലധികമായിട്ടുള്ള) 7,500/- രൂപ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| വൗച്ചർ നമ്പർ | തീയതി | ചെക്ക് നമ്പർ, തീയതി | തുക |
|---|---|---|---|
| 1220104747 | 22-11-2022 | 071828, 26-08-2022 | 7,500 |

മേൽ തുക നാളിതുവരേയും അക്കൗണ്ടിൽ ലഭിക്കാത്തതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

എൻക്വയറി നമ്പർ 9(14)/28.10.2024.

**1-1-10 ബാങ്കിൽ നിന്നും നേരിട്ട് പിൻവലിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല**

എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37293479957) റീക്കൺസിലിയേഷൻ പത്രികയിൽ ചുവടെ പറയും പ്രകാരം 57,944/- രൂപ ബാങ്കിൽ നിന്നും നേരിട്ട് പിൻവലിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | 29-09-2022 | 162 |
| 2 | 31-03-2024 | 57,782 |
| ആകെ തുക | | 57,944/- |

എൻകചയറി നമ്പർ 9(13)/28.10.2024.

## 1-1-11 B-9 ഷെഡ്യൂളിലെ ബാദ്ധ്യതാ നീക്കിയിരിപ്പുകളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല

B-9 ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | കോഡ് | ഇനം | നീക്കിയിരിപ്പ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 350300112 | Government And Other Dues Payable -Value Of Court Fee Stamp | 7,930 | കോർട്ട് ഫീ സ്റ്റാമ്പ് വിൽപ്പന വരവ് നാളിതുവരെ സർക്കാരിലേക്ക് അടച്ചിട്ടില്ല |
| 2 | **350200299** | **Recoveries Payable - Other Deductions** | 2,023 | 27-02-2024 ൽ ജേർണൽ നമ്പർ 42300872 പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ഈ തുക നാളിതുവരേയും ചെലവഴിച്ചതായി കാണുന്നില്ല. ഈ തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. |
| 3 | **350300111** | **Government And Other Dues Payable - Flood Cess** | 2,920 | തുക നാളിതുവരെ സർക്കാരിലേക്ക് അടച്ചിട്ടില്ല |
| 4 | **350300199** | **Government And Other Dues Payable - Others** | 4,950 | 2017-18 മുതൽ 4,200/- രൂപയും 2020-21 മുതൽ 750/- രൂപയും കൂടെ ചേർത്ത് 4,950/- രൂപയും നിലിൽക്കുന്നു. ഈ തുകയുടെ വിശദാംശം, തുക നിലനിൽക്കുന്നതിനുള്ള കാരണം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 5 | **350400701** | **Refunds Payable - Deposit Works** | 1,45,333 | 2015-16 മുതൽ നിലനിൽക്കുന്ന ഈ തുകയുടെ വിശദാംശം, തുക നിലനിൽക്കുന്നതിനുള്ള കാരണം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 6 | **350200199** | **Recoveries Payable - Other Recoveries** | 79,490 | 2021-22 മുതൽ നിലനിൽക്കുന്ന ഈ തുകയുടെ വിശദാംശം, തുക |

| | | | | |
|---|---|---|---|---|
| | | **From Employees** | | നിലനിൽക്കുന്നതിനുള്ള കാരണം എന്നിവ ലഭ്യമാക്കേണ്ടതാണ്. |
| 7 | **350200119** | **Recoveries Payable Covid** | - 1,60,400 | ഈ ഇനത്തിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. |

എൻക്വയറി നമ്പർ 9(8)/28.10.2024.

**<u>1-1-12 എൻ.പി.എസ് - ജീവനക്കാർ, സ്ഥാപനം എന്നിവയുടെ നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല.</u>**

ജീവനക്കാർ, സ്ഥാപനം എന്നിവയുടെ എൻ.പി.എസ് നീക്കിയിരിപ്പ് തുക ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 350110108 | Employer Liabilities - Pension Contributions Payable(NPS) | 21,303 |
| 2 | 350200204 | Recoveries Payable - National Pension Scheme | 24,460 |

മേൽ പ്രകാരം എൻ.പി.എസ് ഇനത്തിലെ നീക്കിയിരിപ്പിൽ 3,157/- രൂപയുടെ (24,460 - 21,303) വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

എൻക്വയറി നമ്പർ 9(9)/28.10.2024.

**<u>1-1-13 ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല</u>**

ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ (350800101) മുൻവർഷത്തെ നീക്കിയിരിപ്പ് തുകയായ 2,66,425/- രൂപ ഉൾപ്പെടെ 10,05,970/- രൂപ തൻവർഷം നിലനിൽക്കുന്നു.

2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിയ്ക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്ക് പഞ്ചായത്തിൽ സമർപ്പിക്കപ്പെടുകയാണെങ്കിൽ ചട്ടം 44 ൽ പറഞ്ഞിരിക്കുന്നതുപോലെ റദ്ദ് ചെയ്യേണ്ടതാണ്.

"കാലാവധി കഴിഞ്ഞ ചെക്കുകളുടെ" അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റിയിട്ടുള്ള തുകകൾ സംബന്ധിച്ച മേൽ ചട്ടം പ്രകാരമുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഈ ഇനത്തിൽ മുന്നിരിപ്പായി നിലനിൽക്കുന്ന 2,66,425/- രൂപയുടെ വിശദാംശവും(ചെക്ക് നമ്പർ, തീയതി, തുക, ആർക്കു നൽകി) ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നമ്പർ 9(10)/28.10.2024.

**<u>1-1-14 ബി 4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത തുകയും ബന്ധപ്പെട്ട അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.</u>**

ബി 4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത തുകയും ബന്ധപ്പെട്ട അക്കൗണ്ടിലെ നീക്കിയിരിപ്പും ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ക്രമ | കോഡ് , ഇനം | ബി 4 ഷെഡ്യൂൾ | ബി17 ഷെഡ്യൂൾ | വ്യത്യാസം |
|---|---|---|---|---|

| നമ്പർ | | പ്രകാരം നീക്കിയിരിപ്പ് | പ്രകാരം അക്കൗണ്ടിലെ നീക്കിയിരിപ്പ് | |
|---|---|---|---|---|
| 1 | 320100202-Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | 12,28,078 | 3,05,754<br>CANARA BANK HEALTH Diagnostic Infrastructure ( 110042719650) | 9,22,324 |
| 2 | 320100204-Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres Into Health And Wellness Centres | 6,43,962 | 3,69,989<br>Canara Bank Health ( 110042785827) | 2,73,973 |
| 3 | 320900102-Donations Related To Pandemic/ Epidemic Control | 23,539 | 23,221<br>KGB COVID DONATION-( 150041202420005) | 318 |
| 4 | 320200104-Development Fund - Central Finance Commission Grant - Basic Tax Grant<br>320200113-Development Fund - Central Finance Commission Grant – Tied Fund<br>320700205 - Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats<br>320700204-Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 1,07,23,395<br>(13,23,131+ 77,96,376+ 10,00,000+ 6,03,888) | 1,07,58,593<br>(SBI - 40095374852) | -35,198 |

എൻകചയറി നമ്പർ 9(15)/28.10.2024.

**<u>1-1-15 മറ്റ് സ്ഥിരം ആസ്തികളുടെ തേയ്മാനം തുയെക്കാൾ അധികരിച്ചിരിക്കുന്നു.</u>**

2023-24 സാമ്പത്തിക വർഷം തേയ്മാനം രേഖപ്പെടുത്തിയതിൽ മറ്റ് സ്ഥിരം ആസ്തികളുടെ തേയ്മാനം ചുവടെ പറയും പ്രകാരം ആസ്തിയേക്കാൾ അധികരിച്ചിരിക്കുന്നു.

| ബി -11 ഷെഡ്യൂൾ പ്രകാരം മറ്റ് സ്ഥിരം ആസ്തികളുടെ മൂല്യം | ബി -11(a) ഷെഡ്യൂൾ പ്രകാരം മറ്റ് സ്ഥിരം ആസ്തികളുടെ തേയ്മാനം |
|---|---|
| 3,58,078 | - 19,14,721 |

എൻക്വയറി നമ്പർ 9(16)/28.10.2024.

**1-1-16 ടി.എസ്.ബി സംയുക്ത പദ്ധതി അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല.**

ധനകാര്യപത്രിക ബി 17 ഷെഡ്യൂൾ പ്രകാരം ടി.എസ്.ബി സംയുക്ത പദ്ധതി അക്കൗണ്ടിൽ (നമ്പർ 799011400001175) 17,82,400/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റിൽ 17,82,400/-രൂപ റിഡംഷൻ പിടിച്ചിട്ടുള്ളതിനാൽ ബാലൻസ് O/- ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഐ.എൽ.ജി.എം.എസ് പരിശോധിച്ചതിൽ ഈ അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

എൻക്വയറി നമ്പർ 9(17)/28.10.2024.

**1-1-17 റിഡംഷൻ - പിൻവലിച്ച തുക പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല.**

ധനകാര്യപത്രികയിൽ ചുവടെ പറയും പ്രകാരമാണ് റിഡംഷൻ രേഖപ്പെടുത്തിയിട്ടുള്ളത്.

| മുന്നിരിപ്പ് (1) B 15 (22-23) | തൻവർഷം ലഭിച്ചത് (2) RP 45 (R) (23-24) | തൻവർഷം പിൻവലിച്ചത് (3) RP 45 (P) (23-24) | ബാക്കി (1-2+3) B 15 (2 3-24) |
|---|---|---|---|
| 25,91,767 | 24,31,367 | 2,61,297 | 4,21,697 |

ചുവടെ പറയും പ്രകാരം 20,43,697/- രൂപ തൻവർഷം പിൻവലിച്ചിട്ടുണ്ടെങ്കിലും 261,297/- രൂപ മാത്രമാണ് ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | ബാങ്ക് | പിൻവലിച്ച തുക | ട്രാൻസാക്ഷൻ ഐ.ഡി |
|---|---|---|---|
| 1 | TSB JV 799011400001175 | 17,82,400 | 10756, 30/03/2024 |
| 2 | SUB TREASURY - 799013000000271 | 2,61,297 | 16620, 30/03/2024 |
| ആകെ തുക | | 20,43,697/- | |

എൻക്വയറി നമ്പർ 9(18)/28.10.2024.

**1-1-18 ഗ്രാമലക്ഷമി മുദ്രാലയത്തിനു നൽകിയ തുക ക്രമീകരിച്ചിട്ടില്ല**

460500601 - ഗ്രാമലക്ഷ്മി മുദ്രാലയത്തിനു നൽകിയ അഡ്വാൻസ് എന്ന ഹെഡ്ഡിൽ 21-03-2024 ൽ ജേർണൽ നമ്പർ 42300958 പ്രകാരം രസീത് ബുക്കിനായി 2,600/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. 23/03/2024 ൽ 20 മാനവൽ രസീത് ബുക്ക് ലഭ്യമാകുകയും (36196 - 36215) സ്റ്റോക്കിൽ എടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വാൻസായി രേഖപ്പെടുത്തിയിട്ടുള്ള തുക നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. തുക ക്രമീകരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

(എൻക്വയറി നമ്പർ 9(19)/28.10.2024 ന് അഡ്വാൻസ് ഹെഡ്ഡിൽ നിന്നും തുക ക്രമീകരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്)

**1-1-19 ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല**

ബി-18 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുകകൾ ഡെപ്പോസിറ്റ് ഇനത്തിൽ വർഷങ്ങളായി ക്രമീകരിക്കാതെ നിലനിൽക്കുന്നു.

| ക്രമ നമ്പർ | കോഡ്, ഇനം | നിലനിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|
| 1 | 460500201-Advance To Implementing Agencies - Deposit With Kerala Water Authority | 20,31,000 | 2017-18 സാമ്പത്തിക വർഷം മുതൽ ഈ തുക നിലനിൽക്കുന്നു |

| | | | |
|---|---|---|---|
| 2 | 460500202-Advance To Implementing Agencies - Deposit With Kerala Electricity Board | 27,71,167 | 2017-18 മുതൽ 5,72,260/- രൂപയും 2022-23 മുതൽ 27,71,167/-രൂപയും ( 5,72,260 + 21,98,907) നിലനിൽക്കുന്നു. |

മേൽ പ്രകാരം തുകകൾ ക്രമീകരിക്കാതെ നിലനിൽക്കുന്നതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

എൻക്വയറി നമ്പർ 9(20)/28.10.2024.

## 1-1-20 ഗുണഭോക്തൃ വിഹിതമിനത്തിൽ തുക ചെലവഴിക്കാതെ നിലനിൽക്കുന്നു

2023-24 സാമ്പത്തിക വർഷം ഗുണഭോക്തൃ വിഹിതമിനത്തിൽ ചുവടെ പറയും പ്രകാരം നീക്കിയിരിപ്പുണ്ട്.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് | 2,52,840 | | |
| റിംഗ് കമ്പോസ്റ്റ് - വി.ഇ.ഒ | 47,808 | 295-പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടിയും നടീൽവസ്തുക്കളും വിതരണം (വനിത) (SO) | 1,87,515 |
| പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടിയും നടീൽവസ്തുക്കളും വിതരണം (വനിത)- കൃഷി ഓഫീസർ | 1,82,700 | 163- പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടിയും നടീൽവസ്തുക്കളും വിതരണം (വനിത) | 1,82,700 |
| ബയോബിൻ- വി.ഇ.ഒ | 20,520 | | |
| റിംഗ് കമ്പോസ്റ്റ് - വി.ഇ.ഒ | 49,000 | | |
| വിള ആരോഗ്യ പരിപാലന കേന്ദ്രം- പ്രവർത്തനം മെച്ചപ്പെടുത്തൽ കീടരോഗനിയന്ത്രണോപാധികൾ വിതരണം- കൃഷി ഓഫീസർ | 10,675 | നീക്കിയിരിപ്പ് | 1,93,328 |
| ആകെ | 5,63,543 | ആകെ | 5,63,543 |

ഗുണഭോക്തൃവിഹിതമിനത്തിൽ മേൽ പ്രകാരമുള്ള വരവ് ചെലവിൽ മുൻവർഷത്തെ നീക്കിയിരിപ്പായ 2,52,840/- രൂപയിൽ നിന്നും തൻവർഷം 1,87,515/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി 65,325/- രൂപയുടെ വിശദാംശം, ചെലവഴിക്കാത്തതിനുള്ള കാരണം എന്നിവ വിശദമാക്കേണ്ടതാണ്.

എൻക്വയറി നമ്പർ 9(21)/28.10.2024.

## 1-1-21 സ്ഥിരനിക്ഷേപ തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

സ്ഥിരനിക്ഷപമിനത്തിലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് | നിക്ഷേപിച്ച തിയതി (Renewal) | കാലയളവ് | തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | ഓഫീസ്) | | | | |
| 1 | ഉദുമ വനിതാ സർവീസ് സഹകരണ സൊസൈറ്റി | 11.10.2023 | ഒരു വർഷം | 5,24,205 | 6754 |
| 2 | ഉദുമ വനിതാ സർവീസ് സഹകരണ സൊസൈറ്റി | 5.10.2023 | ഒരു വർഷം | 5,30,100 | 4264 |
| 3 | കേരള സംസ്ഥാന സഹകരണ ബാങ്ക് | 1.11.2023 | ഒരു വർഷം | 4,75,498 | 181018801200024 |
| 4 | കേരള സംസ്ഥാന സഹകരണ ബാങ്ക് | 5.10.2023 | ഒരു വർഷം | 4,89,828 | 182118801000185 |
| ആകെ | | | | 20,19,631 | |

ബാങ്കിൽ നിന്നുള്ള സ്ഥിരനിക്ഷേപ പത്രിക പ്രകാരം 20,19,631/- രൂപയാണ് സ്ഥിരനിക്ഷേപ തുകയായി വരേണ്ടിയിരുന്നത്. എന്നാൽ ധനകാര്യപത്രിക ബി 12 ഷെഡ്യൂളിൽ 19,94,790/- രൂപയാണ് സ്ഥിരനിക്ഷേപ തുകയായി രേഖപ്പെടുത്തിയിട്ടുള്ളത്. 24,841/- രൂപയുടെ വ്യത്യാസം തൻവർഷത്തേയും മുൻവർഷത്തേയും പലിശ രേഖപ്പെടുത്തിയതിലുള്ള കുറവാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ലഭ്യമായ പലിശ | | ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള പലിശ | വ്യത്യാസം |
|---|---|---|---|---|
| | അക്കൗണ്ട് നമ്പർ | പലിശ | | |
| 2022-23 | 181018801200024 | 26,201 | 1,13,529 | 20,95 |
| | 182118801000185 | 27,119 | | |
| | 6754 | 30,978 | | |
| | 4264 | 31,326 | | |
| | **ആകെ പലിശ** | **1,15,624** | | |
| 2023-24 | 181018801200024 | 30,067 | 1,05,107 | 22,746 |
| | 182118801000185 | 28,813 | | |
| | 6754 | 34,294 | | |
| | 4264 | 34,679 | | |
| | **ആകെ പലിശ** | **1,27,853** | | |
| ആകെ തുക | | 2,43,477 | 2,18,636 | 24,841 |

മേൽ പ്രകാരം വ്യത്യാസമുള്ള 24,841/- രൂപ ക്രമീകരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്. കൂടാതെ സാമ്പത്തിക വർഷാവസാനം സ്ഥിരനിക്ഷേപ പലിശ തുക ഒരുമിച്ച് ജേർണൽ ചെയ്യുന്നതിനു പകരം ഓരോ സ്ഥിരനിക്ഷേപവും പുതുക്കുന്ന തീയതി തന്നെ ജേർണൽ ചെയ്ത് പലിശ രേഖപ്പെടുത്തേണ്ടതാണ്. സ്ഥാപനം സൂക്ഷിച്ചിട്ടുള്ള സ്ഥിരനിക്ഷേപ രജിസ്റ്ററിൽ എല്ലാ നിക്ഷേപത്തിന്റെയും വിവരം ഒരുമിച്ചാണ് രേഖപ്പെടുത്തുന്നത്. ഇതിനു പകരം ഓരോ നിക്ഷേപവും പ്രത്യേകം പേജിൽ രേഖപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

### 1-1-22 നിർവ്വഹണഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

A) 2023-24 സാമ്പത്തിക വർഷം ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ 460500501 -നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് എന്ന ഹെഡ്ഡിൽ ചുവടെ പറയുന്ന തുകകൾ ജേർണൽ ചെയ്ത് ക്രമീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജേർണൽ നമ്പർ, തീയതി | കോഡ് | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 42301312, 31-03-2024 | 220110102 | 2,53,761 |
| 2 | | 220110104 | 41,323 |
| 3 | | 220120102 | 40,330 |
| 4 | | 220120104 | 6,479 |
| 5 | | 220120105 | 44,014 |
| 6 | | 220210101 | 1,416 |
| 7 | | 220210102 | 58,648 |
| 8 | | 230500903 | 30,298 |
| 9 | | 230500904 | 13,380 |
| ആകെ തുക | | | 4,89,649 |

മേൽ പ്രകാരം ക്രമീകരിച്ച തുകയുടെ വിശദാംശം (ഏതു വർഷം നൽകിയത്, ആർക്കു നൽകിയത് , വിനിയോഗ സാക്ഷ്യപത്രം) ലഭ്യമാക്കേണ്ടതാണ്.

(എൻക്വയറി നമ്പർ 9(23)/28.10.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

B) 2023-24 സാമ്പത്തിക വർഷം നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് തുകയിൽ ക്രമീകരിക്കുവാൻ ബാക്കിയുള്ള 2,68,667/- രൂപയുടെ വിശദാംശം (ഏതു വർഷം നൽകിയത്, ആർക്കു നൽകിയത് ) ലഭ്യമാക്കേണ്ടതാണ്.

(എൻക്വയറി നമ്പർ 9(24)/28.10.2024 ന് നിർവ്വഹണഉദ്യോഗസ്ഥരിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയശേഷം വിശദാംശം ലഭ്യമാക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്)

**1-1-23 ഒരേ ഇനം വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.**

ബി 7 ഷെഡ്യൂളിൽ മറ്റ് ഡെപ്പോസിറ്റ് എന്ന ഇനം ചുവടെ പറയും പ്രകാരം വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കോഡ്, ഇനം | തുക |
|---|---|---|
| 1 | 340109901 - Other Deposits | 1,65,140 |
| 2 | 340200199 - Other Deposits | 2,000 |
| ആകെ തുക | | 1,67,140 |

മേൽ പ്രകാരം ഒരേ ഇനം വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

എൻക്വയറി നമ്പർ 9(25)/28.10.2024.

**1-1-24 കെ.യു.ആർ.ഡി.എഫ്.സി ലോൺ വരവിനത്തിൽ ബാങ്ക് പലിശ തുകയും ഉൾപ്പെടുത്തിയിരിക്കുന്നു.**

2023-24 സാമ്പത്തിക വർഷത്തെ കെ.യു.ആർ.ഡി.എഫ്.സി ലോൺ വരവിനത്തിൽ ചുവടെ പറയും പ്രകാരം ബാങ്ക് പലിശ തുകയും ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 1230000409<br>(22-23 ലെ പലിശ 3054 + 3252 + 5551) | 25-08-2023 | 11,857 |
| 2 | 1230000413<br>(25.06.2023 ലെ പലിശ) | 25-08-2023 | 6,478 |
| 3 | 1230001356<br>[15008 (25.9.2023)+6277(25.12.2023) +20785(25.3.2024) ] | 31-03-2024 | 42,070 |

| | |
|---|---|
| ആകെ തുക | 60,405 |

പലിശ ഇനത്തിലെ വരവ് ലോണിനത്തിലെ ബാധ്യതയായി രേഖപ്പെടുത്തുന്നകിനു പകരം പ്രത്യേക പ്രൊവിഷനിൽ രേഖപ്പെടുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 14(1)/1.11.2014 ന് 60,405/- രൂപ ക്രമീകരിച്ച് ലോൺ രജിസ്റ്റർ കാലികമാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**1-1-25 കെട്ടിടങ്ങളുടെ വാടക ഇനത്തിലെ വരവിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല**

2023-24 സാമ്പത്തിക വർഷം കെട്ടിടങ്ങളുടെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന പ്രകാരമാണ് വരവുള്ളത്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | മാസവാടക | തൻവർഷ ലഭിച്ച തുക |
|---|---|---|---|
| 1 | 2/349 | 1,475 | 17,700 ( 1,475 X 12) |
| 2 | 2/350 | 1,275 | 15,300 ( 1,275 X 12) |
| 3 | 2/351 | 1,150 | 13,800 ( 1,150 X 12) |
| 4 | 2/352 | 1,150 | 13,800 ( 1,150 X 12) |
| 5 | 2/358 | 1,150 | 13,800 ( 1,150 X 12) |
| 6 | 2/353 | 899 | 10,788 (899 X 12) |
| 7 | 2/360 | 899 | 10,788 (899 X 12) |
| 8 | 2/354 | 899 | 10,788 (899 X 12) |
| 9 | 2/355 | 899 | 10,788 (899 X 12) |
| 10 | 2/356 | 899 | 10,788 (899 X 12) |
| 11 | 2/359 | 899 | 10,788 (899 X 12) |
| 12 | 2/361 | 856 | 10,272 ( 856 X 12) |
| 13 | 2/362 | 899 | 10,788 (899 X 12) |
| 14 | 2/363 | 899 | 10,788 (899 X 12) |
| ആകെ തുക | | | 1,70,976/- |

മേൽ പ്രകാരം 1,70,976/- രൂപയാണ് വരവ്. എന്നാൽ ധനകാര്യപത്രികയിലെ ആർ.പി 45 പ്രകാരം 1,76,107/- രൂപയാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. 5,131/- രൂപയുടെ വ്യത്യാസത്തിനുള്ള കാരണം വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ പ്രകാരമുള്ള വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 14(2)/1.11.2024.

**1-1-26 ലേലമിനത്തിലെ വരവ് ബാധ്യതയിൽ രേഖപ്പെടുത്തിയിരിക്കുന്നു**.

1) 2023-24 ഉദുമ മത്സ്യ മാർക്കറ്റ് നടത്തിപ്പ് അവകാശം, പാലക്കുന്ന് മത്സ്യമാർക്കറ്റ് എന്നീ ലേലമിനത്തിൽ ലഭിക്കുവാൻ ബാക്കിയുള്ള തുക ധനകാര്യപത്രികയിൽ ബി 15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) ഉദുമ മത്സ്യ മാർക്കറ്റ് ലേലമിനത്തിലെ വരവിൽ 5,970/- രൂപ (5,330 + 640) ലേല ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യതയായി നിൽക്കുന്നു. ആയത് വരവിലേക്ക് ക്രമീകരിച്ചിട്ടില്ല

3) പാലക്കുന്ന് മത്സ്യമാർക്കറ്റ് ലേലമിനത്തിലെ വരവിൽ 13,120/- രൂപ ലേല ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യതയായി നിൽക്കുന്നു. ആയത് വരവിലേക്ക് ക്രമീകരിച്ചിട്ടില്ല

മേൽ പരാമർശങ്ങൾക്കുള്ള വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നമ്പർ 23/2.11.2024.

**1-1-27 തൊഴിൽ നികുതി വരവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല - രജിസ്റ്റർ പൂർണ്ണമല്ല**

1) തൊഴിൽ നികുതി പത്രിക പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി

കാണിച്ചിട്ടുള്ള ചുവടെ പറയുന്ന തുകകൾ ഒടുക്കിയതിന്റെ വിശദാംശം (രസീത് നമ്പർ, തീയതി, ഒടുക്കിയ ഹെഡ്ഡ്) ലഭ്യമാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം | പത്രിക പ്രകാരം ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുള്ള തുക |
|---|---|---|---|
| 1 | കുടുംബാരോഗ്യ കേന്ദ്രം, ഉദുമ | I | 35,000/-<br>(2,500 + 15,000 + 2,500 + 8,750 + 5,000 + 1,250) |
| 2 | കെ.എസ്.ഇ.ബി, എൽ.എം എസ്ഡി മൈലാട്ടി | I | 5,000/-<br>(3,750 + 1,250) |
| 3 | കെ.എസ്.ഇ.ബി, 220 KV SS മൈലാട്ടി | I | 12,500/-<br>(11,250 + 1,250) |
| 4 | റെയിൽവേ | I | 26,000/-<br>(17,250+3,750 +5,000) |
| 5 | ജി.ഡബ്ല്യൂ.എൽ.പി.എസ്-ബാര | II | 8,250/- |
| 6 | ജി.എച്ച്.എസ് - ബാര | II | 70,550/-<br>(1,250+17,800+32,500+19,000) |
| 7 | ജി.എഫ്.എച്ച്.എസ്.എസ് - ബേക്കൽ | II | 26,000/-<br>(8,500+17,500) |
| 8 | ജി.എച്ച്.ഡി - ഉദുമ | II | 4,350/- |
| 9 | ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് - കാഞ്ഞങ്ങാട് - ഉദുമ പഞ്ചായത്ത് | II | 2,500/- |

2) തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ ആധികാരികത പരിശോധിക്കുവാൻ കഴിയുന്നില്ല. തൊഴിൽ നികുതി ഇനത്തിൽ 2023-24 സാമ്പത്തിക വർഷം ലഭിച്ച തുക എത്രയെന്നത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പരാമർശം 1 പ്രകാരമുള്ള 9 സ്ഥാപനങ്ങളുടെ തുക 2023-24 ൽ പെൻഡിംഗ് ടാസ്ക് മുഖേനയാണ് രസീത് ചെയ്തിട്ടുള്ളതെന്നും ഈ രസീത് വിവരങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുമെന്നും തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പരാമർശപ്രകാരമുള്ള തുകകൾ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതും രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 12/30.10.2024.

**1-1-28 ഡെപ്പോസിറ്റ് ഇനത്തിൽ ലഭ്യമായ തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല - രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ഡെപ്പോസിറ്റായി ലഭ്യമായിട്ടുള്ള തുകകളുടെ വിശദാംശം രജിസ്റ്ററിൽ കൃത്യമായും രേഖപ്പെടുത്താത്തതിനാൽ ധനകാര്യപത്രികയിലെ ബി 7 ഷെഡ്യൂളിൽ ഉൾപ്പെട്ട ചുവടെ പറയുന്ന തുകകളുടെ അധികാരികത പൂർണ്ണമായും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല

| ക്രമ നമ്പർ | കോഡ്, ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|

| | | |
|---|---|---|
| 1 | 340100101 , Contractors' Earnest Money Deposit | 18,675 |
| 2 | 340100102, Suppliers' Earnest Money Deposit | 45,704 |
| 3 | 340100103, Bidders' Earnest Money Deposit | 19,960 |
| 4 | 340100201, Contractors' Security Deposit | 6,200 |
| 5 | 340100202, Suppliers' Security Deposit | 39,500 |
| 6 | 340100301, Contractors' Retention | 1,85,115 |
| 7 | 340100302, Suppliers' Retention | 10,524 |
| 8 | 340100303, Election Deposit | 52,500 |
| 9 | 340109901, Other Deposits | 1,65,140 |
| 10 | 340200101, Rent Deposit | 42,168 |
| 11 | 340200102, Auction Deposit | 1,19,317 |
| 12 | 340200105, Library Deposit | 115 |
| 13 | 340200106, Deposit Received For Halls And Auditoriums | 350 |
| 14 | 340200199, Other Deposits | 2,000 |
| ആകെ തുക | | 7,07,268/- |

നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള മേൽ  തുകകളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | നം. 1<br>തിയതി 22/03/2023 | നം. 2<br>തിയതി 5/02/2024 |
| മുന്നിരിപ്പ് | 3,41,27,266 | 5,42,65,823 |
| വരവ് | 28,69,52,300 | 35,32,50,420 |
| ആകെ | 32,10,79,566 | 40,75,16,243 |
| ചെലവ് | 31,03,35,000 | 38,58,94,377 |
| നീക്കിയിരിപ്പ് | 1,07,44,566 | 2,16,21,866 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2023-24 |
|---|---|
| മുന്നിരിപ്പ് | 7,15,79,673 |
| വരവ് | 9,94,02,763 |
| ആകെ | 17,09,82,436 |
| ചെലവ് | 8,12,78,723 |
| നീക്കിയിരിപ്പ് | 8,97,03,713 |

(കുറിപ്പ് : വികസനഫണ്ട്(ജനറൽ, എസ്.സി.പി, ടി.എസ്.പി), സംരക്ഷണഗ്രാന്റ് (റോഡ്, നോൺ റോഡ്), ധനകാര്യക്കമ്മീഷൻ  ഗ്രാന്റ് (ട്രഷറി), സംയുക്ത പദ്ധതി ഫണ്ട്, തൊഴിലുറപ്പ് പദ്ധതി വേതനം, ക്ഷേമ പെൻഷൻ  തുടങ്ങിയ ഇനങ്ങളുടെ വരവ് ചെലവ് വിവരങ്ങൾ  രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ  ഉൾപ്പെട്ടിട്ടില്ല).

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | തുക |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,47,10,000 | 3,47,10,000 | 2,79,80,052 | 67,29,948 |
| വികസനഫണ്ട് എസ്.സി.പി. | 0 | 40,60,000 | 40,60,000 | 33,19,991 | 7,40,009 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3,19,000 | 3,19,000 | 3,19,000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,40,98,650 | 1,40,98,650 | 72,08,029 | 68,90,621 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 90,69,400 | 90,69,400 | 64,07,315 | 26,62,085 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ബേസിക്)- Bank | 1,28,49,057 | 60,89,866 (3,42,866 രൂപ പലിശ സഹിതം) | 2,32,49,423 | 1,24,90,830 | 1,07,58,593 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied )- Bank | | 43,10,500 | | | |
| **ബിഫണ്ട്** | | | | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 | 0 | 0 | 0 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | |
| തൊഴിലുറപ്പ് പദ്ധതി | 5285 | 13,50,005 | 13,55,290 | 13,55,290 | 0 |
| ഐ.സി.ഡി.എസ് പദ്ധതി കേന്ദ്ര വിഹിതം | 29,23,377 | 26,94,302 | 56,17,679 | 8,77,276 | 47,40,403 |
| ടോട്ടൽ സാനിറ്റേഷൻ (320100181) | 2,49,325 | 0 | 2,49,325 | 0 | 2,49,325 |
| ടോട്ടൽ സാനിറ്റേഷൻ (320300103) | 28,73,173 | 0 | 28,73,173 | 0 | 28,73,173 |
| 320100202 ഹെൽത്ത് ഗ്രാന്റ് | 62,782 | 11,65,296 | 12,28,078 | * 9,22,324 | 3,05,754 |
| 320100204 ഹെൽത്ത് ഗ്രാന്റ് | 1,65,852 | 4,78,110 | 6,43,962 | ** 2,73,973 | 3,69,989 |
| എസ്.എസ്.എ (320100162) | 10,545 | 0 | 10,545 | 0 | 10,545 |
| എൻ.എച്ച്.എം (320100139) | 9,00,000 | 0 | 9,00,000 | 1,64,383 | 7,35,617 |
| എൻ.പി.ആർ.പി.ഡി (320100145) | 1,80,000 | 0 | 1,80,000 | 0 | 1,80,000 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ (320100198) | 8,31,361 | 7,44,000 | 15,75,361 | 13,15,150 | 2,60,211 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം (320400199) | 12,70,000 | 1,19,40,000 | 1,32,10,000 | 1,12,60,000 | 19,50,000 |
| സാക്ഷരത (320100197) | 50,951 | 0 | 50,951 | 0 | 50,951 |
| വിമുക്തി (320100190) | 48,400 | 0 | 48,400 | 0 | 48,400 |
| മറ്റ് ഗ്രാന്റുകൾ 320300199 | 6,54,428 | 0 | 6,54,428 | 0 | 6,54,428 |
| **മറ്റുള്ളവ** | | | | | |
| സംയുക്ത പദ്ധതി ജില്ലാ പഞ്ചായത്ത് | 11,00,000 | 59,40,573 | 70,40,573 | 59,40,573 | 11,00,000 |
| സംയുക്ത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് | 8,53,888 | 37,57,783 | 46,11,671 | 37,57,783 | 8,53,888 |

* ഹെൽത്ത് ഗ്രാന്റ് തൻവർഷ ചെലവ് തുകയായ 9,22,324/- ജേർണൽ ചെയ്ത് ബാധ്യതയിൽ നിന്നും കുറവു ചെയ്തിട്ടില്ല. ആയതിനാൽ ബി 4 ഷെഡ്യൂളിലെ നീക്കിയിരിപ്പിൽ ഈ തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്.

** ഹെൽത്ത് ഗ്രാന്റ് തൻവർഷ ചെലവ് തുകയായ 2,73,973/- ജേർണൽ ചെയ്ത് ബാധ്യതയിൽ നിന്നും കുറവു ചെയ്തിട്ടില്ല. ആയതിനാൽ ബി 4 ഷെഡ്യൂളിലെ നീക്കിയിരിപ്പിൽ ഈ തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്.

1) വികസനഫണ്ട് (ജനറൽ) സ്രോതസ്സിൽ നിന്നും കുറവു ചെയ്ത 39,36,849/- രൂപ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടുണ്ട്.

2) വികസനഫണ്ട് (എസ്.സി.പി) സ്രോതസ്സിൽ നിന്നും കുറവു ചെയ്ത 2,82,579/- രൂപ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടുണ്ട്.

3) വികസനഫണ്ട് (ടി.എസ്.പി) സ്രോതസ്സിൽ നിന്നും കുറവു ചെയ്ത 28,617/- രൂപ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 353 | 23,99,47,356 | 192 | 11,36,88,737 | - | 161 | 54.39 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2023-24 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2023-24 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |

| | | | | | | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 61 | 2,83,46,681 | 35 | 1,32,33,381 | 46.68 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 17 | 56,28,544 | 9 | 27,27,874 | 48.47 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 174 | 8,73,80,835 | 75 | 2,64,12,078 | 30.23 |
| 4 | കൃഷി ഓഫീസർ | 13 | 73,96,458 | 9 | 57,62,855 | 77.91 |
| 5 | വെറ്റിനറി സർജ്ജൻ | 9 | 56,75,935 | 9 | 56,75,154 | 99.99 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 7,63,99,568 | 18 | 4,26,36,423 | 55.81 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 1,19,97,894 | 9 | 67,09,434 | 55.92 |
| 8 | പ്രധാനധ്യാപകൻ | 18 | 50,54,820 | 7 | 20,87,495 | 41.30 |
| 9 | മെഡിക്കൽ ഓഫീസർ ആയൂർവ്വേദം | 5 | 26,61,241 | 4 | 16,52,462 | 62.09 |
| 10 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 15 | 72,35,380 | 14 | 53,99,625 | 74.63 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 5,50,000 | 2 | 4,64,383 | 84.43 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 11,00,000 | 1 | 9,27,573 | 84.32 |
| 13 | ഫിഷറീസ് ഓഫീസർ | 2 | 5,20,000 | 0 | 0 | 0 |
| | ആകെ | 353 | 23,99,47,356 | 192 | 11,36,88,737 | 47.38 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 5,285 | 13,50,005 | 13,55,290 | 13,55,290 | 0 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 3,96,44,709 | 3,96,44,709 | 3,96,44,709 | 0 |
| ആകെ | 5,285 | 4,09,94,714 | 4,09,99,999 | 4,09,99,999 | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2023-24 വർഷം 2032 പദ്ധതികളുൾപ്പെടുന്ന 26,93,84,000/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻവർഷം 375 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 93,963 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറു തൊഴിൽ ദിനം ലഭിച്ച 665 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമ പഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 29,20,600 | 252 |
| വിധവാ പെൻഷൻ | 2,23,93,900 | 2036 |
| വാർദ്ധക്യകാല പെൻഷൻ | 2,45,91,200 | 2333 |
| വികലാംഗ പെൻഷൻ | 60,12,700 | 570 |
| അവിവാഹിതകളായ 50 | 14,96,400 | 136 |

| | | |
|---|---|---|
| വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 3,00,000 | 10 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2024 തീയ്യതിയിൽ 12.22 P.M. ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1,283/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ജീവനക്കാരുടെ ഇടയിലെ ജോലി വിഭജനം പുതുക്കി 04.07.2023 ന് സെക്രട്ടറി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് സന്ദർഭങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് ഉപ ഉത്തരവുകളിലൂടെ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കാലികമായി വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സമഗ്രമേഖലകളും ഉൾപ്പെടുത്തി വിശദമായ പുതുക്കിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പൂർണമായും ഐ.എൽ.ജി.എം.എസ് സംവിധാനത്തിലാണ് ഫയൽ നീക്കങ്ങൾ നടക്കുന്നത്. ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. 02.11.2024 ലെ സ്ഥിതിയനുസരിച്ച് ലഭിച്ച 26334 അപേക്ഷകളിൽ 24354 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. 65 ഫയലുകൾ പെന്റിംഗ് ആയും 595 ഫയലുകൾ കാലതാമസം വന്നവ എന്ന കണക്കിലും ഉണ്ട്. പോരായ്മയുള്ള അപേക്ഷകൾ 306എണ്ണം ഉണ്ട്. ഫയലുകളിൽ കാലതാമസം വരുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്. തുടർ നടപടികൾ എടുക്കാൻ ബാക്കിയുള്ള ഫയലുകളിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്,

3) അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

4)വിവിധ കമ്മിറ്റികൾ

പഞ്ചായത്ത് കമ്മിറ്റിയുടെ മീറ്റിംഗുകളുടെ മിനുട്സ് പൂർണമായും സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കി വരുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്ട്സ് 2024 ജനുവരി മുതലും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്ട്സ് 2024 ഫെബ്രുവരി മുതലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മിനുട്സ് 2024 മാർച്ച് മുതലും സകർമ സോഫ്റ്റ് വെയറിൽ തയ്യാറാക്കിത്തുടങ്ങിയിട്ടുണ്ട്. സകർമയിലെ 02.11.2024 ലെ സ്ഥിതിയനുസരിച്ച് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ 4 യോഗങ്ങളുടെ മിനുട്ട്സ് അപൂർണമായും 8 യോഗങ്ങളുടെ മിനുട്ട്സ് എൻട്രി ആരംഭിക്കാത്തതുമായി നിലനിൽക്കുന്നു. യോഗങ്ങളുടെ മിനുട്ട്സ് യഥാസമയം സകർമയിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. യോഗ നടപടികളുടെ മിനുട്ട്സ് എത്രയും വേഗം രേഖപ്പെടുത്തി

അംഗീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വന്നിട്ടുള്ള കാലതാമസവും ഒഴിവാക്കേണ്ടതാണ്.

എ)പഞ്ചായത്ത് കമ്മിറ്റി

പഞ്ചായത്ത് കമ്മിറ്റി 2023-24 ൽ 30 യോഗങ്ങൾ ചേർന്നിട്ടുണ്ട്. 22 സാധാരണ യോഗങ്ങളും 8 അടിയന്തിര/പ്രത്യേക യോഗങ്ങളുമാണ് ചേർന്നത്. യോഗങ്ങളുടെ മിനുട്സ് സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. യോഗങ്ങളുടെ മിനുട്ട്സ് പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി അയക്കുന്നതിൽ ചിലപ്പോഴൊക്കെ വലിയ കാലതാമസം വരുത്തിയിട്ടുള്ളതായി കാണുകയുണ്ടായി. ഉദാഹരണത്തിന് 11.01.2024 ന് ചേർന്ന യോഗത്തിന്റെ മിനുട്ട്സ് പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി സെക്രട്ടറി അയച്ചതും പ്രസിഡണ്ട് അംഗീകരിച്ചതും 26.02.2024 തിയതിയിലാണ്. ഇത്തരത്തിൽ മിക്ക യോഗങ്ങളുടെ മിനുട്ട്സും അദ്ധ്യക്ഷൻ അംഗീകരിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്. യോഗങ്ങളുടെ അടുത്ത ദിവസം തന്നെ മിനുട്ട്സ് പൂർത്തിയാക്കി അദ്ധ്യക്ഷന്റെ അംഗീകാരം നേടേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച അവലോകനങ്ങൾ തുടർ യോഗങ്ങളിൽ നടത്തിയതായി മിനുട്ട്സിൽ കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

ബി) ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി-

ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി 2023-24 ൽ 23 തവണ യോഗം ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ വരവു ചെലവു കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. നികുതി പുതുക്കൽ, നികുതി പിരിവ്, വരുമാനം സംബന്ധിച്ച മറ്റു വിഷയങ്ങൾ എന്നിവ സംബന്ധിച്ച ചർച്ചകൾ നടത്തി ശുപാർശകൾ ഭരണ സമിതിക്ക് നൽകിയിട്ടുണ്ട്. ചെലവുകൾ സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. എന്നാൽ തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ നികുതി നിർദ്ദേശങ്ങളോ പുതിയ നികുതി മേഖലകളോ യോഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല.

സി) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2023-24ൽ 19 തവണയാണ് യോഗം ചേർന്നത്. പുതിയ പ്രോജക്ട് നിർദേശങ്ങളും പ്രോജക്ട് ഭേദഗതി ചർച്ചകളും യോഗങ്ങളിൽ നടന്നിട്ടുണ്ട്. യോഗങ്ങളുടെ മിനുട്സ് കൃത്യമായി എഴുതിയിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവഹണം കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തി ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

ഡി) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 19 തവണയാണ് യോഗം ചേർന്നത്. പെൻഷൻ അപേക്ഷകൾ ലഭിച്ചത്, അവയിന്മേലുള്ള തീരുമാനം, നിരസിച്ച പെൻഷൻ അപേക്ഷകൾ, നിരസിക്കാനുള്ള കാരണങ്ങൾ, അംഗീകരിച്ച പെൻഷൻ അപേക്ഷകൾ എന്നിങ്ങനെ മിനുട്ട്സ് വ്യക്തമായി എഴുതിയിട്ടുണ്ട്. 07.08.2023 നു ചേർന്ന യോഗത്തിന്റെ മിനുട്ട്സ് അപൂർണമാണ്.

ഇ) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 2023-24ൽ 13 തവണയാണ് യോഗം ചേർന്നത്. യോഗങ്ങളുടെ മിനുട്സ് 2023 ഡിസംബർ വരെ മിനുട്സ് പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. ഇതിൽ 27.04.2023, -.05.2023 (തിയതി രേഖപ്പെടുത്തിയിട്ടില്ല), 07.06.2023 എന്നീ യോഗങ്ങളുടെ മിനുട്സ് എഴുതിയിട്ടില്ല. 2023 ഒക്ടോബർ മാസം മുതൽ രേഖപ്പെടുത്തിയ യോഗ മിനുട്സ് ചെയർപേഴ്സൺ ഒപ്പു രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല. സകർമയിൽ 26.03.2024 ന് ചേർന്ന യോഗത്തിന്റെ മിനുട്സ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. 2024 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ യോഗങ്ങൾ ചേർന്നിട്ടുണ്ടോ എന്ന് വ്യക്തമല്ല. യോഗങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ പ്രശ്നങ്ങൾ, പകർച്ച വ്യാധികൾ, പ്ലാസ്റ്റിക് നിരോധനം,

തെരുവ് നായ ശല്യം, മാലിന്യ പ്രശ്നങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ഹരിത കർമ സേനയുടെ പ്രവർത്തനം തുടങ്ങി ആരോഗ്യത്തെയും വിദ്യാഭ്യാസത്തെയും കുറിച്ചുള്ള പലവിധ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

5) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 2023 ഏപ്രിൽ, മെയ്, ജൂലൈ, നവംബർ, 2024 മാർച്ച് എന്നീ മാസങ്ങളിൽ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടില്ല. പല മിനുട്സും പൂർണമായി രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.

6) പ്രൊക്യൂർമെന്റ് കമ്മിറ്റി-

പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 9 യോഗങ്ങൾ ചേർന്നിരുന്നു. മിനുട്സ് പരിശോധിച്ചതിൽ, പ്രോക്വയർമെന്റ് കമ്മിറ്റി പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായുള്ള എല്ലാ വാങ്ങലുകളിലും ഇടപെട്ടിരുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്. വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായുള്ള വാങ്ങലുകളിലും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള വാങ്ങലുകളിലും കമ്മിറ്റി ഇടപെട്ടിട്ടുണ്ട്. എന്നാൽ യോഗങ്ങളുടെ മിനുട്സ് ക്ലോസ് ചെയ്ത് അധികാരപ്പെടുത്തുന്നതിൽ നിരന്തരം വീഴ്ച വരുത്തിയിട്ടുണ്ട്.

7) നികുതി പിരിവിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ച വെക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന ചെലവ് വർദ്ധിക്കുന്നതനുസരിച്ച് പ്രധാന നികുതി വരുമാന ഇനങ്ങളിൽ തദനുസൃതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി നിർണ്ണയിക്കാൻ/പുനർനിർണ്ണയിക്കാൻ നടപടികൾ സ്വീകരിച്ചാൽ തനത് നികുതി വരുമാന വർദ്ധനവിന് സഹായകരമായിരിക്കും .

8) കെട്ടിടനിർമ്മാണം, മാലിന്യസംസ്ക്കരണം, എഫ്.ടി.ഇ & ഒ.എസ്. ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവ്വഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

9) 1997-98 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

10) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

11) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും വിവരങ്ങൾ ക്യാരി ഓവർ ചെയ്ത് കാലികമാക്കേണ്ടതുമാണ്. തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുത ചാർജ്ജ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, പോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ പരിഷ്കരിക്കുവാനും, കാലാനുസൃതമായ മാറ്റങ്ങൾ ചേർത്ത് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. അതു പോലെ പൊതു ടാപ്പുകളുടെ കണക്കും സംയുക്ത പരിശോധന നടത്തി ക്രമീകരിക്കേണ്ടതാണ്.

12) സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും

ഫലപ്രാപ്തി ഉറപ്പാക്കുവാനും, ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

**1-10 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകന റിപ്പോർട്ട്.**

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത സ്വ ഭ വ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച സംവിധാനമാണ് ഹരിതകർമ്മസേന. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള സാങ്കേതിക സഹായം ആവശ്യമെങ്കിൽ ലഭ്യമാക്കുന്നതോടൊപ്പം അജൈവ മാലിന്യങ്ങൾ വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് എം സി എഫ് ൽ എത്തിക്കുക എന്ന ചുമതലയാണ് ഹരിതകർമ്മ സേന നിർവ്വഹിക്കേണ്ടത്. ഇത്തരം സേവനങ്ങൾക്ക് പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന യൂസർഫീ ശേഖരിച്ച് കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. പ്രസ്തുത ആവശ്യത്തിനായി ഉദുമ ഗ്രാമപഞ്ചായത്തിലെ 42 അംഗങ്ങൾ ഉള്ള ഹരിതകർമ്മസേന കൺസോർഷ്യം 18.02.2021 തീയ്യതിയിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (ബാങ്ക് ഓഫ് ബറോഡ, ഉദുമ ബ്രാഞ്ച്, അക്കൗണ്ട് നം.26720100021267). പ്രസ്തുത കൺസോർഷ്യം ആരംഭിക്കുന്നതിന് മുമ്പ് CDS ചെയർപേഴ്സന്റെ നേതൃത്വത്തിൽ 10.01.2019 തീയ്യതിയിൽ ആരംഭിച്ച ഇതേ ബാങ്കിലെ സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും പേരിലുള്ള സംയുക്ത അക്കൗണ്ടിന്റെ പാസ്ബുക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത കാലയളവിലെ റജിസ്റ്ററുകളും വരവ് ചെലവ് വിവരങ്ങളും എഴുതി സൂക്ഷിച്ച വിവരങ്ങൾ ഹാജരാക്കാത്തതിനാൽ കണക്ക് വിവരത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല(ബാങ്ക് ഓഫ് ബറോഡ, ഉദുമ ബ്രാഞ്ച്, അക്കൗണ്ട് നം.26720100014788). പ്രസ്തുത ബാങ്ക് പാസ്ബുക്കിൽ 3,182/- രൂപ നീക്കിയിരുപ്പുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 2018 ഡിസംബർ മാസം മുതൽ യൂസർഫീ പിരിക്കാൻ ആരംഭിച്ചിരുന്നു. ആദ്യകാലത്ത് വീടുകളിൽ നിന്നും 20 രൂപയും സ്ഥാപനങ്ങളിൽ നിന്നും 50 രൂപയുമാണ് ശേഖരിച്ചത്. പിന്നീട് 08.01.2021 ലെ കൺസോർഷ്യം തീരുമാന പ്രകാരം വീടുകളിൽ നിന്നും 50 രൂപയും സ്ഥാപനങ്ങളിൽ നിന്നും 100 രൂപയുമാക്കി യൂസർഫീ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇങ്ങനെ പിരിച്ചെടുക്കുന്ന യൂസർഫീയുടെ 90% ഹരിതകർമ്മ സേനാംഗങ്ങളുടെ ശമ്പളം നൽകാനായി ഉപയോഗിക്കുകയും ബാക്കി 10% അക്കൗണ്ടിൽ തന്നെ സൂക്ഷിച്ചു പോരുകയുമാണ് ചെയ്യുന്നത്. 2021 മുതൽ നേടിയ യൂസർ ഫീ വരുമാനം താഴെ ചേർക്കുന്നു.

| വർഷം | കളക്ട് ചെയ്ത യൂസർ ഫീ |
|---|---|
| 2021 | 2,17,860 |
| 2022 | 6,49,498 |
| 2023 | 20,27,685 |
| 2024 (സെപ്റ്റമ്പർ മാസം വരെ) | 19,92,260 |

പ്രാരംഭ ഘട്ടത്തിൽ കലക്റ്റ് ചെയ്ത യൂസർ ഫീയിൽ നിന്നും വലിയ വർദ്ധനവ് പിന്നീടുള്ള വർഷങ്ങളിൽ ഉണ്ടായിട്ടുണ്ടെന്ന് മേൽപട്ടിക പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുടെ പ്രവർത്തനം വർഷം തോറും മെച്ചപ്പെട്ടു വരുന്നുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

കുടുംബശ്രീ അംഗങ്ങൾക്കിടയിൽ നിന്നും രൂപീകരിക്കുന്ന ഹരിതകർമ്മ സേനയെ ഏകോപന സംവിധാനമെന്ന രീതിയിൽ ഹരിതകർമ്മസേന കൺസോർഷ്യമായും തൊഴിൽ സംരംഭം എന്ന നിലയിൽ പ്രാവർത്തികമായിട്ടുള്ള സ്ഥലങ്ങളിൽ മൈക്രോസംരംഭ ഗ്രൂപ്പുകളായും തരം തിരിച്ചിട്ടുണ്ട്. മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകർമ്മ സേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. ശുചിത്വ പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്ന ശുചിത്വ മിഷൻ, ജലസമൃദ്ധിയും ശുചിത്വവും വീണ്ടെടുക്കുന്നതിനും സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും രൂപീകരിച്ച ഹരിത കേരളം മിഷൻ, ദാരിദ്ര്യ ലഘൂകരണവും സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം ഉറപ്പ് വരുത്തുന്നതിന് വേണ്ടി പ്രവർത്തിച്ചു വരുന്ന ക്ലീൻ കേരള കമ്പനി, ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാകുന്ന തൊഴിലുറപ്പ് മിഷൻ, റഗുലേറ്ററി അതോറിറ്റിയായ കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഹരിതകർമ്മ സേന പ്രവർത്തനം നടത്തുന്നത്. ഉദുമ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ ആദ്യത്തെ യോഗം 08.01.2021 ൽ നടക്കുകയുണ്ടായി. പ്രാരംഭ ഘട്ടത്തിൽ ഒരു വാർഡിൽ 2 കുടുംബശ്രീ അംഗം എന്ന നിലയിൽ 42 അംഗങ്ങൾ ഉണ്ടായിരുന്ന ഹരിതസേന കൺസോർഷ്യത്തിൽ നിലവിൽ 37 അംഗങ്ങളാണ് ഉള്ളത്. പ്രസിഡന്റ്, സെക്രട്ടറി എന്നീ ഭാരവാഹികളെ തിരഞ്ഞെടുത്താണ് കൺസോർഷ്യം പ്രവർത്തിക്കുന്നത്. യൂണിഫോം, സുരക്ഷ ഉപകരണങ്ങളായ കൈയ്യുറ തുടങ്ങിയവ ഉപയോഗിച്ചു തന്നെയാണ് സേനാംഗങ്ങൾ പ്രവർത്തിക്കുന്നത്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന ഓഫീസ് സംവിധാനത്തിൽ മിനുട്സ് ബുക്ക്, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, വായ്പ രജിസ്റ്റർ, അറ്റൻന്റസ് റജിസ്റ്റർ, വേതന റജിസ്റ്റർ, വിസിറ്റ് ബുക്ക്, യൂസർഫീ റജിസ്റ്റർ എന്നിവ സൂക്ഷിച്ച് വരുന്നു.

യൂസർ ഫീ പോലെയുള്ള വരവിനങ്ങൾ ലഭിക്കുന്നതിന് മുമ്പ് ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നതിന് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത സ്വ ഭ വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഇത് പ്രകാരം ആകെ മൂന്ന് തവണയായി 1,64,850/- രൂപ ഹരിത കർമ്മസേന കൺസോർഷ്യത്തിന് ലഭിച്ചിട്ടുണ്ട്.

ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതുവഴി മാലിന്യസംസ്ക്കരണം കാര്യക്ഷമമാക്കുന്നതിനും വിവിധ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി പോരുന്നുണ്ട്. മുൻ വർഷങ്ങളിൽ ഇത്തരത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവഴിച്ച തുക |
|---|---|---|---|
| 01 | 172/24<br>ഹരിതകർമ്മസേന പ്രവർത്തകർക്ക് അടിസ്ഥാന സാമഗ്രികൾ വാങ്ങൽ | അസിസ്റ്റന്റ് സെക്രട്ടറി | 46,597 |
| 02 | 173/24<br>പാലക്കുന്ന്,മാങ്ങാട്,ഉദുമ,തൃക്കണ്ണാട് ടൗണുകളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ | അസിസ്റ്റന്റ് സെക്രട്ടറി | 1,50,000 |
| 03 | 174/24<br>പാലക്കുന്ന്,മാങ്ങാട്,തൃക്കണ്ണാട് ടൗണുകളിൽ സെഗ്രഗേഷൻ ബിൻ സ്ഥാപിക്കൽ | അസിസ്റ്റന്റ് സെക്രട്ടറി | 32,000 |
| 04 | 256/22 | വില്ലേജ് എക്സ്റ്റൻഷൻ | 1,34,294 |

| | | | |
|---|---|---|---|
| | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ | ഓഫീസർ | |
| 05 | 07/23<br>ഹരിതകർമ്മ സേന പ്രവർത്തകർക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1,64,850 |
| 06 | 88/23<br>ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 37,868 |
| 07 | 278/23<br>ഹരിതസഹായ സ്ഥാപനത്തിന് ലെഗസി മാലിന്യങ്ങൾ കൊണ്ട് പോകുന്നതിന് തുക നൽകൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1,95,680 |
| 08 | 293/23<br>ഹരിതസഹായ സ്ഥാപനത്തിന് നടത്തിപ്പ് തുക നൽകൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 72,519 |
| 09 | 153/24<br>ഹരിതസഹായ സ്ഥാപനത്തിന് ലെഗസി മാലിന്യങ്ങൾ കൊണ്ട് പോകുന്നതിന് തുക നൽകൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8,61,360 |
| 10 | 210/24<br>സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 2,04,900 |
| 11 | 236/24<br>ശുചിത്വ ഗ്രാമം - അജൈവ മാലിന്യ സംസ്കരണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 4,13,550 |
| 12 | 225/22<br>എം സി എഫ് ലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ | സെക്രട്ടറി | 5,47,470 |
| 13 | 292/22<br>എം സി എഫ് ലേക്ക് ഫർണിച്ചർ,സെഗ്രഗേഷൻ ബിൻ എന്നിവ വാങ്ങൽ | സെക്രട്ടറി | 82,000 |
| 14 | 296/22<br>ക്ലീൻകേരള കമ്പനിക്ക് വാഹന വാടക നൽകൽ | സെക്രട്ടറി | 61,702 |
| 15 | 156/24<br>എം സി എഫ് ലേക്ക് അഗ്നിശമന ഉപകരണങ്ങൾ വാങ്ങൽ | സെക്രട്ടറി | 17,500 |

കുറിപ്പ് : അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഹരിതകർമ്മ സേന പ്രവർത്തകർക്ക് ട്രോളി വാങ്ങുന്നതിനായി 56,000 രൂപ വകയിരുത്തി രൂപീകരിച്ച പദ്ധതിയും(പ്രോജക്റ്റ് നം.176/24) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി എം സി എഫ് ലേക്ക് കൺവയർ ബെൽറ്റ് സ്ഥാപിക്കുന്നതിനായി 6,00,000 രൂപ വകയിരുത്തി രൂപീകരിച്ച പദ്ധതിയും നടപ്പിലാക്കിയിട്ടില്ല( പ്രോജക്റ്റ് നം.152/24).

തദ്ദേശ സ്വയംഭരണ(ഡി സി) വകുപ്പിന്റെ 29.07.2020 ലെ ഡി.സി1/282/2020/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം എം സി എഫ് കളുടെ നിർമ്മാണവും വൃത്തിയായ പരിപാലനവും സംബന്ധിച്ച ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. ആറാം വാർഡിലെ വടക്കംതൊട്ടി എന്ന സ്ഥലത്ത് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് എം സി എഫ്

പ്രവർത്തിക്കുന്നത്. എം സി എഫ് ൽ ടോയ്ലറ്റ് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എം സി എഫ് ൽ തൂക്കുയന്ത്രം(Weighing Machine), ബെയിലിംഗ് മെഷീൻ എന്നിവ സ്ഥാപിച്ചിട്ടുണ്ടെന്ന് കാണാൻ സാധിക്കുകയുണ്ടായി.

എം സി എഫ് ലേക്ക് എത്തിച്ചേരുന്ന ഏകദേശം 50 മീറ്ററോളം വരുന്ന റോഡ് ടാറ് ചെയ്യാത്തതിനാലും ഇടുങ്ങിയതും കയറ്റിറക്കങ്ങൾ ഉള്ളതായതിനാലും ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിച്ച മാലിന്യം എം സി എഫ് ലേക്ക് എത്തിക്കുന്നതിനും പ്രസ്തുത മാലിന്യം തിരികെ കൊണ്ട് പോകുന്ന സ്വകാര്യ കമ്പനിയുടെ വലിയ വാഹനത്തിനും ഇത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ഇക്കാരണത്താൽ സ്വകാര്യ കമ്പനിയുടെ വലിയവാഹനം എം സി എഫ് ന് 50 മീറ്റർ ദൂരെ നിർത്തിയിട്ട് പ്രസ്തുത വാഹനത്തിലേക്ക് മറ്റൊരു ചെറിയ വാഹനം ഉപയോഗിച്ച് മാലിന്യം എത്തിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത അസൗകര്യം പരിഹരിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് മാലിന്യ കൈമാറ്റം സുഗമമാക്കേണ്ടതാണ്. കൺവയർ ബെൽറ്റ് വാങ്ങി എം സി എഫ് ൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് സ്ഥാപിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച പുതിയ എം സി എഫ് കെട്ടിടത്തിൽ സ്ഥാപിക്കുന്നതിനായാണ് കൺവയർ ബെൽറ്റ് വാങ്ങിയതെന്നാണ് വിശദീകരിച്ചത്. പ്രസ്തുത കെട്ടിടത്തിൽ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൺവയർ ബെൽറ്റ് സ്ഥാപിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ഹരിതകർമ്മസേനയുടെ പ്രവർത്തനം സുഗമവും കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്തധികൃതർ സ്വീകരിക്കേണ്ടതാണ്.

പ്ലാസ്റ്റിക് മെറ്റീരിയൽസ് തരം തിരിക്കുന്നത് സംബന്ധിച്ച ക്ലാസുകൾ ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. 27.09.2019 ലെ GO(Rt) No.2112/2019/LSGD ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഒരു കിലോഗ്രാമിന് 10 രൂപ എന്ന നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് തുക നൽകിപ്പോന്നിരുന്നു. നിലവിൽ 08 രൂപയ്ക്ക് ഗ്രീൻ വേംസ്, കോഴിക്കോട് എന്ന കമ്പനിയുമായാണ് കരാർ ചമച്ചിട്ടുള്ളത്.

പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് വാഹനം വാങ്ങുന്നതിന് 31.10.2017 ലെ സ.ഉ(സാധാ)നം.3474/2017/ത സ്വ ഭ വ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ നാളിത് വരെയായി വാഹനം വാങ്ങുന്നതിനായി പ്രോജക്റ്റ് രൂപീകരിക്കുകയോ ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ അഗ്നിബാധയുണ്ടാകുന്നത് തടയുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളും അഗ്നി സുരക്ഷാ സജ്ജീകരണങ്ങൾ ഒരുക്കുന്നതിന് 15.03.2023 ലെ സ.ഉ(സാധാ)നം.617/2023/LSGD നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം എട്ട് ഫയർ എക്സിറ്റിങ്ക്യുഷർ വാങ്ങി എം സി എഫ് ൽ സ്ഥാപിച്ചിട്ടുണ്ട്. ഉപകരണങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പരിശീലനം ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

മുൻകൂട്ടി തയ്യാറാക്കുന്ന കലണ്ടർ പ്രകാരമാണ് പഞ്ചായത്തിൽ മാലിന്യം ശേഖരിച്ചു പോരുന്നത്. കലണ്ടർ പ്രകാരമുള്ള മാലിന്യശേഖരണം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| **മാസം** | **ശേഖരിക്കുന്ന വസ്തുക്കളുടെ ഇനം** |
|---|---|
| ജനുവരി | പ്ലാസ്റ്റിക് + ചെരിപ്പ് ബാഗ് |
| ഫെബ്രുവരി | പ്ലാസ്റ്റിക് + ട്യൂബ്, CFL ബൾബ് |
| മാർച്ച് | പ്ലാസ്റ്റിക് + ട്യൂബ്, CFL ബൾബ് |
| ഏപ്രിൽ | പ്ലാസ്റ്റിക് + കുപ്പികൾ,കുപ്പിച്ചില്ല്,കണ്ണാടി |

| | |
|---|---|
| മെയ് | പ്ലാസ്റ്റിക് + കുപ്പികൾ,കുപ്പിച്ചില്ല്,കണ്ണാടി |
| ജൂൺ | പ്ലാസ്റ്റിക് + ചെരുപ്പ്,ബാഗ് |
| ജൂലൈ | പ്ലാസ്റ്റിക് + ചെരുപ്പ്,ബാഗ് |
| ആഗസ്റ്റ് | പ്ലാസ്റ്റിക് + തുണി മാലിന്യം |
| സെപ്റ്റംബർ | പ്ലാസ്റ്റിക് + തുണി മാലിന്യം |
| ഒക്ടോബർ | പ്ലാസ്റ്റിക് + കുപ്പികൾ,കുപ്പിച്ചില്ല്,കണ്ണാടി |
| നവംബർ | പ്ലാസ്റ്റിക് + കുപ്പികൾ,കുപ്പിച്ചില്ല്,കണ്ണാടി |
| ഡിസംബർ | പ്ലാസ്റ്റിക് + ചെരിപ്പ് ബാഗ് |

ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിച്ച് ക്രമീകരിക്കുന്നതിന്റെ സൗകര്യങ്ങളോ സാഹചര്യമോ ഒരുക്കിയിട്ടില്ല. ഓരോ വാർഡിൽ നിന്നും ശേഖരിക്കുന്ന സാധന സാമഗ്രികൾ താൽക്കാലികമായി സൂക്ഷിക്കുന്നതിനായി പഞ്ചായത്തിലെ 21 വാർഡുകളിലും ഓരോ മിനി എം സി എഫ് വീതം സ്ഥാപിച്ചിട്ടുണ്ട്. മാലിന്യങ്ങൾ മിനി എം സി എഫ് ൽ നിന്നും വാടക വാഹനം ഉപയോഗിച്ച് എം സി എഫ് ലേക്ക് കൊണ്ടുപോകുകയാണ് ചെയ്ത് പോരുന്നത്. തുടർന്ന് സർക്കാർ അംഗീകാരമുള്ള മാലിന്യസംസ്ക്കരണ കമ്പനികൾക്ക് മേൽ പരാമർശിച്ചിട്ടുള്ള മാലിന്യങ്ങൾ തരംതിരിച്ച് നല്കുന്നു. ഇത്തരത്തിൽ ചെയ്യുന്നത് ഹരിതകർമ്മസേനയുടെ അധ്വാനം ലഘൂകരിക്കുന്നതിനും സാമ്പത്തിക വയബിലിറ്റി വർദ്ധിപ്പിക്കുന്നതിനും സഹായകരമാണ്.

പാതയോരങ്ങളിലും പൊതുസ്ഥലങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രവണത പഞ്ചായത്ത് പരിധിയിൽ കണ്ടുവരുന്നുണ്ട്. "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" എന്ന പൊതു തത്വത്തെ സാമൂഹബോധമാക്കി മാറ്റുന്നതിന് പഞ്ചായത്തിലെ ജനങ്ങൾക്ക് അവബോധ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നിയമന നടപടികൾ സ്വീകരിക്കുന്നതിനായി 22.10.2022 ലെ GO(Rt)No.2566/2022/LSGD, 20.05.2023 ലെ GO(Rt)No.1068/2023/LSGD ഉത്തരവുകൾ പ്രകാരം പ്രത്യേക വിജിലൻസ് ടീം രൂപീകരിക്കാൻ നിർദേശിച്ചിരുന്നു. ആയത് പ്രകാരം ഉദുമ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.09.2023 ലെ JC1-6003/2023 ഉത്തരവ് പ്രകാരം വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിലെ വീടുകളുടേയും സ്ഥാപനങ്ങളുടേയും വാർഡടിസ്ഥാനത്തിലുള്ള എണ്ണം താഴെക്കൊടുക്കുന്നു.

| വാർഡ് നമ്പർ | വീടുകളുടെ എണ്ണം | കടകൾ/സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| I | 480 | 11 |
| II | 507 | 44 |
| III | 657 | 35 |
| IV | 601 | 13 |
| V | 705 | 12 |
| VI | 659 | 25 |
| VII | 591 | 16 |
| VIII | 679 | 8 |
| IX | 630 | 15 |
| X | 462 | 10 |
| XI | 468 | 8 |
| XII | 369 | 18 |
| XII | 619 | 35 |

| | | |
|---|---|---|
| XIV | 333 | 11 |
| XV | 215 | 5 |
| XVI | 450 | 23 |
| XVII | 314 | 43 |
| XVIII | 257 | 112 |
| XIX | 408 | 28 |
| XX | 333 | 6 |
| XXI | 400 | 51 |
| **ആകെ** | **10,137** | **529** |

മേൽപട്ടികയിലെ 80 ശതമാനത്തോളം വരുന്ന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാത്രമേ യൂസർഫീ കലക്റ്റ് ചെയ്യുന്നുള്ളു എന്നാണ് മനസിലാക്കാൻ സാധിച്ചത്. ഇത് സംബന്ധിച്ച കൃത്യമായ വിവരം ലഭിക്കാൻ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ വികസിപ്പിച്ച ഹരിതമിത്രം ആപ്പ് പൂർണ്ണമായി സജ്ജീകരിക്കേണ്ടതുണ്ട്. ഇതിനായി രൂപീകരിച്ച ഹരിതമിത്ര സ്മാർട്ട് മാലിന്യ ആപ്പ് എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 18.11.2021 ലെ സ ഉ (സാധാ)നം.2307/2021/തസ്വഭവ ഉത്തരവ് പ്രകാരം സർവ്വീസ് ചാർജ്, എസ് എം എസ് ചാർജ് എന്നീയിനത്തിൽ 1,42,900/- രൂപ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. ക്യൂആർ കോഡ് പതിപ്പിക്കേണ്ടത് പഞ്ചായത്തിന്റെ/ഹരിതകർമ്മ സേനയുടെ ഉത്തരവാദിത്വമാണ്. ആപ്പ് സംബന്ധിച്ച സാങ്കേതിക സഹായങ്ങളും പരിശീലനങ്ങളും കെൽട്രോൺ നൽകി വരുന്നുണ്ടെങ്കിലും മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ക്യൂആർ കോഡ് പതിപ്പിക്കാത്തതിനാൽ പദ്ധതി പൂർത്തീകരിക്കാത്ത അവസ്ഥയിലാണുള്ളത്. ആകെയുള്ള 10,666 വീട്/സ്ഥാപനങ്ങളിൽ 9449 എണ്ണം വീട്/സ്ഥാപനങ്ങളിൽ മാത്രമേ ക്യൂആർ കോഡ് വഴി യൂസർഫീ കലക്റ്റ് ചെയ്യുന്നുള്ളു. ഹരിതമിത്രം ആപ്പ് വഴി യൂസർഫീ നൽകാത്ത വീടുകളേയും സ്ഥാപനങ്ങളേയും എളുപ്പത്തിൽ കണ്ടു പിടിക്കാനും വാതിൽപ്പടി ശേഖരണം കൃത്യമായി നടപ്പിലാക്കാനും സാധിക്കും. ആയതിനാൽ യൂസർഫീ ശേഖരണം, കലണ്ടർ പ്രകാരമുള്ള പാഴ് വസ്തു ശേഖരണം തുടങ്ങിയ വിവരങ്ങൾ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോട് കൂടി അറിയുന്നതിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ക്യൂആർ കോഡ് പതിപ്പിച്ച് ആപ്പ് വഴി യൂസർ ഫീ കലക്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മാലിന്യ നിർമ്മാർജനം ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തന ഏകോപന ചുമതലയുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും പഞ്ചായത്ത് ഭരണസമിതിയും കൂട്ടായ ശ്രമം നടത്തേണ്ടതും ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.


















( എം സി എഫ് )

**1-11 തൊഴിൽ നികുതി -ഈടാക്കിയതിൽ കുറവ്.**

2023-24 സാമ്പത്തിക വർഷത്തെ ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി കുറവായാണ് ഒടുക്കിയിരിക്കുന്നത് . വിശദാംശം ഖണ്ഡിക 2-1 ൽ.

**1-12 റോയൽറ്റി ഫീ ഈടാക്കിയതിന്റെ വിശദാംശം / രേഖകൾ ലഭ്യമാക്കിയില്ല**

07/10/2021 ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ്)227/2021/തസ്വഭവ പ്രകാരവും ബഹു. ജില്ലാ കളക്ടർ ചെയർമാനായ കാസറഗോഡ് ജില്ലാ DLFMC യുടെ 27/06/2022 ലെ തീരുമാന പ്രകാരവും, ബഹു. ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ 6929/2021/എസ്.എം/കെ.എസ്.ഡി/ടിസി, തീ.28/06/2022 പ്രകാരവും കാസറഗോഡ് ജില്ലയിലെ കോഴിയറവ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനു വേണ്ടി സ്റ്റാൻഡേർഡ് ഗ്രീൻ എനർജി അനന്തപുരം, വ്യവസായ എസ്റ്റേറ്റ്, കുമ്പള, കാസറഗോഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ ഉത്തരവ് പ്രകാരം ഓരോ മാസത്തേയും മാലിന്യം ശേഖരിച്ച് കണക്ക് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രേഖാമൂലം അടുത്ത മാസം അഞ്ചാം തീയതിക്കകം റോയൽറ്റി ഫീ സഹിതം നൽകേണ്ടതാണ്. കൂടാതെ ബഹു. ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ 6929/2021/എസ്.എം/കെ.എസ്.ഡി/ടിസി, തീ.20/08/2022 പ്രകാരം പഞ്ചായത്ത് ആവശ്യപ്പെടുന്ന റോയൽറ്റി ഫീ കി.ഗ്രാമിന് 50 പൈസയിൽ കൂടാത്ത തുക എല്ലാ മാസവും അവസാനം നൽകേണ്ടതാണ് എന്നും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ റോയൽറ്റി ഫീയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) മേൽ ഉത്തരവ് പ്രകാരം സ്റ്റാൻഡേർഡ് ഗ്രീൻ എനർജിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2) റോയൽറ്റി ഫീയിനത്തിൽ ചുവടെ പറയും പ്രകാരം ലഭിച്ച തുകയുമായി ബന്ധപ്പെട്ട് സ്റ്റാൻഡേർഡ് ഗ്രീൻ എനർജി ലഭ്യമാക്കിയ, ശേഖരിച്ച മാലിന്യത്തിന്റെ അളവ് കാണിക്കുന്ന പത്രിക ലഭ്യമാക്കിയിട്ടില്ല.

| രസീത് നമ്പർ, ഈടാക്കിയ മാസം | തീയതി | തുക |
|---|---|---|
| 1230100502 (മാർച്ച് 2023) | 28-04-2023 | 1,342 |
| 1230101637 (ഏപ്രിൽ 2023) | 01-06-2023 | 1,550 |
| ആകെ തുക | | 2,892/- |

3) മേൽ പ്രകാരം റോയൽറ്റി ഫീ ഒടുക്കുവരുത്തുന്നതിന് കാലതാമസം ഉണ്ടാകുന്നതായി കാണുന്നു. ആയതിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

4) 2023-24 സാമ്പത്തിക വർഷം ഒരു മാസത്തെ തുക മാത്രമാണ് ഒടുക്കിയിട്ടുള്ളത്. മറ്റ് മാസങ്ങളിൽ തുക ഒടുക്കാത്തതിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. റോയൽറ്റി ഫീയുമായി ബന്ധപ്പെട്ട വരവിന്റെ മേൽ പരാമർശപ്രകാരമുള്ള രേഖകൾ/വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 13/30.10.2024.

**1-13 വസ്തു നികുതി പരിഷ്കരിക്കുന്നതിൽ വീഴ്ച.**

കേരള സർക്കാറിന്റെ 05.04.2023 ലെ സ.ഉ.(അച്ചടി) നമ്പർ 25/2023/എൽ.എസ്.ജി.ഡി ഉത്തരവ് (SRO 479/2023) പ്രകാരം 01.04.2023 മുതൽ നിലവിലുള്ള വസ്തുനികുതി നിരക്കുകൾ പരിഷ്കരിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതു 08.06.2023 തിയ്യതിയിലെ 05/(1) നമ്പർ തീരുമാന പ്രകാരം ഉദുമ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 01.04.2023 മുതൽ അന്തിമ വിജ്ഞാപനം ചെയ്യുന്നതുവരെയുള്ള കാലയളവിൽ ലഭ്യമായ അപേക്ഷകളിൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പഴയ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം താഴെ കൊടുത്തിട്ടുള്ള 191 കെട്ടിടങ്ങളുടെ നികുതി പഴയ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ.നം. | BuildingID | വാർഡ് നം. | കെട്ടിട നം. | |
|---|---|---|---|---|
| 1 | 51197010017076 | 5 | 387 | D |
| 2 | 51197010017077 | 9 | 501 | B |
| 3 | 51197010017078 | 9 | 499 | B |
| 4 | 51197010017079 | 12 | 181 | A |
| 5 | 51197010017080 | 5 | 548 | A |
| 6 | 51197010017081 | 5 | 162 | A |
| 7 | 51197010017082 | 7 | 561 | A |
| 8 | 51197010017083 | 3 | 630 | A |
| 9 | 51197010017084 | 14 | 248 | B |
| 10 | 51197010017085 | 13 | 390 | E |
| 11 | 51197010017086 | 19 | 451 | C |
| 12 | 51197010017087 | 9 | 569 | A |
| 13 | 51197010017088 | 3 | 608 | C |
| 14 | 51197010017089 | 12 | 160 | B |
| 15 | 51197010017090 | 17 | 523 | A |
| 16 | 51197010017091 | 2 | 735 | A |
| 17 | 51197010017092 | 5 | 266 | A |
| 18 | 51197010017093 | 9 | 383 | C |
| 19 | 51197010017094 | 5 | 524 | A |
| 20 | 51197010017095 | 17 | 111 | A |
| 21 | 51197010017096 | 4 | 339 | A |
| 22 | 51197010017097 | 3 | 181 | D |
| 23 | 51197010017098 | 8 | 357 | A |
| 24 | 51197010017099 | 6 | 555 | A |
| 25 | 51197010017100 | 8 | 80 | E |
| 26 | 51197010017101 | 5 | 462 | B |
| 27 | 51197010017102 | 7 | 310 | A |
| 28 | 51197010017103 | 7 | 476 | A |
| 29 | 51197010017104 | 18 | 424 | B |
| 30 | 51197010017105 | 10 | 266 | B |
| 31 | 51197010017106 | 4 | 406 | B |
| 32 | 51197010017107 | 4 | 346 | B |
| 33 | 51197010017108 | 4 | 170 | B |
| 34 | 51197010017109 | 6 | 174 | D |
| 35 | 51197010017110 | 6 | 166 | B |
| 36 | 51197010017111 | 4 | 296 | A |
| 37 | 51197010017112 | 9 | 114 | A |
| 38 | 51197010017113 | 4 | 362 | B |

| | | | | |
|---|---|---|---|---|
| 39 | 51197010017114 | 19 | 544 | A |
| 40 | 51197010017115 | 21 | 664 | A |
| 41 | 51197010017116 | 19 | 518 | A |
| 42 | 51197010017117 | 14 | 172 | A |
| 43 | 51197010017118 | 8 | 78 | A |
| 44 | 51197010017119 | 7 | 17 | A |
| 45 | 51197010017120 | 4 | 250 | B |
| 46 | 51197010017121 | 1 | 302 | A |
| 47 | 51197010017122 | 1 | 195 | C |
| 48 | 51197010017123 | 3 | 510 | A |
| 49 | 51197010017124 | 13 | 744 | B |
| 50 | 51197010017125 | 13 | 744 | C |
| 51 | 51197010017126 | 13 | 744 | D |
| 52 | 51197010017127 | 13 | 744 | E |
| 53 | 51197010017128 | 11 | 223 | A |
| 54 | 51197010017129 | 11 | 373 | A |
| 55 | 51197010017130 | 8 | 389 | B |
| 56 | 51197010017131 | 10 | 21 | A |
| 57 | 51197010017132 | 8 | 501 | A |
| 58 | 51197010017134 | 8 | 544 | B |
| 59 | 51197010017135 | 12 | 133 | G |
| 60 | 51197010017136 | 11 | 16 | A |
| 61 | 51197010017137 | 8 | 368 | B |
| 62 | 51197010017138 | 8 | 368 | C |
| 63 | 51197010017139 | 19 | 483 | C |
| 64 | 51197010017140 | 8 | 42 | A |
| 65 | 51197010017141 | 17 | 631 | A |
| 66 | 51197010017142 | 19 | 464 | A |
| 67 | 51197010017143 | 19 | 547 | A |
| 68 | 51197010017144 | 11 | 333 | E |
| 69 | 51197010017145 | 7 | 231 | B |
| 70 | 51197010017146 | 11 | 306 | C |
| 71 | 51197010017147 | 8 | 238 | B |
| 72 | 51197010017148 | 7 | 231 | C |
| 73 | 51197010017149 | 7 | 209 | B |
| 74 | 51197010017150 | 6 | 222 | B |
| 75 | 51197010017151 | 13 | 536 | B |
| 76 | 51197010017152 | 11 | 315 | B |
| 77 | 51197010017153 | 8 | 632 | F |
| 78 | 51197010017154 | 9 | 224 | A |
| 79 | 51197010017155 | 6 | 145 | I |
| 80 | 51197010017156 | 11 | 240 | A |
| 81 | 51197010017157 | 16 | 646 | A |
| 82 | 51197010017158 | 20 | 64 | C |
| 83 | 51197010017159 | 13 | 457 | B |
| 84 | 51197010017160 | 11 | 309 | A |
| 85 | 51197010017161 | 21 | 156 | C1 |
| 86 | 51197010017162 | 21 | 156 | C2 |
| 87 | 51197010017163 | 21 | 156 | C3 |
| 88 | 51197010017164 | 21 | 156 | C4 |

| | | | | |
|---|---|---|---|---|
| 89 | 51197010017165 | 21 | 156 | C5 |
| 90 | 51197010017166 | 21 | 156 | C6 |
| 91 | 51197010017167 | 21 | 156 | C7 |
| 92 | 51197010017168 | 21 | 156 | C8 |
| 93 | 51197010017169 | 21 | 156 | C9 |
| 94 | 51197010017170 | 21 | 156 | C10 |
| 95 | 51197010017171 | 21 | 156 | C11 |
| 96 | 51197010017172 | 21 | 156 | C12 |
| 97 | 51197010017173 | 21 | 156 | A2A |
| 98 | 51197010017174 | 21 | 156 | A3A |
| 99 | 51197010017175 | 21 | 156 | A8A |
| 100 | 51197010017176 | 21 | 156 | A9A |
| 101 | 51197010017177 | 13 | 390 | F |
| 102 | 51197010017178 | 5 | 278 | A |
| 103 | 51197010017179 | 13 | 390 | G |
| 104 | 51197010017180 | 3 | 216 | B |
| 105 | 51197010017182 | 7 | 152 | A |
| 106 | 51197010017184 | 4 | 431 | A |
| 107 | 51197010017185 | 4 | 222 | C |
| 108 | 51197010017186 | 4 | 145 | B |
| 109 | 51197010017187 | 13 | 422 | D |
| 110 | 51197010017188 | 19 | 510 | A |
| 111 | 51197010017189 | 4 | 29 | B |
| 112 | 51197010017190 | 5 | 339 | E |
| 113 | 51197010017191 | 2 | 557 | A |
| 114 | 51197010017192 | 3 | 505 | A |
| 115 | 51197010017196 | 5 | 129 | A |
| 116 | 51197010017197 | 14 | 276 | C |
| 117 | 51197010017198 | 14 | 17 | A |
| 118 | 51197010017199 | 1 | 27 | A |
| 119 | 51197010017200 | 6 | 560 | B |
| 120 | 51197010017201 | 3 | 261 | G |
| 121 | 51197010017202 | 3 | 261 | H |
| 122 | 51197010017203 | 3 | 261 | I |
| 123 | 51197010017204 | 3 | 261 | J |
| 124 | 51197010017205 | 3 | 261 | K |
| 125 | 51197010017206 | 3 | 261 | L |
| 126 | 51197010017207 | 3 | 261 | M |
| 127 | 51197010017208 | 3 | 261 | N |
| 128 | 51197010017210 | 17 | 563 | B |
| 129 | 51197010017211 | 12 | 60 | B |
| 130 | 51197010017212 | 3 | 261 | O |
| 131 | 51197010017213 | 2 | 734 | B |
| 132 | 51197010017214 | 3 | 241 | D1 |
| 133 | 51197010017215 | 13 | 367 | A |
| 134 | 51197010017216 | 7 | 571 | B1 |
| 135 | 51197010017217 | 1 | 395 | B |
| 136 | 51197010017218 | 4 | 356 | B |
| 137 | 51197010017219 | 1 | 182 | B |
| 138 | 51197010017220 | 3 | 550 | B |

| | | | | |
|---|---|---|---|---|
| 139 | 51197010017221 | 5 | 70 | A |
| 140 | 51197010017222 | 13 | 618 | B |
| 141 | 51197010017223 | 1 | 496 | A |
| 142 | 51197010017224 | 6 | 35 | A |
| 143 | 51197010017225 | 17 | 108 | B |
| 144 | 51197010017226 | 19 | 311 | A |
| 145 | 51197010017227 | 7 | 55 | A |
| 146 | 51197010017228 | 3 | 193 | K |
| 147 | 51197010017229 | 5 | 617 | B |
| 148 | 51197010017230 | 5 | 174 | E |
| 149 | 51197010017231 | 8 | 72 | A |
| 150 | 51197010017232 | 18 | 520 | A |
| 151 | 51197010017233 | 18 | 520 | B |
| 152 | 51197010017234 | 18 | 520 | C |
| 153 | 51197010017235 | 18 | 520 | D |
| 154 | 51197010017236 | 18 | 520 | E |
| 155 | 51197010017237 | 18 | 520 | F |
| 156 | 51197010017238 | 18 | 520 | G |
| 157 | 51197010017239 | 18 | 520 | H |
| 158 | 51197010017240 | 18 | 520 | I |
| 159 | 51197010017241 | 18 | 520 | J |
| 160 | 51197010017242 | 18 | 520 | K |
| 161 | 51197010017243 | 18 | 520 | L |
| 162 | 51197010017244 | 18 | 520 | M |
| 163 | 51197010017245 | 18 | 520 | N |
| 164 | 51197010017246 | 18 | 520 | O |
| 165 | 51197010017247 | 18 | 520 | P |
| 166 | 51197010017248 | 18 | 520 | Q |
| 167 | 51197010017249 | 18 | 520 | R |
| 168 | 51197010017250 | 18 | 520 | S |
| 169 | 51197010017251 | 18 | 520 | T |
| 170 | 51197010017252 | 18 | 520 | U |
| 171 | 51197010017253 | 18 | 520 | V |
| 172 | 51197010017254 | 9 | 102 | F |
| 173 | 51197010017255 | 13 | 378 | B |
| 174 | 51197010017257 | 6 | 307 | A |
| 175 | 51197010017263 | 4 | 4 | C |
| 176 | 51197010017264 | 19 | 531 | A |
| 177 | 51197010017265 | 9 | 573 | A |
| 178 | 51197010017266 | 11 | 300 | B |
| 179 | 51197010017267 | 2 | 607 | B |
| 180 | 51197010017268 | 11 | 62 | B |
| 181 | 51197010017269 | 10 | 335 | A |
| 182 | 51197010017270 | 19 | 564 | A |
| 183 | 51197010017271 | 8 | 615 | J |
| 184 | 51197010017272 | 8 | 615 | K |
| 185 | 51197010017274 | 1 | 246 | B |
| 186 | 51197010017275 | 3 | 614 | D |
| 187 | 51197010017276 | 11 | 178 | B |
| 188 | 51197010017277 | 3 | 3 | E |

| | | | | |
|---|---|---|---|---|
| 189 | 51197010017278 | 1 | 444 | B |
| 190 | 51197010017279 | 21 | 617 | C |
| 191 | 51197010017280 | 4 | 359 | A |

നാളിതുവരെയായിട്ടും മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരിക്കാത്തത് വീഴ്ചയാണ്. എത്രയും പെട്ടെന്നു തന്നെ മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ച് കുടിശിക സഹിതം നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 5/25.10.2024.

**1-14 റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന സാമഗ്രികളുടെ പുനരുപയോഗം രേഖപ്പെടുത്തുന്നില്ല.**

2023-24 വർഷം നടപ്പിലാക്കിയ ചില റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ (റീടാറിംഗ് / കോൺക്രീറ്റ്) "Preparation Of Foundation And Embankment By Scarifying Existing Bituminous Surface To A Depth Of 150mm “ എന്നയിനം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന മെറ്റീരിയലുകളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് എസ്റ്റിമേറ്റുകളിലോ അളവു പുസ്തകങ്ങളിലോ പരാമർശിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്, പ്രവൃത്തിയുടെ പേര്, കരാറുകാരൻ, ചെലവ് | എസ്റ്റിമേറ്റ് നം, എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ് | അളവു പുസ്തകത്തിന്റെ നമ്പർ, അളവു പുസ്തകം പ്രകാരം പ്രവൃത്തി ചെയ്ത ചെയിനേജ് | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോജക്ട്- 294/24<br>പ്രവൃത്തിയുടെ പേര്- പട്ടത്താനം അങ്കണവാടി അങ്കക്കളരി റോഡ് ബാക്കി ഭാഗം റീടാറിംഗ്<br>കരാറുകാരൻ- ശ്രീ കെ.എ്.അബ്ദുള്ള<br>ചെലവ് - 5,62,698 (BRN 22200075200880043940 9/14.08.2023) | എസ്റ്റിമേറ്റ് നം- 78224/22<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 282 Sqm | അളവു പുസ്തകത്തിന്റെ നമ്പർ- E- Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 282 Sqm | Scarify ചെയ്തതിൽ ലഭിച്ച സാമഗ്രികളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് ഫയലിലോ മറ്റു രേഖകളിലോ പരാമർശമില്ല. |
| 2 | പ്രോജക്ട്- 285/24<br>പ്രവൃത്തിയുടെ പേര്- മാങ്ങാട് മീത്തൽ മാങ്ങാട് മരമിൽ റോഡ് റീടാറിംഗ്<br>കരാറുകാരൻ- ശ്രീ കെ.എ്.അബ്ദുള്ള<br>ചെലവ് - 8,57,017 (BRN 23200075200880043941 7/14.08.2023) | എസ്റ്റിമേറ്റ് നം- 75356/2022<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 300 Sqm | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 300 Sqm | |
| 3 | പ്രോജക്ട്- 63/24<br>പ്രവൃത്തിയുടെ പേര്- ഉദുമ പി.എച്ച്.സി മുതൽ റെയിൽവേ ട്രാക്ക് വരെ | എസ്റ്റിമേറ്റ് നം- 30105/2023<br>എസ്റ്റിമേറ്റ് പ്രകാരം Scarifying | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു | |

| | | | | |
|---|---|---|---|---|
| | റോഡ് നവീകരണം.<br>കരാറുകാരൻ- ശ്രീ കെ.എ.അബ്ദുള്ള<br>ചെലവ് - 4,38,870 (BRN 2320075200880142180l/21.03.2024) | പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 312 Sqm | പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 312 Sqm | |
| 4 | പ്രോജക്ട്- 91/24<br>പ്രവൃത്തിയുടെ പേര്- പമുദിയക്കാൽ വായനശാല പാറ്റേൻവീട് റോഡ് നവീകരണം<br>കരാറുകാരൻ- ശ്രീ കെ.എ.അബ്ദുള്ള<br>ചെലവ് - 4,72,047 (BRN 23200752008801421668, 21/03/2024 ) | എസ്റ്റിമേറ്റ് നം- 72030/2023<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 330 Sqm | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 331 Sqm | |
| 5 | പ്രോജക്ട്- 259/24<br>പ്രവൃത്തിയുടെ പേര്- കപ്പണക്കാൽ റിസോർട്ട് റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ- ശ്രീ ബി.എം.അബ്ദുള്ള<br>ചെലവ് - 1,89,258 (BRN 23200752008800661457, 16.10.2023) | എസ്റ്റിമേറ്റ് നം- 75472/2022<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 136.5 Sqm | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 136.5 Sqm | |
| 6 | പ്രോജക്ട്- 269/24<br>പ്രവൃത്തിയുടെ പേര്- തെക്കേക്കര കുണ്ടിൽ റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ- ശ്രീ ഗഫൂർ.സി.എം<br>ചെലവ് - 2,81,552 (BRN 222000752008800709226/28.10.2023) | എസ്റ്റിമേറ്റ് നം- 85640/2022<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 213.6 Sqm | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 213.6 Sqm | |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന സാമഗ്രികൾ എസ്റ്റിമേറ്റിലും അളവു പുസ്തകത്തിലും രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നും മേൽ പ്രോജക്ടുകളിലെ പ്രവൃത്തികൾ ചെയ്യുമ്പോൾ ബേസും സബ് ബേസും പൂർണമായും പൊട്ടിപ്പൊളിഞ്ഞ നിലയിലായിരുന്നുവെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ സ്കാരിഫൈ ചെയ്യുന്ന ഇനം എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തുന്ന പക്ഷം ലഭിക്കുന്ന മെറ്റീരിയലുകൾ എങ്ങനെയാണ് പുനരുപയോഗിക്കുന്നത്/ സ്പോസ് ചെയ്യുന്നത് എന്ന് എസ്റ്റിമേറ്റുകളിലും അളവു പുസ്തകങ്ങളിലും വ്യക്തമായി രേഖപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 16/01.11.2024.

**1-15 തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ സംഭരണം- സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.**

മഹാത്മാ ഗാന്ധി ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യമായ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിതരണം എന്നിവ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ സ.ഉ (കൈ)നം.93/2012/തസ്വഭവ തീയതി 31.03.2012 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രോക്യയർമെന്റ് കമ്മിറ്റിയുടെ രൂപീകരണം, പ്രോക്യയർമെന്റ് പ്ലാൻ തയ്യാറാക്കൽ, വാങ്ങൽ നടപടിക്രമങ്ങൾ, സാധനസാമഗ്രികളുടെ സംഭരണം, വിതരണം, മിച്ചമുള്ള സാമഗ്രികളുടെ ഡിസ്പോസൽ, പ്രോക്യയർമെന്റ് നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കൽ തുടങ്ങിയ കാര്യങ്ങളിൽ വിശദമായ നിർദേശങ്ങൾ ഈ മാർഗരേഖയിൽ ഉണ്ട്.

ഉദുമ ഗ്രാമപഞ്ചായത്തിൽ വലിയ തോതിൽ സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടത്തുകയും വലിയ അളവിൽ സാധനസാമഗ്രികൾ സംഭരിച്ച് ഭീമമായ തുക വെണ്ടർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വാങ്ങൽ നടപടിക്രമങ്ങൾ, സംഭരണം, വിതരണം എന്നിവയിൽ സർക്കാർ മാർഗ നിർദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന പരിശോധനയ്ക്കായി വിവിധ വിവരങ്ങളും രേഖകളും ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് നടത്തിയ വാങ്ങലുകളിൽ ചുവടെ ചേർക്കുന്ന അപകതകൾ ഉള്ളതായി കാണുന്നു.

1. പ്രതിമാസ, അർദ്ധവർഷ, വാർഷിക പ്രോക്യയർമെന്റ് പ്ലാനുകൾ തയ്യാറാക്കിയിട്ടില്ല. ഓരോ പ്രവൃത്തിയുടെയും ആവശ്യകതയനുസരിച്ചാണ് പ്രോക്യയർമെന്റ് നടത്തുന്നത്.

2. സാധന സാമഗ്രികൾ ഏറ്റുവാങ്ങിയ എഞ്ചിനീയർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ട രേഖകൾ (വാഹനത്തിന്റെ വിവരം, സാമഗ്രികൾ ടെക്നിക്കൽ സ്പെസിഫിക്കേഷനുകൾ പാലിക്കുന്നുവെന്ന സാക്ഷ്യപത്രം) തയ്യാറാക്കുകയോ സെക്രട്ടറിക്ക് കൈമാറുകയോ ചെയ്തിട്ടില്ല.

3. മേറ്റ് കൈപ്പറ്റിയ സാമഗ്രികളുടെ സ്റ്റോക്ക്, വിതരണം എന്നിവ രേഖപ്പെടുത്തിയ അനുബന്ധം 6 ലുള്ള സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സാധന സാമഗ്രികളുടെ സമാഹരണത്തിൽ സർക്കാർ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.6/25.10.2024.

## 1-16 തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി

2023-24 സാമ്പത്തിക വർഷത്തിൽ MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. SECURE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സിമന്റിന് ഉൾപ്പെടുത്തിയ നിരക്ക് അടിസ്ഥാനമാക്കിയാണ് ടെണ്ടർ ചെയ്ത് സിമന്റ് വാങ്ങിയത്. ഒരു ടണ്ണിന് 10,240 രൂപയാണ് സോഫ്റ്റ് വെയറിൽ സിമന്റിന്റെ വില. ഈ നിരക്കിൽ 50 കിലോയുടെ ഒരു ചാക്കിന് 512 രൂപയാണ് വിലയായി കണക്കാക്കിയിരിക്കുന്നത്.

2023-24 ൽ കാസറഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി MRP ഒരു ചാക്കിന് 400 രൂപയിൽ താഴെയാണ്. എന്നാൽ ഇത് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ചെയ്തതിനാൽ MRP യെക്കാൾ വളരെയധികം തുക വെണ്ടർമാർക്ക് നൽകേണ്ടി വന്നിട്ടുണ്ട്. വെണ്ടർമാർക്ക് തുക നൽകുമ്പോൾ അവരിൽ നിന്നും സിമന്റ് വാങ്ങിയതിന്റെ ഇൻവോയ്സ് വാങ്ങി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. വളരെ വലിയ ഈ വില വ്യത്യാസം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

SECURE സോഫ്റ്റ് വെയറിലെ നിരക്ക് അതേപടി പാലിച്ച് ടെണ്ടർ ചെയ്യുന്നതിന് പകരം നിരക്ക് ക്രമാതീതമായി അധികമാണെന്ന് മനസ്സിലാക്കി മാർക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ ഭീമമായ അധികച്ചെലവ്

ഒഴിവാക്കാമായിരുന്നു.

ഈ വിഷയം മറ്റു പല ജില്ലകളിലും NREGA ഓംബുഡ്സ് പേഴ്സന്റെ ശ്രദ്ധയിൽ പെടുകയും നിർബന്ധമായും പാക്കേജ്ഡ് സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ നിരക്ക് MRPയെക്കാൾ അധികം വരാത്ത വിധത്തിൽ മാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കി ടെണ്ടർ ചെയ്യണമെന്ന് അവാർഡ് വന്നിട്ടുള്ളതാണ്. (ഉദാഹരണം MGNREGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്.)

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തികളുടെ വിശദാംശങ്ങൾ | സിമന്റ് വാങ്ങിയതിന് വെണ്ടർക്ക് നൽകിയ തുക | വെണ്ടർ ഹാജരാക്കിയ ബിൽ പ്രകാരമുള്ള നിരക്ക്, തുക |
|---|---|---|---|
| 1 | ഉദുമ പി.എച്ച്.സി റെയിൽവെ ലൈൻ നടപ്പാത കോൺക്രീറ്റ് (1601001005/ RC/356174) വെണ്ടർ- ശ്രീ അബ്ദുൾ ഖാദർ ഫൈസൽ.എ.എം | 11.32 Tonne @ Rs.10,240/Tonne= 1,15,917 രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 226.4 ചാക്കുകൾ) 0121EATPAYREQ03042023161584 For Rs.2,72,320 | ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. |
| 2 | മുക്കുന്നോത്ത് കുഴി നടപ്പാത ബാക്കി ഭാഗം കോൺക്രീറ്റ് നിർമ്മാണം (1601001005/ RC/356178) വെണ്ടർ- ശ്രീ അബ്ദുൾ ഖാദർ ഫൈസൽ.എ.എം | 6.99 Tonne @ Rs.10,240/Tonne= 71,613.44 രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 140 ചാക്കുകൾ) (FTO- 0121EATPAYREQ28032023161609 For Rs.168997 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് നം. 3/28.09.2022ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 6.99 ടൺ സിമന്റിന് ടണ്ണിന് 10,240രൂപ നിരക്കിൽ 71,613.44 രൂപ കണക്കാക്കിയിട്ടുണ്ട്, |
| 3 | കണിയമ്പാടി വയൽ നടപ്പാത കോൺക്രീറ്റ് നിർമ്മാണം (1601001005/ RC/356182) വെണ്ടർ- അബ്ദുൾ ഖാദർ ഫൈസൽ.എ.എം | 9.61 Tonne @ Rs.10,240/Tonne= 98,406രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 192.1 ചാക്കുകൾ) (FTO- 0121EATPAYREQ03042023161466 For Rs.2,31,132 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് നം. 3/04.02.2023ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 9.61 ടൺ സിമന്റ് ടണ്ണിന് 10,240രൂപ നിരക്കിൽ 98,443.26 രൂപ കണക്കാക്കിയിട്ടുണ്ട്, |
| 4 | കണിയമ്പാടി ചിറക്കാൽ ബാക്കി ഭാഗം നടപ്പാത കോൺക്രീറ്റ് | 10.85 Tonne @ Rs.10,240/Tonne= 1,11,104രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 217 ചാക്കുകൾ) 0121EATPAYREQ03042023161495 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് നം. 4/09.02.2023ആണ് ഹാജരാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | നിർമ്മാണം (1601001005/ RC/356184) വെണ്ടർ- അബ്ദുൾ ഖാദർ ഫൈസൽ.എ).എം | For Rs.2,62,353 | ഇത് പ്രകാരം 10.85 ടൺ സിമന്റ് ടണ്ണിന് 10,240രൂപ നിരക്കിൽ 1,11,192 രൂപ കണക്കാക്കിയിട്ടുണ്ട്, |
| 5 | മലാംകുന്ന് വിഷ്ണു അമ്പലം കോൺക്രീറ്റ് നിർമ്മാണം (1601001005/ RC/356185) വെണ്ടർ- അബ്ദുൾ ഖാദർ ഫൈസൽ.എ).എം | 6.99 Tonne @ Rs.10,240/Tonne= 71,578രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 139.8 ചാക്കുകൾ) 0121EATPAYREQ28032023161907 For Rs.1,64,181 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് നം. 2/22.09.2022ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 6.99 ടൺ സിമന്റ് ടണ്ണിന് 10,240രൂപ നിരക്കിൽ 71,653 രൂപ കണക്കാക്കിയിട്ടുണ്ട്, |
| 6 | പള്ളം വളപ്പോത്ത് തെക്കേക്കര മോലോത്ത് വളപ്പ് കോൺക്രീറ്റ് നിർമ്മാണ (1601001005/ RC/356187) വെണ്ടർ- അബ്ദുൾ ഖാദർ ഫൈസൽ.എ).എം | 5.31 Tonne @ Rs.10,240/Tonne= 54,374രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 106.1 ചാക്കുകൾ) 0121EATPAYREQ28032023161990 For Rs.1,28,420 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് നം. 4/25.09.2022ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 5.3190 ടൺ സിമന്റ് ടണ്ണിന് 10,240രൂപ നിരക്കിൽ 54,466 രൂപ കണക്കാക്കിയിട്ടുണ്ട്. |
| 7 | അംബിക നഗർ സ്മശാനം നടപ്പാത കോൺക്രീറ്റ് നിർമ്മാണം (1601001005/ RC/356188) വെണ്ടർ- അബ്ദുൾ ഖാദർ ഫൈസൽ.എ).എം | 17.2 Tonne @ Rs.10,240/Tonne= 1,76,128രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 344 ചാക്കുകൾ) 0121EATPAYREQ03042023161450 For Rs.4,15,541 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് നം. 1/20.09.2022ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 17.2375ടൺ സിമന്റ് ടണ്ണിന് 10,240രൂപ നിരക്കിൽ 1,76,512 രൂപ കണക്കാക്കിയിട്ടുണ്ട്. |
| 8 | കുണ്ടോളം പാറ കമ്മ്യൂണിറ്റി ഹാൾ നാലാംവാതുകൽ ഹൈസ്കൂൾ റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് | 13.59 Tonne @ Rs.10,240/Tonne= 1,39,162 രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 271.8 ചാക്കുകൾ) (FTO- 0121EATPAYREQ03042023161099 For Rs.3,26,896 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് നം. 1/28.09.2022ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 13.59ടൺ സിമന്റിന് ടണ്ണിന് 10,240രൂപ നിരക്കിൽ |

| | | | |
|---|---|---|---|
| | (1601001005/ RC/357128) വെണ്ടർ- അബ്ദുൾ ഖാദർ ഫൈസൽ.എ).എം | | 1,39,162 രൂപ കണക്കാക്കിയിട്ടുണ്ട്, |
| 9 | മിഷൻ സ്കൂൾ വലിയവളപ്പ് നടപാത കോൺക്രീറ്റ് (1601001005/ RC/357134) വെണ്ടർ- അബ്ദുൾ ഖാദർ ഫൈസൽ.എ).എം | 14.12 Tonne @ Rs.10,240/Tonne= 1,44,589 രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 282.4 ചാക്കുകൾ) FTO- 0121EATPAYREQ03042023161524 For Rs.3,39,635 | ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. |
| 10 | ബി ആർ ഡി സി റോഡിന്റെ റീഡ്മസ്ജിദ് തെക്കേക്കര പാറപുറം വരെയുള്ള റോഡ് കോൺക്രീറ്റ് (1601001005/ RC/357135) വെണ്ടർ- അബ്ദുൾ ഖാദർ ഫൈസൽ.എ).എം | 17.02 Tonne @ Rs.10,240/Tonne= 1,74,285 രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 340.4 ചാക്കുകൾ) 0121EATPAYREQ0304202316997 For Rs.4,11,453 | കരാറുകാരന്റെ പേരിലുള്ള ഇൻവോയ്സ് നം. 2/30.01.2023ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 17.02ടൺ സിമന്റിന് ടണ്ണിന് 10,240രൂപ നിരക്കിൽ 1,74,293രൂപ കണക്കാക്കിയിട്ടുണ്ട്, |

50 കിലോയുടെ ഒരു ചാക്കിന് 512 രൂപ നിരക്കിലാണ് പഞ്ചായത്ത് സിമന്റ് വാങ്ങി ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഇതേ കാലയളവിൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ മറ്റു വ്യക്തിഗത പ്രവൃത്തികളിൽ (ഉദാ- പശുത്തൊഴുത്ത് നിർമാണം) ഗുണഭോക്താക്കൾ സിമന്റ് വാങ്ങി ഉപയോഗിച്ചിട്ടുള്ളത് താരതമ്യേന വളരെ ചെറിയ ചെലവിൽ ആണെന്ന് കാണുന്നു.

<u>ഉദാഹരണം-</u>

1) രണ്ടാം വാർഡിലെ ശ്രീമതി ആരിഫാബി എന്ന വ്യക്തിക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പശുത്തൊഴുത്ത് നിർമിച്ചിട്ടുണ്ട്. (വർക്ക് കോഡ് നം.IF/691635). ഈ പ്രവൃത്തിക്കായി ശ്രീമതി ആരിഫാബി 50 ചാക്ക് ശങ്കർ ബ്രാന്റിലുള്ള സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 420 രൂപ നിരക്കിലാണ്. (സുരഭി എന്റർപ്രൈസസ്, ഉദുമ (GSTIN- 32AHNPB5552C1ZT) എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.6475, തിയതി 14.03.2022).

2) രണ്ടാം വാർഡിലെ ശ്രീമതി നാരായണി.വി എന്ന വ്യക്തിക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പശുത്തൊഴുത്ത് നിർമിച്ചിട്ടുണ്ട്. (വർക്ക് കോഡ് നം.IF/715302). ഈ പ്രവൃത്തിക്കായി ശ്രീമതി നാരായണി.വി 10 ചാക്ക് JSW എന്ന ബ്രാന്റിലുള്ള സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 375 രൂപ നിരക്കിലാണ്. (ശിവഗംഗ ഹാർഡ്വേർ ആന്റ് പെയിന്റ് ഹൗസ്, പൊയിനാച്ചി (GSTIN- 32AVDPK6209K1ZO) എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.3493, തിയതി 01.03.2022).

3) ഒന്നാം വാർഡിൽ തുറന്ന കിണർ നിർമാണം- ശ്രീമതി ആനന്ദവല്ലി (വർക്ക് കോഡ് നം.IF/777157). ഈ പ്രവൃത്തിക്കായി ശ്രീമതി ആനന്ദവല്ലി കല്ലട്ര ട്രേഡേഴ്സ്, ഉദുമ (GSTIN- 32AACFK7736K1Z7) എന്ന സ്ഥാപനത്തിൽ നിന്നും 3 ചാക്ക് സിമന്റ് വാങ്ങിയിട്ടുണ്ട്. (17.03.2023 ലെ

ഇൻവോയ്സ് നം.2487). ഈ സിമന്റിന്റെ നിരക്ക് ചാക്കിന് 420 രൂപയാണ്.

4) ഒമ്പതാം വാർഡിൽ തുറന്ന കിണർ നിർമാണം- ശ്രീമതി അംബിക.വി.എൻ (വർക്ക് കോഡ് നം.IF/919629). ഈ പ്രവൃത്തിക്കായി ശ്രീമതി അംബിക.വി.എൻ ശാന്തി ട്രേഡേഴ്സ്, പാലക്കുന്ന് (GSTIN- 32D10PR3768DZY) എന്ന സ്ഥാപനത്തിൽ നിന്നും 10 ചാക്ക് സിമന്റ് വാങ്ങിയിട്ടുണ്ട്. (01.06.2023 ലെ ഇൻവോയ്സ് നം.101). ഈ സിമന്റിന്റെ നിരക്ക് ചാക്കിന് 330 രൂപയാണ്.

5) പന്ത്രണ്ടാം വാർഡിൽ സോക്ക് പിറ്റ് നിർമാണം- ശ്രീമതി വിലാസിനി.പി.യു (വർക്ക് കോഡ് നം.IF/891361). ഈ പ്രവൃത്തിക്കായി ശ്രീമതി വിലാസിനി.പി.യു ശാന്തി ട്രേഡേഴ്സ്, പാലക്കുന്ന് (GSTIN- 32D10PR3768DZY) എന്ന സ്ഥാപനത്തിൽ നിന്നും 4 ചാക്ക് സിമന്റ് വാങ്ങിയിട്ടുണ്ട്. (24.04.2023 ലെ ഇൻവോയ്സ് നം.004). ഈ സിമന്റിന്റെ നിരക്ക് ചാക്കിന് 343 രൂപയാണ്.

ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ അധികം തുകയിൽ സിമന്റ് സംഭരിക്കുവാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ വളരെയധികം നിരക്കിൽ സിമന്റ് സംഭരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. യുക്തമായ നടപടികളിലൂടെ ടെണ്ടർ ചെയ്യുന്ന നിരക്ക് സിമന്റിന്റെ വിപണി നിരക്കുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഈ വിഷയം തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്താൻ പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 20/02.11.2024.

**1-17 മത്സ്യ മാർക്കറ്റ് ലേലം - തുക പൂർണ്ണമായും ലഭ്യമായില്ല**

1.04.2023 മുതൽ 31.03.2024 വരെയുള്ള കാലയളവിലേക്ക് വിവിധ മത്സ്യ മാർക്കറ്റുകൾക്കായി 13/03/2023 ൽ നടന്ന ലേലവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകളുണ്ട്.

1) ഉദുമ മത്സ്യ മാർക്കറ്റ് നടത്തിപ്പ് അവകാശം

ലേലത്തിൽ 4 പേർ പങ്കെടുക്കുകയും ഇതിൽ കൂടിയ ലേല തുക വിളിച്ച ശ്രീ വത്സൻ യു.കെ എന്നയാൾക്ക് 17,000/- രൂപയ്ക്ക് 18.03.2023 ലെ പഞ്ചായത്ത് യോഗത്തിലെ 10/1 നമ്പർ തീരുമാന പ്രകാരം ലേലം അംഗീകരിച്ചു നൽകി. ഇതിൽ ചുവടെ പറയും പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | രസീത് നമ്പർ, തീയതി | തുക ഒടുക്കിയ ഹെഡ്ഡ് | തുക |
|---|---|---|---|
| 1 | 1230100010, 4/4/2023 | 340200102 - Auction Deposit 2023-2024 | 5,330 |
| 2 | 1230105703, 29/11/2023 | 431400101- Rent Receivables From Buildings(Current) 2023-2024 | 5,330 |
| 3 | 1240101532, 12/06/2024 | 431400106- Receivables Towards Market Receipts(Arrears) 2024-2025 | 5,340 |
| 4 | 1220108934, 13/03/2023 | 340200102- ലേല ഡെപ്പോസിറ്റ് | 640 |
| ആകെ തുക | | | 16,640/- |

17,000/- രൂപയ്ക്ക് അംഗീകരിച്ച ലേലത്തിൽ മേൽ പ്രകാരം 16,640/- രൂപ മാത്രമാണ് ഒടുക്കിയതായി കാണുന്നത്. ലേലത്തിൽ പങ്കെടുക്കുമ്പോൾ കെട്ടിവയ്ക്കേണ്ട ലേല ഡെപ്പോസിറ്റായ 1,000/- രൂപയിൽ 640/-രൂപ മാത്രമാണ് ഒടുക്കിയതായി കാണുന്നത്. ഈ തുക ലേലമിനത്തിലെ വരവിലേക്ക് മുതൽകൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ബാക്കി 360/- ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

2) പാലക്കുന്ന് മത്സ്യമാർക്കറ്റ്

ലേലത്തിൽ 4 പേർ പങ്കെടുക്കുകയും ഇതിൽ കൂടിയ ലേല തുക വിളിച്ച ശ്രീ ജിത്തു എന്നയാൾക്ക് 65,000/- രൂപയ്ക്ക് 18.03.2023 ലെ പഞ്ചായത്ത് യോഗത്തിലെ 10/1 നമ്പർ തീരുമാന പ്രകാരം ലേലം അംഗീകരിച്ചു നൽകി. ഇതിൽ ചുവടെ പറയും പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | രസീത് നമ്പർ, തീയതി | ഒടുക്കിയ ഹെഡ്ഡ് | തുക |
|---|---|---|---|
| 1 | 1220108912, 13/03/2023 | 340200102-Auction Deposit 2022-2023 | 13,120 |
| 2 | 1230107826, 12/03/2024 | 431400105-Receivables Towards Market Receipts(Current) 2023-2024 Full Year | 35,749 |
| ആകെ തുക | | | 48,869 |

65,000/- രൂപയ്ക്ക് അംഗീകരിച്ച ലേലത്തിൽ മേൽ പ്രകാരം 48,869/- രൂപ മാത്രമാണ് ഒടുക്കിയതായി കാണുന്നത്. ലേലത്തിൽ പങ്കെടുക്കുമ്പോൾ കെട്ടിവയ്ക്കേണ്ട ലേല ഡെപ്പോസിറ്റായ 1,000/- രൂപ ഒടുക്കിയതായി കാണുന്നില്ല. 02/03/2024 ൽ 3 മാസമായി മാർക്കറ്റിൽ വെള്ളം ഇല്ലാത്തതിനാൽ ലേല തുകയിൽ കുറവു ചെയ്തു നല്കുന്നതിന് ലേലം കൊണ്ട ശ്രീ. ജിത്തു കെ എന്നയാൾ കത്ത് നൽകിയിരുന്നു. 24/08/2024 ലെ 10 ാം നമ്പർ തീരുമാനപ്രകാരം ലേലതുകയിൽ കുറവു വരുത്തേണ്ടതില്ലെന്ന് ഭരണസമിതി തീരുമാനിച്ചു.

മേൽ ലേലമിനത്തിൽ ലഭിക്കേണ്ട 16,131/- രൂപയും (65,000-48,869) 18% ജി.എസ്.ടിയും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതും നിരതദ്രവ്യമായ 1,000/- രൂപ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 23/2.11.2024.

**1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - നിർമ്മാണ പുരോഗതി ഉറപ്പ് വരുത്താതെ രണ്ടാം ഗഡു നൽകി.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 251/24 |
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം (SO) |
| യൂണിറ്റ് കോസ്റ്റ് | 2,00,000/- |
| വകയിരുത്തൽ | വികസനഫണ്ട് (എസ് സി പി) 1,22,144/- |
| | തനത് ഫണ്ട് 3,00,000/- |
| ബിൽ നമ്പർ & തീയ്യതി | 23200752009800812005 തീയ്യതി.08.11.2023<br>തുക 84,991/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

2022-23 വർഷത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി രൂപീകരിച്ച 281/23 നമ്പർ പദ്ധതിക്ക് വേണ്ടി വികസനഫണ്ട് (എസ് സി പി) യിൽ നിന്നും 2,00,000/- രൂപയും തനത് ഫണ്ടിൽ നിന്നും 3,00,000/- രൂപയും വകയിരുത്തിയിരുന്നു. തുടർന്ന് 26.12.2022 ലെ 3/4 നമ്പർ തീരുമാന പ്രകാരം നാല് പേരുടെ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിരുന്നു. പഠനമുറി നിർമ്മാണം പൂർത്തീകരിച്ച സൂരജ് ആർ എന്ന വിദ്യാർത്ഥിക്ക് ഓഡിറ്റ് വർഷത്തിൽ മേൽപട്ടികയിൽ കൊടുത്തിരിക്കും വിധം അവസാന ഗഡു നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് നാളിതുവരെയായി അനുവദിച്ച ധനസഹായത്തിന്റെ വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദിച്ച തുകയുടെ വിവരം | ബിൽ നം. & തീയ്യതി |
|---|---|---|---|
| 01 | അനക്ഷ എസ്,<br>D/O സതീശൻ എസ് & വനിത എം<br>മേൽബാര, മൈലാട്ടി പി ഒ | 50,000 | 22200752009801034794 തീയ്യതി.12.01.2023 |
| | | 65,009 | 22200752009801359835 തീയ്യതി.15.03.2023 |

| | | | |
|---|---|---|---|
| | (വാർഡ് നം.V) | | |
| | ആകെ | **1,15,009/-** | |
| 02 | സൂരജ് ആർ, S/O രാജു എം, നാലാം വാതുക്കൽ കോളനി, ബാര പി ഒ (വാർഡ് നം.VII) | 50,000 | 22200752009801034794 തീയ്യതി.12.01.2023 |
| | | 65,009 | 22200752009801359835 തീയ്യതി.15.03.2023 |
| | | 84,991 | 23200752009800812005 തീയ്യതി.08.11.2023 |
| | ആകെ | **2,00,000/-** | |
| 03 | അംഷിത് രവി, S/O രവി എം, മേൽബാര , മൈലാട്ടി പി ഒ (വാർഡ് നം.V) | 50,000 | 22200752009801034794 തീയ്യതി.12.01.2023 |
| | ആകെ | **50,000/-** | |
| 04 | നിതിൻ റാം, S/O സുകുമാരൻ ആർ, മേൽബാര,മൈലാട്ടി പി ഒ (വാർഡ് നം.V) | 50,000 | 22200752009801034794 തീയ്യതി.12.01.2023 |
| | | 47,838/- | 22200752009801570344 തീയ്യതി.30.03.2023 |
| | ആകെ | **97,838/-** | |

മുൻകൂർ തുക നൽകിയിട്ട് രണ്ട് വർഷത്തോളമായിട്ടും ക്രമ നം. 02 ഒഴികെയുള്ള ഗുണഭോക്താക്കൾ ആരും തന്നെ നാളിതുവരെയായി പഠനമുറി പൂർത്തീകരിക്കാത്തതായി ബോധ്യപ്പെട്ടിട്ടുണ്ട്. 28.05.2022 ലെ സ ഉ (കൈ) നം.115/2022/തസ്വഭവ ഉത്തരവ് പ്രകാരം പഠനമുറി നിർമ്മാണത്തിനായുള്ള ആകെ ധനസഹായ തുകയായ രണ്ട് ലക്ഷം രൂപയിൽ 50,000 രൂപ മുൻകൂറായി നൽകാൻ അനുമതി നൽകിയിട്ടുണ്ട്. തുടർന്നുള്ള ധനസഹായം അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75,000/- രൂപ വീതമുള്ള രണ്ട് ഗഡുക്കളായി നൽകാവുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ മേൽപട്ടികയിലെ ക്രമ നം.01, 04 എന്നീ ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ലാതെ തന്നെ രണ്ടാം ഗഡു നൽകിയിട്ടുണ്ട്. പഠനമുറി നിർമ്മാണത്തിന്റെ പുരോഗതി ഉറപ്പ് വരുത്താതെ രണ്ടാം ഗഡു നൽകിയത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. മുഴുവൻ ഗുണഭോക്താക്കളുമായും ഒപ്പുവച്ച കരാർ ഫയലിൽ ലഭ്യമാണെങ്കിലും കരാറിൽ വ്യവസ്ഥകൾ ഒന്നുംതന്നെ എഴുതിചേർത്തിട്ടില്ല. ആയതിനാൽ പഠനമുറി നിർമ്മാണത്തിൽ വീഴ്ച്ച വരുത്തിയ ഗുണഭോക്താക്കൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ സാധിക്കുക എന്ന കാര്യം വ്യക്തമല്ല. മേൽപട്ടികയിലെ അവശേഷിക്കുന്ന മൂന്ന് ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിലവിലെ സ്ഥിതിവിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഠനമുറി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 22/ 02.11.2024).

**1-19 ഹരിതകർമ്മ സേന പ്രവർത്തകർക്ക് അടിസ്ഥാന സാമഗ്രികൾ വാങ്ങൽ - ബിൽ, സ്റ്റോക്ക് വിവരം എന്നിവ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 172/24 |
| പ്രോജക്റ്റിന്റെ പേര് | ഹരിതകർമ്മ സേന പ്രവർത്തകർക്ക് അടിസ്ഥാന സാമഗ്രികൾ |

| | |
|---|---|
| | വാങ്ങൽ |
| വകയിരുത്തൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 20,000/- |
| | തനത് ഫണ്ട് 80,000/- |
| ഓർഡർ നമ്പർ & തീയ്യതി | 486 തീയ്യതി.16.03.2024 തുക 20,000/- |
| | 487 തീയ്യതി.16.03.2024 തുക 21,877/- |
| | ചെക്ക് നം. 0972040/12.10.2023 തുക 4,720/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഹരിതകർമ്മ സേന പ്രവർത്തകർക്ക് അടിസ്ഥാന സാമഗ്രികൾ വാങ്ങുന്നതിനായി രൂപീകരിച്ച മേൽ പ്രോജക്റ്റ് പ്രകാരം വിവിധ സാമഗ്രികൾ വാങ്ങി നൽകിയതിന് മേൽപട്ടികയിൽ കാണിച്ചിരിക്കും വിധം തുകകൾ നൽകിയിട്ടുണ്ട്. 12.10.2023 തീയ്യതിയിലെ ചെക്ക് നം. 0972040 പ്രകാരം 4,720/- രൂപ സ്വാതി ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ്, ചട്ടഞ്ചാൽ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ ബിൽ, സ്ഥാപനം ലഭ്യമാക്കിയ സാമഗ്രികൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 4,720/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.
ഓഡിറ്റ് എൻക്വയറി നം. 22/02.11.2024.

## 1-20 ക്ഷയരോഗികൾക്ക് ഭക്ഷ്യകിറ്റ്-മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി- ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 38/24 | |
| പ്രോജക്റ്റിന്റെ പേര് | ക്ഷയരോഗികൾക്ക് ഭക്ഷ്യകിറ്റ് | |
| വകയിരുത്തൽ | തനത് ഫണ്ട് 50,000/- | |
| ഓർഡർ നമ്പർ, തീയ്യതി & തുക | 447 തീയ്യതി.02.03.2024 | 8,984/- |
| | 385 തീയ്യതി.24.01.2024 | 21,782 |
| | 293 തീയ്യതി.15.12.2023 | 18,906 |
| | ആകെ | 49,672/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി, ഉദുമ | |

ക്ഷയരോഗികൾക്ക് ഭക്ഷ്യകിറ്റ് വാങ്ങി നൽകുന്നതിനായി രൂപീകരിച്ച മേൽ പ്രോജക്റ്റിന്റെ നടത്തിപ്പിന്റെ ഭാഗമായി ഭക്ഷ്യവസ്തുക്കൾ വാങ്ങിയതിന് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് മേൽപട്ടികയിൽ കാണുംവിധം തുകകൾ പിൻവലിച്ച് നൽകിയിട്ടുണ്ട്. പ്രോജക്റ്റ് പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

28.05.2022 ലെ സ ഉ (കൈ) നം.115/2022/തസ്വഭവ ഉത്തരവ് പ്രകാരം എച്ച് ഐ വി ബാധിതർക്ക് മാത്രമേ പോഷകാഹാര വിതരണത്തിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കാനുള്ള അനുമതി നൽകിയിട്ടുള്ളു. ക്ഷയരോഗികൾക്ക് ഭക്ഷ്യകിറ്റ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്റ്റ് ഏറ്റെടുക്കാനായി സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ 25.11.2023 ലെ 01 നമ്പർ തീരുമാന പ്രകാരം 10 പേരുടെ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയ വ്യക്തികളുടെ രോഗ വിവരം സാധൂകരിക്കുന്ന ജില്ലാ ടി ബി കൺട്രോൾ യൂണിറ്റ് ലഭ്യമാക്കിയ രോഗ ബാധിതരുടെ പട്ടിക ഹാജരാക്കിയിട്ടില്ല.
മറുപടിയുടെ അഭാവത്തിൽ 49,672/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.
ഓഡിറ്റ് എൻക്വയറി നം. 18/ 02.11.2024.

**1-21 ലെഗസി മാലിന്യം - ഗ്രാമപഞ്ചായത്തിന് കരാർ പ്രകാരമുള്ള തുക ലഭിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല.**

ഹരിത സഹായ സ്ഥാപനത്തിന് ലെഗസി മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് തുക നൽകൽ (പ്രോ.നം.153/24) എന്ന പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത്, ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് നം.GW/22-23/PC504/31.03.2023 പ്രകാരം 9,440 Kg ലെഗസി മാലിന്യം കൈമാറിയതിന്, കിലോഗ്രാമിന് ₹ 8/- നിരക്കിൽ 75,520/-രൂപ ( ചെക്ക് നം. 539666/08.06.2023 – 70,096 + 5424 (GST)) നൽകിയിട്ടുണ്ട്. 15.10.2022 ലെ 20/1 നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം, 07.11.2022ൽ സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് വച്ചിട്ടുള്ള കരാറിലെ (നമ്പറില്ല) നിബന്ധന - 6 പ്രകാരം, സ്ഥാപനം കൊണ്ടുപോകുന്ന മാലിന്യത്തിന്റെ തൂക്കത്തിന് അനുസൃതമായി, 20% മാലിന്യത്തിന് കിലോഗ്രാമിന് ₹5/- നിരക്കിൽ പഞ്ചായത്തിന് അനുവദിക്കേണ്ടതാണ്. ഇതനുസരിച്ച് 9,440/- രൂപ (9440x0.2x5) തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങൾ നല്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് , വിശദാംശങ്ങൾ അറിയിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 25/02.11.2024.

**1-22 എഫ്.എച്ച്.സിയുടെ എച്ച്.എം.സി വരവ് - ചെലവ് കണക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.**

2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം മാനേജിംഗ് കമ്മിറ്റി രൂപീകരണവും, ചട്ടം 9 പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റും വ്യക്തമാക്കിയിട്ടുണ്ട്. 15.06.2010ലെ ജി.ഒ.(എം.എസ്.)125/2010/എൽ.എസ്.ജി.ഡി (എസ്.ആർ.ഒ.നം.598/10)) പ്രകാരമുള്ള പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 9(1) ലൂടെ ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഫണ്ട് ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുമുണ്ട്.

എന്നാൽ ഉദുമ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള എഫ്.എച്ച്.സി യുടെ എച്ച്.എം.സി വരവ് ചെലവ് കണക്ക് നാളിതുവരേയും ഓഡിറ്റിനു വിധേയമാക്കിയിട്ടില്ല. എച്ച്.എം.സി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
എച്ച്.എം.സി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകളും നാളിതുവരെയുള്ള സാമ്പത്തികവർഷം തിരിച്ചുള്ള വരവ് ചെലവ് കണക്കുകളും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 4/25.10.2024.

**1-23-0 തനത് ഫണ്ട് ചെലവിന്റെ വൗച്ചർ പരിശോധനയിൽ കണ്ട അപാകതകൾ**

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ തനത് ഫണ്ട് ചെലവിന്റെ വൗച്ചർ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ഉപഖണ്ഡികകളായി വിവരിക്കുന്നു.

**1-23-1 എസ്.എൽ. ഐ. വിഹിതം-ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.**

30.11.2021ലെ ജി.ഒ.(പി)നം.151/2021/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ. വിഹിതം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 01.02.2022മുതൽ അടിസ്ഥാന

ശമ്പളം, ക്ഷാമബത്ത, പേഴ്സണൽ പേ, ഗ്രേഡ് പേ എന്നിവയുടെ ആകെ തുകയായ പ്രതിമാസ വരുമാനത്തിന്റെ 1.5% കണക്കാക്കി നൂറിന്റെ ഗുണിതമായി മുകളിലേക്ക് റൗണ്ട് ചെയ്ത തുകയാണ് എസ്.എൽ.ഐ. പോളിസികളുടെ പ്രതിമാസ പ്രിമിയം. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2023-2024 വർഷത്തിൽ ജോലി ചെയ്തിരുന്ന താഴെ പറയുന്ന ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരയ്ക്കിലാണ് എസ്.എൽ.ഐ. വിഹിതം ഈടാക്കിയത്.

| ജീവനക്കാരന്റെ പേര്, തസ്തിക | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ തുക | SLI വിഹിതം ഇനത്തിൽ ഈടാക്കിയ തുക | 30.11.2021ലെ ജി.ഒ(പി)നം. 151/2021/ധന പ്രകാരം ഈടാക്കേണ്ട കുറഞ്ഞ SLI വിഹിതം |
|---|---|---|---|---|---|
| ശ്രീ ബിനു.പി.വി, സീനി. ക്ലാർക്ക് | 56,500 | 3,955 (@7%) | 60,455 | 475 | 1,000 |
| പ്രണവൻ.പി.ആർ, ക്ലാർക്ക് | 38,300 | 2,681 (@7%) | 40,981 | 300 | 700 |

ഓഡിറ്റ് എൻക്വയറി.നം.17/01/11/2024.

**1-23-2 യാത്രാബത്ത അനുവദിച്ചത് - രേഖകൾ ഹാജരാക്കിയില്ല.**

യാത്രാബത്ത ഇനത്തിൽ താഴെ കൊടുത്ത പ്രകാരം 2023-24 വർഷം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗ നം | തീയതി | അനുവദിച്ച തുക |
|---|---|---|
| 22300208 | 21.6.2023 | 12,460 |
| 22300298 | 12.7.2023 | 1,18,515 |
| 22300375 | 16.8.2023 | 18,310 |
| 22300412 | 26.8.2023 | 34,381 |
| 22300693 | 1.12.2023 | 24,180 |
| 22300733 | 11.12.2023 | 2,441 |
| 22300523 | 29.9.2023 | 9,066 |
| 22300524 | 29.9.2023 | 6,812 |
| ആകെ | | 2,26,165 രൂപ |

എന്നാൽ തുക കൈപ്പറ്റിയ ആരും തന്നെ യാത്രാ ബത്ത ക്ലെയിം ചെയ്തു കൊണ്ടുള്ള യാത്രാ ഡയറി സമർപ്പിച്ചിട്ടില്ലെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. ഓരോ മാസവും ഒന്നാം തീയതി മുൻമാസത്തെ യാത്രാബത്തയുടെ ക്ലെയിമിന് അർഹത വരും എന്നിരിക്കെ യാത്രാ ഡയറി നല്കി ഇത് ക്ലെയിം ചെയ്യേണ്ടതാണ്. ഇപ്രകാരം ക്ലെയിം സമർപ്പിക്കാതെ ജീവനക്കാരുടെ യാത്രാവിവരവും അർഹതപ്പെട്ട യാത്രാബത്തയും എപ്രകാരം അനുവദിച്ചുവെന്ന് വ്യക്തമല്ല. മുൻവർഷവും ഇപ്രകാരം തുക വിനിയോഗിച്ചത് സംബന്ധിച്ച പരാമർശം റിപ്പോർട്ടിലെ ഖണ്ഡിക നം 1-12, 1-13 എന്നിവയിൽ പരാമർശിച്ച കാര്യം ശ്രദ്ധയിൽപെടുത്തുന്നു. ക്ലെയിം ചെയ്യാതെ ബത്ത നല്കിയതിന് വിശദീകരണം, തുക നൽകുന്നതിന് ആധാരമായി ജീവനക്കാരുടെ യാത്രാഡയറി, യാത്രാഡയറിക്ക് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ എന്നിവ സഹിതം മറുപടി നല്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ 2,26,165 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി.നം.17/01.11.2024.

**1-23-3 ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാലതാമസം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് ഓരോ അർദ്ധ വർഷവും അവസാനിച്ച് 30 ദിവസത്തിനകം ലൈബ്രറി കൗൺസിലിൽ ഒടുക്കണമെന്ന നിർദ്ദേശം

(സർക്കുലർ നമ്പർ 17263/എൽ.3/ത.സ്വ.ഭ.വ/29-12-2000) ഗ്രാമ പഞ്ചായത്ത് പാലിച്ചിട്ടില്ല. 2021-22 രണ്ടാം അർദ്ധ വർഷം മുതൽ 2023-24 ഒന്നാം അർദ്ധ വർഷം വരെ പിരിച്ച ലൈബ്രറി സെസ്സ് 17.12.2023 നാണ് ഒടുക്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | വൗച്ചർ നമ്പർ, തീയ്യതി,തുക |
|---|---|
| 2021-22 രണ്ടാം അർദ്ധ വർഷം, 2022-23 വർഷം, 2023-24 ഒന്നാം അർദ്ധ വർഷം | 22300767/17-12-2023, ₹12,03,060 |

ലൈബ്രറി സെസ്സ് ഒടുക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. ഒടുക്കിയ തുകയുടെ രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലൈബ്രറി സെസ് യഥാസമയം ഒടുക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി.നം.17/01.11.2024.

## 1-23-4 ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2023-24 വർഷം ചെലവഴിച്ച താഴെ പറയുന്ന തുകകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ/ ബിൽനമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22301008/ തീ.23.2.24 | സംഭാവന- ഭാരതീയ അന്താരാഷ്ട്ര വ്യാപാര മേള | 1,000 | തുക കൈപ്പറ്റിയതിന്റെ രശീതി |
| 2 | 22301975/ തീ.14.2.24 | സംഭാവന- IMG യ്ക്ക് നല്കിയത് | 6,000 | തുക കൈപ്പറ്റിയതിന്റെ രശീതി |
| 3 | 22300895/ തീ.1.2.24 | സംഭാവന- തദ്ദേശ ദിനാഘോഷം | 30,000 | തുക കൈപ്പറ്റിയതിന്റെ രശീതി |
| 4 | 22300981/ തീ.15.2.24 | സംഭാവന- ബേക്കൽ ഇന്റെർനാഷണൽ - ബേക്കൽ ഫെസ്റ്റിവൽ | 1,00,000 | തുക കൈപ്പറ്റിയതിന്റെ രശീതി |
| 5 | 22301170/ തീ.24.3.24 | സംഭാവന-കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവം | 10,000 | തുക കൈപ്പറ്റിയതിന്റെ രശീതി |
| ആകെ | | | 1,47,000 | |

രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 1,47,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നം.17/01.11.2024).

## 1-23-5 കുടിവെള്ളക്കരം - പൊതു ടാപ്പ് രജിസ്റ്റർ, സംയുക്ത പരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമല്ല.

തൻവർഷം ഉദുമ ഗ്രാമ പഞ്ചായത്ത് കുടിവെള്ള പൈപ്പുകളുടെ വെള്ളക്കരമിനത്തിൽ ജല അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 7,42,512 രൂപ ഒടുക്കിയിട്ടുണ്ട്. 23.06.2006 ലെ (ആർ.ടി.)1501/2006/ത.സ്വ.ഭ.വ, 30.05.2009 ലെ (സാ)1275/ 2009/ ത.സ്വ.ഭ.വ, 28.09.2011 (ആർ.ടി) 2242/2011/

ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളിലൂടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഉപയോഗിക്കുന്ന വെള്ളത്തിന് മാത്രം പണം നൽകുന്നുവെന്ന് ഉറപ്പ് വരുത്തുന്നുതിന് വേണ്ടിയാണ് പ്രസ്തുത രീതിയിൽ പരിശോധന നടത്തുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. വെള്ളക്കരമടവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി പൊതുടാപ്പുകൾ സംബന്ധിച്ച രജിസ്റ്റർ, ജല അതോറിറ്റിയും പഞ്ചായത്തും ചേർന്ന് നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-23-6 വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണ പദ്ധതി - പദ്ധതി നടത്തിപ്പിൽ അപാകതകൾ.**

ഫയൽ നം. SC1/6387/2023-24, നിർവ്വഹണം- സെക്രട്ടറി.

വൗച്ചർ നം. 22300426/തീയതി. 04.09.2023, 2,11,437/- രൂപ.

വരൾച്ചാ ദുരിതാതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 06.03.23 ലെ സർക്കാർ ഉത്തരവ് (സാധാ)564/2023/ത.സ്വ.ഭ.വ. പ്രകാരം 2023 വർഷത്തിൽ മാർച്ച് മാസം മുതൽ മെയ് മാസം വരെയും 02.06.2023 ലെ സ.ഉ(സാധാ)നം.1153/2023/LSGD ഉത്തരവ് പ്രകാരം ജൂൺ മാസം മുതൽ മഴ ലഭിക്കുന്നതു വരെയും കുടിവെള്ള വിതരണത്തിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വരൾച്ച മൂലം രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി ശ്രീ. നാരായണൻ.ടി, കന്യടുക്കം, കൊളത്തൂർ പി.ഒ എന്നവർ സമർപ്പിച്ച 2000ലിറ്റർ ടാങ്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 90/-രൂപ എന്ന നിരക്ക് ഭരണസമിതി തീരുമാനം നം. 1/1 തീയ്യതി 19.05.2023 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. KL 13 U 8766 എന്ന വാഹനത്തിലാണ് കുടിവെള്ളം വിതരണം ചെയ്തത്. 23.05.2023 മുതൽ 10.06.2023 വരെ വിതരണം നടത്തിയതിന് ആകെ 2349.3 കിലോമീറ്റർ ഓടിയതിന് 90/-രൂപ പ്രകാരം ഇൻകം ടാക്സ് കിഴിവുകൾക്ക് (2,114രൂപ) ശേഷം 2,09,323/-രൂപ കരാറുകാരനു നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

A) ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയ ജീവനക്കാർ കുടിവെള്ള വിതരണം സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.05.2023 ലെ SC1/6387/2023തീയതി.22.5.2023 നടപടിക്രമം പ്രകാരം 2023-24 വർഷത്തെ കുടിവെള്ള വിതരണം പ്രവൃത്തിയുമായി ബന്ധപ്പെട്ട് മുഴുവൻ വാർഡുകളിലും കുടിവെള്ള വിതരണം നടത്തുന്ന വാഹനങ്ങളിൽ യാത്ര ചെയ്ത് കുടിവെള്ള വിതരണം സംബന്ധിച്ച് മേൽനോട്ടം വഹിക്കുന്നതിനും കുടിവെള്ള വിതരണം സുഗമമായി നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും താഴെ കാണിച്ചിരിക്കുന്ന ജീവനക്കാർക്ക് ചുമതല നൽകിയിരുന്നു.

| ക്രമ നം | പേര്, ഉദ്യോഗപ്പേര് |
|---|---|
| 1 | ശ്രീ. വിപിൻകുമാർ കെ, ഓഫീസ് അറ്റൻഡന്റ്. |
| 2 | ശ്രീ. കെ.വി കൃഷ്ണൻ, പാർട്ട് ടൈം പൗണ്ട് കീപ്പർ. |

പ്രസ്തുത ജീവനക്കാർ കുടിവെള്ള വിതരണം ആവശ്യമുള്ള അതാത് വാർഡുകളിലെ സ്ഥലങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തി ഡ്രൈവർക്ക് ആവശ്യമായ നിർദ്ദേശം നൽകണമെന്നും വാർഡിലെ ഗുണഭോക്താക്കൾക്ക് കുടിവെള്ളം ഉറപ്പുവരുത്തി വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്നും ഉത്തരവിൽ

നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വിവിധ വാർഡുകളിൽ 2023-24 വർഷത്തെ കുടിവെള്ള വിതരണം നടത്തിയ KL 13 U 8766 എന്ന വാഹനത്തിന്റെ 23.05.23 മുതൽ 10.06.23 വരെയുള്ള ട്രിപ്പ് ഷീറ്റുകളിലും ലോഗ്ബുക്കിലും ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയ ജീവനക്കാർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

B) കുടിവെള്ള വിതരണത്തിന്റെ നിബന്ധനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് കരാറുകാരനുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. മേൽ കാലയളവിൽ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ടെന്ന വാർഡ് മെമ്പർമാരുടെ റിപ്പോർട്ട് മാത്രമാണ് ഇത് സംബന്ധിച്ച് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്.

C) കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് റീകൂപ്പ് ചെയ്യാൻ നടപടി സ്വീകരിച്ചില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 166 വകുപ്പ് പട്ടിക 3 പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. 23.2.2017 ലെ (സാധാ) നം. 787/2017/ഡി.എം.ഡി നം. ഉത്തരവ് ഖണ്ഡിക 5 പ്രകാരം അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടുള്ള പക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീകൂപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-8-19ലെ LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്നതിനാലാണ് ഇക്കാര്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീകൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

D) ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണംനടത്തി.

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനത്തിന് എഫ്.ബി.ഒ.ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാർ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറുകാർ കുടിവെള്ള വിതരണം നടത്തുന്നതിനായി KL—13 U 8766 വാഹനമാണ് ഉപേയാഗിച്ചിട്ടുള്ളത്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടും ഫയലിൽ ലഭ്യമാക്കിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2,11,437/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.17/01.11.2024).

## 1-24 സാനിറ്ററി പാഡ് ഡിസ്ട്രോയർ സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

നിർവഹണം- സെക്രട്ടറി, ഉദുമ ഗ്രാമ പഞ്ചായത്ത്.

ഫയൽനം-SC2-11788/2023-24,ചെലവ്-99,000/-രൂപ(തനത്ഫണ്ട്),
വൗച്ചർ നം.22300863/തീ.21.01.2024.

ഉദുമ ഗ്രാമ പഞ്ചായത്തിൽ സാനിറ്ററി പാഡ് ഡിസ്ട്രോയർ സ്ഥാപിക്കൽ (346/24) പദ്ധതി പ്രകാരം, സംസ്ഥാന വനിത വികസന കോർപ്പറേഷന്റെ സഹകരണത്തോടെ മൂന്ന് സ്കൂളുകളിൽ (ജി എച്ച് എസ് ബാര, ജി എച്ച് എസ് എസ് ഉദുമ, ജി എച്ച് എസ് ബേക്കൽ ) നാപ്കിൻ ബേണിങ് മെഷിനുകൾ സ്ഥാപിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം.115/2022തസ്വഭവ, തി.28.05.2022 സബ്സിഡി മാർഗ്ഗരേഖയിലെ ഖ.7.4.6 പ്രകാരം, സർക്കാർ/ എയ്ഡഡ് ഹൈസ്കൂൾ/ ഹയർ സെക്കന്ററി സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണമനുസരിച്ച് Central Pollution Control Board-ന്റെ മാർഗ്ഗരേഖ അവലംബമാക്കി, അനുയോജ്യമായ ശേഷിയുള്ള നാപ്കിൻ വെന്റിങ് മെഷിൻ, നാപ്കിൻ ബേണിങ് മെഷിൻ /ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. അനുവാദമില്ലാതെ പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയത് മാർഗരേഖയ്ക്ക് വിരുദ്ധമാണ്. പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഉപകരണങ്ങളുടെ സുരക്ഷിത ഉപയോഗം ഉറപ്പു വരുത്തുന്നതിനായി സ്കൂൾ പി.റ്റി.എ യുമായി കരാർ വയ്ക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2. മെഷിൻ വാങ്ങുന്ന കമ്പനികളുമായി എ.എം.സി (Annual Maintanance Contract) വയ്ക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

3. തുടർ വർഷങ്ങളിലെ യന്ത്രങ്ങളുടെ പരിപാലനം പി.റ്റി.എ ഏറ്റെടുക്കണമെന്ന നിർദ്ദേശത്തെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് നൽകിയില്ല.

4. മുൻവർഷങ്ങളിൽ ഈ സ്കൂളുകളിൽ ജില്ലാ പഞ്ചായത്തിൽ നിന്നും നാപ്കിൻ വെന്റിങ് മെഷിൻ, നാപ്കിൻ ബേണിങ് മെഷിൻ /ഇൻസിനറേറ്റർ ലഭിച്ചിട്ടുണ്ടോയെന്നതിന്റെയോ അവയുടെ നിലവിലെ സ്ഥിതിയുടെയോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

5. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പാക്കിയതിനാലും മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം/അനുബന്ധ രേഖകൾ നൽകിയിട്ടില്ലാത്തതിനാലും പദ്ധതിക്കായി വിനിയോഗിച്ച 99,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻകയറി നം.19/1.11.2024.

## 1-25 തെരുവ് വിളക്ക് സ്ഥാപിക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി, ഉദുമ ഗ്രാമപഞ്ചായത്ത്. |
| പ്രോജക്ട്: | തെരുവ് വിളക്ക് സ്ഥാപിക്കൽ (SO209/24) |
| അടങ്കൽ | 37,80,800 രൂപ (CFC) |
| ചെലവ് | ചെലവ് 36,90,145രൂപ (CFC) |
| | 11,95,581 രൂപ ( Vr No. XVFC/2023-24/P/48 തീ.25.3.2024) |
| | 24,94,564 രൂപ ( Vr No. XVFC/2023-24/P/60 തീ.30.3.2024) |

മേൽ പദ്ധതി പ്രകാരം കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റി

(ക്രൂസ്) എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം തെരുവ് വിളക്കുകൾ വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| KREWS/D23/23-24 തീ.16.8.23 | തെരുവ് വിളക്കുകൾ LED, 36w | 200 | 6,46,260 |
| KREWS/D34/23-24 തീ.13.9.23 | തെരുവ് വിളക്കുകൾ LED, 36w | 370 | 11,95,581 |
| KREWS/D39/23-24 തീ.25.9.23 | തെരുവ് വിളക്കുകൾ LED, 36w | 572 | 18,48,304 |
| | ആകെ | | 36,90,145 |

പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1).മേൽ പദ്ധതി പ്രകാരം വാങ്ങിയ തെരുവു വിളക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2).സ്ഥാപിക്കുന്ന വിളക്കുകളുടെ സാമ്പിൾ ഹാജരാക്കിയതിന്റെയോ, ആയതിന്റെ വിദഗ്ദ്ധ പരിശോധനയുടെ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയതിന്റെയോ രേഖകൾ ഫയലിലില്ല.

3).തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ച പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തിട്ടില്ല. കൂടാതെ പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം./പ്രദേശം/വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺ നമ്പരും, അറ്റകുറ്റപ്പണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4). ക്രൂസിന്റെ തെരുവ് വിളക്ക് നിർമ്മാണ യൂണിറ്റായ കേരള ഗ്രാമജ്യോതിയുമായി ഏർപ്പെട്ട KREWS/KSGD/40/02/23-24/20.05.2023 നമ്പർ ഉടമ്പടി പ്രകാരം ഈ പദ്ധതി പ്രകാരം സ്ഥാപിച്ച ബൾബുകളുടെ സാങ്കേതിക തകരാറുകൾ 3 വർഷം പരിഹരിക്കേണ്ടത് ക്രൂസിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ സ്ഥാപിച്ചവയുടെ വിവരം രേഖപ്പെടുത്താത്തതിനാൽ ഇത് പ്രയോജനപ്പെടുത്താൻ സാധ്യമല്ല.

5).ഇൻസ്റ്റലേഷൻ നടത്തുന്നതിന് KSEB യിൽ സൂപ്പർവിഷൻ തുക ഒടുക്കിയ വിവരമോ സമ്മതപത്രമോ ലഭ്യമാക്കിയിട്ടില്ല. (സർക്കുലർ നമ്പർ. 3053/ഡി.എ)3/2011/തസ്വഭവ. 15-9-2011)

6).തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 19,96,402/-രൂപ ചെലവഴിച്ചിട്ടുണ്ട്. എല്ലാ കണക്ഷനുകൾക്കും മീറ്ററിംഗ് സംവിധാനം ഉണ്ടോ എന്ന് വ്യക്തമല്ല. തെരുവ് വിളക്കുകളുടെ കണക്ഷനുകൾ/ വൈദ്യുതി ചാർജ് സംബന്ധിച്ച രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിട്ടില്ല.

7).ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ ആകെ എണ്ണം(വാർഡടിസ്ഥാനത്തിൽ ഇനം, പോസ്റ്റ്, മിനിമാസ്റ്റ്, ഹൈമാസ്റ്റ്, സോളാർ ലൈറ്റുകൾ എന്നിവ ഉൾപ്പെടെ) കാണിക്കുന്ന തെരുവ് വിളക്ക് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

8). ഗ്രാമപഞ്ചായത്ത് പ്രദേശം ഉൾപ്പെടുന്ന ഇലക്ടിക്കൽ സെക്ഷനുകളുടെ കീഴിലുള്ള തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന കെ.എസ്.ഇ.ബി.യുമായി ചേർന്ന് നടത്തിയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതുവരെ 36,90,145/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.19/1.11.2024).

## 1-26 IKM മെമ്പർഷിപ്പ് ഫീസ് അടവാക്കിയത് - വിശദാംശങ്ങൾ ലഭ്യമല്ല.

| |
|---|
| നിർവഹണം- സെക്രട്ടറി, ഉദുമ ഗ്രാമ പഞ്ചായത്ത്. |
| പ്രോജക്ട് നമ്പർ :420/24 , അടങ്കൽ - 9,00,000/-(വികസന ഫണ്ട്, ജനറൽ) |

| | | |
|---|---|---|
| ആകെ ചെലവ് തുക, 9,00,000രൂപ. | 4,50,000രൂപ | ബില്ല്നം.23200752003601535429/ തിയതി.25.3.24 |
| | 4,50,000രൂപ | ബില്ല്നം..23200752003601535465/ തിയതി.25.3.24 |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 05.03.24 ലെ സ.ഉ(സാ.ധാ)നം,538/2024/LSGD ഉത്തരവ് പ്രകാരം IKM മെമ്പർഷിപ്പ് ഫീസ് ഇനത്തിൽ 2014-15 സാമ്പത്തിക വർഷം മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾ 3 ലക്ഷം രൂപ വീതവും, 2017-18 സാമ്പത്തിക വർഷം മുതൽ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെയും ഓരോ ജനത്തിനും ഒരു രൂപ എന്ന ക്രമത്തിലും പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് IKM ന് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. 2023-24 വർഷം ഐ.കെ.എം. മെമ്പർഷിപ്പ് ഫീസ് ഇനത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം 9,00,000 രൂപ നൽകിയിട്ടുണ്ട് (ജി.ഒ.പ്രോജക്ട്). ഈയിനത്തിൽ ഇതുവരെ നൽകിയ തുകയും മേൽ ബിൽ പ്രകാരം നൽകിയ തുകയും ഏത് വർഷങ്ങളിലേതാണ് എന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.19/1.11.2024.

**<u>1-27 പൊതു സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ.-വിവരങ്ങൾ ലഭ്യമാക്കിയില്ല.</u>**

നിർവഹണം- സെക്രട്ടറി, ഉദുമ ഗ്രാമ പഞ്ചായത്ത്.

പ്രോജക്ട് നം.348/23-24, അടങ്കൽ - 1,20,000/- (തനത് ഫണ്ട്)

ചെലവ്- 1,05,660 (തനത് ഫണ്ട്), വൗച്ചർ നം, 22301137/തീ.21.3.2024

ഗ്രാമ പഞ്ചായത്ത് പരിധിയിൽകൂടി കടന്നു പോകുന്ന സംസ്ഥാന പാതയോരത്തെ വിവിധ സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് 3 സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറ യൂണിറ്റുകൾ സ്ഥാപിക്കുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. GEM മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 3 സി.സി.ടി.വി ക്യാമറ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു വേണ്ട ഉപകരണങ്ങൾ 23.01.2024- ന് Tax Invoice No RJE03455/2023-24 തീ.10.2.2024 പ്രകാരം വിതരണം ചെയ്തതിന് 1,05,660 രൂപ RJ ENTERPRISES, വടവത്തൂർ പി.ഒ, കോട്ടയം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപിച്ച സി.സി.ടി.വി ക്യാമറ യൂണിറ്റുകളുടെ നിലവിലെ അവസ്ഥയും സി.സി.ടി.വി ക്യാമറ സ്ഥാപിച്ച സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാകുന്നതുവരെ 1,05,660 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നം.1/1.11.2024).

**<u>1-28 തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണികൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ.</u>**

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതിയുടെ പേര് | നം.228/24,സ്ട്രീറ്റ് ലൈറ്റ് AMC നൽകൽ, അടങ്കൽ-5,00,000, (തനത്ഫണ്ട്). ചെലവ്- 4,22,760/-രൂപ, വൗച്ചർ നം 22300344/ തീ.4.8.2023 |
| | നം.217/24,കേടായ തെരുവ് വിളക്കുകളുടെ നവീകരണം,<br>അടങ്കൽ-6,50,000രൂപ. (3,68,220 രൂപ (വികസനഫണ്ട്) + 2,81,780 രൂപ (തനത്ഫണ്ട്) ).<br>ചെലവ്- 2,33,175/-രൂപ (തനത്ഫണ്ട്),<br>വൗച്ചർ നം 22301220/തീ.28.3.2024. |

ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് ഏറ്റെടുത്ത പ്രസ്തുത പദ്ധതിയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1). പദ്ധതി ആസൂത്രണത്തിനു മുൻപ് ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയതായി കാണുന്നില്ല. കെ എസ് ഇ ബി യുമായി സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കുലർ നം. 3055/ഡി.എ്.3/2011/തസ്വഭവ തി.15.09.2011 പ്രകാരം സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറായുള്ള പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ പ്രോജക്റ്റ് രൂപീകരണവേളയിൽ തെരുവു വിളക്കുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ആവശ്യകത വിലയിരുത്തിയിട്ടില്ല.

2). KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലന പ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ്3/2011/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. KSEB-യിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾക്കു പകരം വാർഡ് മെമ്പർമാരിൽ നിന്നുള്ള കത്തുകളെ ആധാരമാക്കിയാണ് പരിപാലന പ്രവൃത്തികൾക്കായി തുക നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

3). കരാർ പ്രകാരം വിളക്കുകൾക്ക് ഒരു വർഷം വാറണ്ടി ഉണ്ട്. വാറണ്ടി പിരീഡിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കേണ്ടതാണ്. ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. പൊതുജനങ്ങൾക്കും മെമ്പർമാർക്കും ഉൾപ്പെടെ തെരുവു വിളക്കുകളുടെ പരാതികൾ രേഖപ്പെടുത്തുന്നതിന് കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4). പഞ്ചായത്തിലെ ആവശ്യകത അനുസരിച്ച് ഏതെല്ലാം വാർഡുകളിൽ എത്ര ലൈറ്റുകൾ വീതം മാറ്റുന്നുണ്ട്/ സ്ഥാപിക്കുന്നുണ്ട് എന്നതു സംബന്ധിച്ച് മൊത്തമായ ആവശ്യകതാ നിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല.

5). തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്ത് പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന വേളയിൽ പ്രവർത്തനരഹിതമായ വിളക്കുകളും അനുബന്ധ ഉപകരണങ്ങളും പോസ്റ്റിൽ നിന്ന് മാറ്റി പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതും ആയതിന്റെ വിവരം പ്രത്യേകമായി രജിസ്റ്റർ ഓഫ് അൺസർവ്വീസബ്ൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. എന്നാൽ പ്രവർത്തന രഹിതമായ ഉപകരണങ്ങളുടെ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

6). പ്രോജക്ടിൽ മുൻവർഷങ്ങളിൽ സ്ഥാപിച്ചതിൽ പ്രവർത്തിക്കാത്ത വിളക്കുകൾ മാറ്റി സ്ഥാപിക്കാനാണോ, പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കാനാണോ പദ്ധതി ലക്ഷ്യമിടുന്നതെന്ന് വ്യക്തമല്ല. LED ബൾബുകൾ ഇത്ര എണ്ണം നന്നാക്കിയതായുള്ള/മാറ്റി സ്ഥാപിച്ചതായുള്ള പഞ്ചായത്ത് അംഗങ്ങളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. സാക്ഷ്യപത്രത്തിൽ പോസ്റ്റുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ പോസ്റ്റുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2,33,175/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.19/1.11.2024.

**1-29 ഐ. കെ. എം ന് വിഹിതം നൽകൽ -ചെലവ് തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.**

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ട് പ്രകാരമുള്ള ചെലവുകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട്നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 1/2023-24 | ഐ. കെ. എം ന് വിഹിതം നൽകൽ | 1,42,018 രൂപ വികസന ഫണ്ട് | IKM,തിരുവനന്തപുരം (BRN 2320075 2003600147452തീയതി 31.5.2023 |

ഐ. കെ. എം ന് നല്കിയ 1,42,018 രൂപയുടെ രശീതി, വിനിയോഗ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.19/1.11.2024.

**1-30 സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ- സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല.**

| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|
| പദ്ധതി നം & പേര് അടങ്കൽ 8,00,000(CFC). | നം.216/24, ഉദുമ ടൗണിൽ സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ-, ചെലവ്- 8,00,000/-രൂപ, വൗച്ചർ നം.XVFC/2023-24/ P/50/തീ.25.3.2024 |
| പദ്ധതി നം & പേര് അടങ്കൽ.1,45,212(തനത്ഫണ്ട്). | നം.So219/24,പാലക്കുന്ന് ടൗണിൽ സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ, ചെലവ്- 1,45,196/-രൂപ, വൗച്ചർ നം.22300369/ തീ.11.8.2023. |

മേൽ പദ്ധതികൾ പ്രകാരം സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരം ഫയൽ പരിശോധനയിൽ കാണാൻ സാധിച്ചില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരിച്ച രണ്ട് പദ്ധതികൾ പ്രകാരവും സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ ഇരു പദ്ധതികൾക്കുമായി ചെലവഴിച്ച 9,45,196/-രൂപയുടെ (1,45,196/-രൂപ + 8,00,000/-രൂപ) ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു . (ഓഡിററ് എൻക്വയറി നം.19/1.11.2024).

**1-31 SSK വിഹിതം അടവാക്കൽ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല.**

പ്രധാന അധ്യാപകൻ നിർവ്വഹണോദ്യോഗസ്ഥനായി 2023-24 വർഷം നടപ്പിലാക്കിയ പദ്ധതി നം. 141/2023-24 - എസ്.എസ്.എ വിഹിതം അടവാക്കൽ പദ്ധതി മുഖേന താഴെ പറയും പ്രകാരം ₹ 15,00,000 രൂപ State Project Officer-SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ചതുക | ബിൽ നമ്പർ |
|---|---|---|
| എസ്.എസ്.കെ വിഹിതം- 141/2023-24 | 15,00,000 | 23200752015700071835/ തീ.5.5.2023 (വികസന ഫണ്ട് ) |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6(3),(4),(5) പ്രകാരം

എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. പ്രോജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുകയുണ്ടായി.

1. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക8-6 (3),(4),(5) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള, എസ്.എസ്.കെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

2. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

3. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

4. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. പ്രോജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം, സ്കൂളുകളിൽ യൂണിഫോം, ടെക്സ്റ്റ് ബുക്ക് തുടങ്ങിയവ വിതരണം ചെയ്തതായി SSK അറിയിക്കുകയും ചെലവ് തുക ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ കാര്യങ്ങൾക്ക് എത്രവീതം ചെലവഴിച്ചു തുടങ്ങിയ വിവരങ്ങളൊന്നും ഇല്ലാത്ത സാക്ഷ്യപത്രം ഹാജരാകക്കുകയും ചെയ്തു. എന്നാൽ ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക 8-6 (3), (4), (5) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള, എസ്.എസ്.കെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കുകയോ ഇത് സംബന്ധിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഖണ്ഡികയിലെ ക്രമ നം. 1,2,3,4 എന്നിവയിലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ കാര്യങ്ങൾക്ക് എത്രവീതം തുക SSK ചെലവഴിച്ചു തുടങ്ങിയ വിവരങ്ങളുൾപ്പെടുന്ന വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ 15,00,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.
ഓഡിറ്റ് എൻക്വയറി നം.15/01.11.2024.

**1-32 കെട്ടിട നിർമ്മാണം- ഫീസ് സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കിയില്ല.**

കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണം) ചട്ടങ്ങൾ, ചട്ടം 9(4) പ്രകാരം പെർമിറ്റ് നൽകുന്നതിന് ഷെഡ്യൂൾ 2 പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്. ചട്ടം 92 പ്രകാരം പെർമ്മിറ്റ് നേടാതെ ആരംഭിച്ച ജോലികൾക്ക് കെട്ടിടം ക്രമവത്കരണ ഫീ പെർമ്മിറ്റ് ഫീയുടെ ഇരട്ടിയാണ് ഈടാക്കേണ്ടത്. കെട്ടിട നിർമ്മാണത്തിനള്ള പുതുക്കിയ പെർമിറ്റ് ഫീസ് 31.03.2023 ലെ സ.ഉ(കൈ) നം.85/2023/LSGD പ്രകാരം പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതു പ്രകാരം 300$m^2$ മുകളിൽ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 150രൂപ/M2 നിരക്കിലും വാണിജ്യ കെട്ടിടത്തിന് 200രൂപ/M2 നിരക്കിലുമാണ് തുക ഈടാക്കേണ്ടത്.

Sc3/2854/2022 തീ.30.6.2023 പ്രകാരം പെർമ്മിറ്റ് കാലാവധി പുതുക്കി നല്കിയതായി കാണുന്നു. ഒരേ സ്ഥലത്ത് ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾ പണിയുന്നതിനുവേണ്ടി ഒരു പെർമിറ്റാണ് നൽകിയിട്ടുള്ളത്. ഇപ്രകാരമുള്ള സാഹചര്യത്തിൽ കെട്ടിടത്തിന്റെ പെർമ്മിറ്റ് പുതുക്കുമ്പോൾ ആകെ കെട്ടിടത്തിന്റെ വിസ്തീർണ്ണം കണക്കാക്കിയാണോ അഥവാ ഓരോ കെട്ടിടത്തിന്റേയും വിസ്തീർണ്ണം കണക്കാക്കിയാണോ ഫീസ് ഈടാക്കിയത് എന്നും ഫീയായി 49,64,982/- രൂപ കണക്കാക്കിയതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.24/02.11.2024.

**1-33 ശാരിരീക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താക്കൾക്ക് തുക ലഭിച്ചില്ല.**

| പ്രോജക്ടിന്റെ പേര് : ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | |
|---|---|
| പ്രോജക്ട് നം. : 45/2023-24 | |
| അടങ്കൽ : 18,18,400/-രൂപ. (വികസന ഫണ്ട്- 11,01,400 രൂപ + തനത് ഫണ്ട്- 25,000 രൂപ + ബ്ലോക്ക് പഞ്ചായത്ത്- 5,19,000 രൂപ + ബ്ലോക്ക് പഞ്ചായത്ത്- 1,73,000 രൂപ ) | ചെലവ് : 18,06,400/- രൂപ. (വികസന ഫണ്ട്- 11,01,400 രൂപ + തനത് ഫണ്ട്- 13,000 രൂപ + ബ്ലോക്ക് പഞ്ചായത്ത്- 5,19,000 രൂപ + ബ്ലോക്ക് പഞ്ചായത്ത്- 1,73,000 രൂപ |

ഉദുമ ഗ്രാമ പഞ്ചായത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ വെബ് സാംഖ്യയിൽ നിന്നുള്ള രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താവിന്റെ പേരിലുള്ള അക്കൌണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവ് | തുക |
|---|---|---|
| ബിൽ റെഫറൻസ് നം.23200752010400683039/തീ.20.10.2023.- 2,55,500/-രൂപ | | |
| 1 | ശ്രീ ഹരികൃഷ്ണൻ കെ.വി | 17,500രൂപ |
| ബിൽ റെഫറൻസ് നം.23200752010400752591/തീ.7.11.2023.- 2,58,200/-രൂപ | | |
| 1 | കുമാരി പ്രസന്ന എ.പി | 17,500രൂപ |
| ബിൽ റെഫറൻസ് നം.23200752010401060723/തീ.24.12.2023.- 1,73,000/-രൂപ | | |
| 1 | ശ്രീ ഹരികൃഷ്ണൻ കെ.വി | 6,000രൂപ |
| ബിൽ റെഫറൻസ് നം.23200752010401113417/തീ.24.1.2024.- 1,14,100/-രൂപ | | |
| 1 | ശ്രീ ഹരികൃഷ്ണൻ കെ.വി | 5,000രൂപ |
| ബിൽ റെഫറൻസ് നം.23200752010401113403/തീ.23.1.2024.- 2,60,800/-രൂപ | | |
| 1 | കുമാരി പ്രസന്ന എ.പി | 6,000രൂപ |
| ബിൽ റെഫറൻസ് നം.23200752010401060735/തീ.9.1.2024.- 1,66,700/-രൂപ | | |
| 1 | കുമാരി പ്രസന്ന എ.പി | 5,000രൂപ |

മേൽ വിവരിച്ച പ്രകാരം ശ്രീ ഹരികൃഷ്ണൻ കെ.വി, കുമാരി പ്രസന്ന എ.പി എന്നീ രണ്ട് കുട്ടികൾക്ക് തൻവർഷത്തെ സ്കോളർഷിപ്പ് തുകകൾ ലഭിച്ചിട്ടില്ല എന്ന് കാണുന്നു. പ്രസ്തുത തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രഡിറ്റ് ആവാതെ സർക്കാരിലേക്ക് തിരിച്ച് ക്രഡിറ്റ് ആകുകയാണുണ്ടായത്. (സാംഖ്യയിൽ Fund Returned To Govt. എന്ന സ്റ്റാറ്റസ് ആണുള്ളത്.) അർഹമായ തുക ഗുണഭോക്താക്കൾക്ക് ലഭ്യമാവാത്ത സാഹചര്യം വിശദീകരിക്കേണ്ടതാണ്.

അർഹതപ്പെട്ട ആനുകൂല്യം ഗുണഭോക്താവിന്റെ അക്കൌണ്ടിൽ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-34 ബാങ്ക് അക്കൗണ്ടിലെ അവ്യക്തത - കർഷകർക്ക് അനുവദിച്ച ധനസഹായം ലഭിച്ചില്ല**

കൃഷി ഓഫീസർ നടപ്പിലാക്കിയ സമഗ്ര കവുങ്ങുകൃഷി വികസനം (പ്രോ. നം.23/24) ലെ ഗുണഭോക്താവായ ശ്രീ. എം കുമാരൻ നായർക്ക് അനുവദിച്ച സബ്സിഡി തുകയായ ₹ 550/- (BRN: 23200752009900720572 / 01.11.2023) സർക്കാരിലേക്ക് തിരികെ പോയതായി കാണുന്നു. കൂടാതെ സമഗ്ര തെങ്ങുകൃഷി വികസനം (പ്രോ. നം.21/24) ലെ ഗുണഭോക്താവായ ശ്രീമതി. ചോയിച്ചി വി എന്നവർക്ക് അനുവദിച്ച സബ്സിഡി തുകയായ ₹ 1,533/- (BRN: 23200752009901050839 / 10.01.2024) Account Closed എന്ന Status ലുമാണുള്ളതെന്ന് , വെബ് സാംഖ്യ(web Saankhya)യിലെ, സമർപ്പിച്ച ബില്ലുകളുടെ Status Report പരിശോധിച്ച് നിർവഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി.ടി ഗുണഭോക്താക്കൾക്ക് സബ്സിഡി തുക തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്, ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഗുണഭോക്താക്കൾ Active ആയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സമർപ്പിച്ചില്ലായെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്.

ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിനായി, ഗുണഭോക്താക്കൾ തങ്ങളുടെ Active ആയ ബാങ്ക് അക്കൗണ്ട് വിവരങ്ങളും അവയുടെ പകർപ്പും സമർപ്പിക്കേണ്ടതും, സബ്സിഡി തുക യഥാസമയം അക്കൗണ്ടിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച്, വിവരം നിർവഹണ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതുമാണ്. യഥാസമയം അറിയിക്കുന്ന ആക്ഷേപങ്ങളിൽ (ഒരു മാസത്തിനകം), അക്കൗണ്ട് വിവരങ്ങൾ കൃത്യമാക്കി, ധനസഹായം ബന്ധപ്പെട്ട ഗുണഭോക്താവിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർവഹണ ഉദ്യോഗസ്ഥന് സാധിക്കുന്നതാണ്. കൂടാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൃത്യതയോടെ ബന്ധപ്പെട്ട ബില്ലിനൊപ്പം ചേർത്തുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 21 /02.11.2024.

**1-35 എം സി എഫ് -ലേക്ക് പ്ലാസ്റ്റിക് മാലിന്യം എത്തിച്ചതിന് വാഹന വാടക നൽകിയത് - ആദായനകുതി ഈടാക്കിയില്ല**

വി ഇ ഒ നിർവഹണം നടത്തിയ ശുചിത്വ ഗ്രാമം - അജൈവമാലിന്യസംസ്കരണം (പ്രോ.നം.236/24)- ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ MCF ൽ എത്തിക്കുന്നതിന് വാഹന വാടക അനുവദിക്കുന്നതിനുള്ള പദ്ധതി പ്രകാരം, പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ രാജശേഖരൻ കെ, കിഴക്കേവളപ്പിൽ, കരിപ്പൊടി, പാലക്കുന്ന് എന്നയാൾക്ക് നൽകിയ വാഹനവാടകയിൽനിന്ന് ക്രമപ്രകാരമുള്ള ആദായനികുതി ഈടാക്കിയിട്ടില്ല.

കേന്ദ്ര ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ ട്രാൻസ്പോർട്ടേഷൻ കരാറുകാർക്കുള്ള പ്രതിഫലം, ഒറ്റതവണ 30,000/- രൂപയോ അല്ലെങ്കിൽ മൊത്തം ഒരു ലക്ഷം രൂപയോ കവിഞ്ഞാൽ 1% നിരക്കിൽ (പാൻ നമ്പർ ഇല്ലെങ്കിൽ 20% നിരക്കിൽ) ആദായ നികുതി ഈടാക്കേണ്ടതാണ്. 2023-2024 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ഈ പ്രവൃത്തിക്ക് അനുവദിച്ച പ്രതിഫലത്തിന്റെയും ഈടാക്കേണ്ട ആദായനികുതിയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം, തിയതി | അനുവദിച്ച തുക |
|---|---|---|
| 1 | 35340/21.06.2023 | 50400 |
| 2 | 36561/03.08.2023 | 60300 |
| 3 | 36585/06.10.2023 | 39150 |
| 4 | 36590/30.10.2023 | 27000 |
| 5 | 35457/14.12.2023 | 27000 |

| | | |
|---|---|---|
| 6 | 35459/21.12.2023 | 42300 |
| 7 | 35467/19.01.2024 | 25200 |
| 8 | 35477/06.02.2024 | 35100 |
| 9 | 35485/21.02.2024 | 28800 |
| 10 | 35496/19.03.2024 | 38700 |
| 11 | 35499/25.03.2024 | 39600 |
| ആകെ | | 4,13,550/- |
| ഈടാക്കേണ്ട ആദായനികുതി (@ 1%) | | 4,136/- |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരം ആദായ നികുതി ഈടാക്കി, ആദായ നികുതി വകുപ്പിൽ അടച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 25/02.11.2024.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി -ഈടാക്കിയതിൽ കുറവ്

1) 2023-24 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ പറയുന്ന പ്രകാരം കുറവുണ്ട്

| ജീവനക്കാരന്റെപേര് /സ്ഥാപനം | പത്രിക പ്രകാരം അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|
| ശ്രീമതി ശാരദ (നഴ്സിംഗ് സ്റ്റാഫ്) - പാലക്കുന്ന് പോളി ക്ലിനിക്ക് | 30,000 | 300 | 180 | 120 |
| ശ്രീമതി ഉഷ കെ (ക്ലീനർ) - ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് | 18,760 | 180 | 120 | 60 |
| ശ്രീമതി മഞ്ജു മോഹൻ (പി.ആർ.ടി) - ഗ്രീൻവുഡ്സ് പബ്ലിക് സ്കൂൾ | 30,000 | 300 | 180 | 120 |
| ശ്രീമതി ശരണ്യ (കെ.ജി ടീച്ചർ) - ഗ്രീൻവുഡ്സ് പബ്ലിക് സ്കൂൾ | 47,500 | 450 | 300 | 150 |
| ശ്രീ ഹബീബ് (സെയിൽസ്) - പട്ടേൽ എന്റർപ്രൈസസ് | 53460 (8910 X6) | 450 | 300 | 150 |
| ശ്രീ അബീദ് (മാനേജർ) | 53460 | 450 | 300 | 150 |

| | | | | |
|---|---|---|---|---|
| - പട്ടേൽ എന്റർപ്രൈസസ് | (8910 X6) | | | |
| ശ്രീമതി പുഷ്പ (സെയിൽസ്) - പട്ടേൽ എന്റർപ്രൈസസ് | 53460 (8910 X6) | 450 | 300 | 150 |
| ആകെ തുക | | | | 900/- |

2) 2023-24 രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ പറയുന്ന പ്രകാരം കുറവുണ്ട്.

| ജീവനക്കാരന്റെപേര് /സ്ഥാപനം | പത്രിക പ്രകാരം അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|
| ശ്രീ കണ്ണൻ വി (പി.റ്റി.എസ്) - ബേക്കൽ പോലീസ് സ്റ്റേഷൻ | 1,07,148 (17,858 X 6) | 1,000 | 750 | 250 |
| ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർ - ബി.ആർ.സി- ബേക്കൽ | പത്രികപ്രകാരം 42 പേരുടെ ആകെ തൊഴിൽ നികുതി | 40,400 | 39,650 | 750 |
| ശ്രീമതി ദൃശ്യ (പി.ആർ.ടി) - ഗ്രീൻവുഡ്സ് പബ്ലിക് സ്കൂൾ | 78,000 | 750 | 600 | 150 |
| ശ്രീ മനേഷ് കെ (ഐ.റ്റി അഡ്മിൻ) - ഗ്രീൻവുഡ്സ് പബ്ലിക് സ്കൂൾ | 1,26,000 | 1,250 | 1,000 | 250 |
| ശ്രീമതി പ്രസീത (കെയർ ടേക്കർ) - ഗ്രീൻവുഡ്സ് പബ്ലിക് സ്കൂൾ | 30,000 | 300 | 180 | 120 |
| ശ്രീ ഹബീബ് (സെയിൽസ്) - പട്ടേൽ എന്റർപ്രൈസസ് | 53,460 (8910 X6) | 450 | 300 | 150 |
| ശ്രീ അബീദ് (മാനേജർ) - പട്ടേൽ എന്റർപ്രൈസസ് | 53,460 (8910 X6) | 450 | 300 | 150 |
| ശ്രീമതി പുഷ്പ (സെയിൽസ്) - പട്ടേൽ എന്റർപ്രൈസസ് | 53,460 (8910 X6) | 450 | 300 | 150 |
| ആകെ തുക | | | | 1,970/- |

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, തൊഴിൽ നികുതി ഒടുക്കിയതിൽ കുറവു വന്ന സ്ഥാപനങ്ങൾക്ക് / വ്യക്തികൾക്ക് തുക ഒടുക്കുന്നതിന് കത്ത് അയച്ച് തുടർനടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുറവു വന്ന തൊഴിൽ നികുതി

ഈടാക്കി വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 12/30.10.2024).

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 3,79,500 | 22-സമഗ്ര നെൽകൃഷി വികസനം | 3,79,500 | 0 |
| | | 12,77,083 | 239-ലൈഫ് ഭവന പദ്ധതി-ജനറൽ | 12,77,083 | 0 |
| | | 2,82,200 | 54-ലൈഫ് ഭവന പദ്ധതി-പട്ടികജാതി | 2,82,200 | 0 |
| | | 7,00,000 | 53-ലൈഫ് ഭവന പദ്ധതി-ജനറൽ | 7,00,000 | 0 |
| | | 4,00,000 | 43-അങ്കണവാടി പോഷകാഹാരം | 4,00,000 | 0 |
| | | 5,19,000 | 45-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 5,19,000 | 0 |
| | | 2,00,000 | 71-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | 0 |
| ആകെ തുക | | 37,57,783 | | 37,57,783 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1,00,000 | 40-പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി | 1,00,000 | 0 |
| | 2023-24 | 27,00,000 | 239-ലൈഫ് ഭവന പദ്ധതി-ജനറൽ | 27,00,000 | 0 |
| | 2023-24 | 3,00,000 | 54-ലൈഫ് ഭവന പദ്ധതി-പട്ടികജാതി | 3,00,000 | 0 |
| | 2023-24 | 26,40,000 | 53-ലൈഫ് ഭവന പദ്ധതി-ജനറൽ | 26,40,000 | 0 |
| | 2023-24 | 1,73,000 | 45-ശാരീരിക മാനസിക വെല്ലുവിളികൾ | 1,73,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| | 2023-24 | 27,573 | 71-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 27,573 | 0 |
| ആകെ തുക | | 59,40,573 | | 59,40,573 | 0 |

**4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല

**4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്**

ഇല്ല.

**4-4 വായ്പാ/വായ്പാ തിരിച്ചടവ്**

നിലവിൽ ILGMS ൽ ലഭ്യമായ AFS കണക്ക് പ്രകാരം ലൈഫ് ഭവന പദ്ധതി വായ്പാ തുക ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വായ്പ വരവ് | ആകെ | വായ്പാ തിരിച്ചടവ് | അവശേഷിക്കുന്ന വായ്പാ തുക |
|---|---|---|---|---|
| 1,20,70,713 | 1,65,20,405 | 2,85,91,118 | 28,02,645 | 2,57,88,473 |

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വായ്പാ രജിസ്റ്റർ പരിശോധനയക്ക് ലഭ്യമാക്കാത്തതിനാൽ ഇതിന്റെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.
മുൻ വർഷത്തെ റിപ്പോർട്ടിൽ വായ്പാ വരവ് കൃത്യമായി വരവിലെടുക്കാൻ അധികൃതർക്ക് സാധിച്ചിട്ടില്ലാത്തതിനാലും വായ്പാ രജിസ്റ്ററിലെ കണക്കിൽ പൊരുത്തക്കേട് ഉള്ളതിനാലും തിരിച്ചടയ്ക്കവാൻ അവശേഷിക്കുന്ന വായ്പാ തുകയായി ബാലൻസ് ഷീറ്റിൽ ബി5 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തുകയുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല എന്നും ആയതിനാൽ ലൈഫ് മിഷൻ അധികൃതരെ രേഖാമൂലം ബന്ധപ്പെട്ട് നാളിതുവരെ ലൈഫ് ഭവന പദ്ധതി വായ്പാ, സംസ്ഥാന വിഹിതം എന്നിയിനങ്ങളിൽ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച തുകയുടെ കൃത്യമായ കണക്ക് ലഭ്യമാക്കി ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി ഭരണ സമിതി അംഗീകാരത്തോടെ മറുപടി ലഭ്യമാക്കേണ്ടതാണെന്നും അറിയിച്ചിരുന്നു. എന്നാൽ തൻവർഷവും ഇതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടില്ല. കൂടാതെ വായ്പാ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടില്ല.

**4-5 സ്ഥിര നിക്ഷേപങ്ങൾ**

സ്ഥിര നിക്ഷേപ പത്രിക പ്രകാരമുള്ള സ്ഥിര നിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 18,91,683 |
| തൻവർഷം നിക്ഷേപിച്ചത് | 1,27,853 |
| ആകെ | 20,19,536 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 20,19,536 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം.(31-03-2024)

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | ട്രഷറി/പോസ്റ്റ് ഓഫീസ്) | (Renewal) | | | |
| 1 | ഉദുമ വനിതാ സർവീസ് സഹകരണ സൊസൈറ്റി | 11.10.2023 | ഒരു വർഷം | 5,24,205 | 6754 |
| 2 | ഉദുമ വനിതാ സർവീസ് സഹകരണ സൊസൈറ്റി | 5.10.2023 | ഒരു വർഷം | 5,30,100 | 4264 |
| 3 | കേരള സംസ്ഥാന സഹകരണ ബാങ്ക് | 1.11.2023 | ഒരു വർഷം | 4,75,498 | 181018801200024 |
| 4 | കേരള സംസ്ഥാന സഹകരണ ബാങ്ക് | 5.10.2023 | ഒരു വർഷം | 4,89,828 | 182118801000185 |
| **ആകെ** | | | | **20,19,631** | |

സ്ഥിര നിക്ഷേപത്തിന്റെ നീക്കിയിരിപ്പിൽ ധനകാര്യപത്രികയിൽ 19,94,790/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ഇനത്തിൽ കുറവു വന്ന 24,841/- രൂപ (20,19,631 - 19,94,790) തൻവർഷത്തേയും മുൻവർഷത്തേയും പലിശ ഇനം രേഖപ്പെടുത്തിയതിൽ വന്ന കുറവാണ്. വിശദാംശം ഖണ്ഡിക 1-1-21 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**4-6 ഓഡിറ്റ് റിക്കവറി**

ഇല്ല.

**4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ**

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2013-14 | 5.2.4.1 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26) പരിഗണനയിൽ. ലഭ്യമാക്കിയ മറുപടി പരിശോധിച്ച് റിപ്പോർട്ട് 03.09.2024ന് ഹെഡ്ഡോഫീസിൽ സമർപ്പിച്ചിട്ടുണ്ട്. |
| 2013-14 | വിഷയാധിഷ്ഠിത അവലോകനം | 2013-14 | 5.2.4.1 | എം.ജി.എൽ.സി അടിസ്ഥാന സൗകര്യങ്ങൾ കുറവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26) പരിഗണനയിൽ. ലഭ്യമാക്കിയ |

| | | | | | |
|---|---|---|---|---|---|
| | | | | | മറുപടി പരിശോധിച്ച് റിപ്പോർട്ട് 03.09.2024ന് ഹെഡ്ഡോഫീസിൽ സമർപ്പിച്ചിട്ടുണ്ട്. |
| 2014-15 | 2(9),2(10),2(11) | 2016-17 | അധ്യായം 1 അനുബന്ധം3 | വസ്തു നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2014-15 | 2(12), 2(13) | 2016-17 | അധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2015-16 | 2(5),2(6),2(7), 2(8),2(9) | 2016-17 | അധ്യായം 2 അനുബന്ധം5 | തൊഴിൽ നികുതി | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |

**4-8 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം**

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല
ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,94,02,763/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,12,78,723/- |
| വരവിനങ്ങളിലുള്ള നഷ്ടം | 2,870/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 72,12,170 /- |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ട തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2,870 | | ശ്രീ. ദേവദാസ് പി, സെക്രട്ടറി (900 രൂപ)<br>ശ്രീമതി. അനീഷ വി, സെക്രട്ടറി (1,970 രൂപ) |
| ആകെ | 2,870 രൂപ | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 4,720 | ശ്രീ. റെജിമോൻ എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 49,672 | ഡോ. കായിഞ്ഞി സി എം, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-23-2 | 2,26,165 | 12,460 ദേവദാസ് പി, സെക്രട്ടറി |

| | | |
|---|---|---|
| | | 1,18,515 ദേവദാസ് പി, സെക്രട്ടറി |
| | | 18,310 ദേവദാസ് പി, സെക്രട്ടറി |
| | | 34,381 ദേവദാസ് പി, സെക്രട്ടറി |
| | | 24,180 അനീഷ വി, സെക്രട്ടറി |
| | | 2,441 അനീഷ വി, സെക്രട്ടറി |
| | | 9,066 റെജിമോൻ എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| | | 6,812 റെജിമോൻ എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-23-4 | 1,47,000 | ശ്രീമതി. അനീഷ വി, സെക്രട്ടറി |
| 1-23-6 | 2,11,437 | ശ്രീ. റെജിമോൻ എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-24 | 99,000 | ശ്രീമതി. അനീഷ വി, സെക്രട്ടറി |
| 1-25 | 36,90,145 | ശ്രീ. ദേവദാസ് പി,സെക്രട്ടറി<br>ശ്രീ. റെജിമോൻ എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-27 | 1,05,660 | ശ്രീമതി. അനീഷ വി, സെക്രട്ടറി |
| 1-28 | 2,33,175 | ശ്രീമതി. അനീഷ വി, സെക്രട്ടറി |
| 1-30 | 9,45,196 | ശ്രീമതി. അനീഷ വി, സെക്രട്ടറി |
| 1-31 | 15,00,000 | ശ്രീ. രാജീവൻ കെ, പ്രധാനാധ്യാപകൻ |
| ആകെ | 72,12,170 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ദേവദാസ് പി, സെക്രട്ടറി.(900 രൂപ) | വിരമിച്ചു. | |
| ശ്രീമതി. അനീഷ വി, സെക്രട്ടറി. (1,970 രൂപ) | ലഭ്യമല്ല. | |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(3) തീയതി 28.9.2022 | 7 |
| 1998-99 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(4) തീയതി 28.9.2022 | 23 |

| | | |
|---|---|---|
| 2000-01 | കെ.എസ്.എ-കെ.എസ്.ഡി 8/495/19 തീയതി 29.6.2019 | 1 |
| 2000-01(പ്ലാൻ) | കെ.എസ്.എ-കെ.എസ്.ഡി 8/865/22(5) തീയതി 28.9.2022 | 3 |
| 2001-02 (പ്ലാൻ) | എൽ.എഫ്-കെ.എസ്.ഡി 4/784/04 തീയ്യതി 05.12.2005 | 4 |
| 2004-05 | കെ.എസ്.എ-കെ.എസ്.ഡി 8/1135/22(1) തീയതി 19.5.2023 | 2 |
| 2006-07 | കെ.എസ്.എ-കെ.എസ്.ഡി 8/1135/22(3) തീയതി 19.5.2023 | 9 |
| 2009-10 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(14) തീയതി 28.9.2022 | 2 |
| 2010-11 & 2011-12 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(15) തീയതി 28.9.2022 | 5 |
| 2014-15 | കെ.എസ്.എ-കെ.എസ്.ഡി 8/1135/22(4) തീയതി 19.5.2023 | 14 |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(18) തീയതി 28.9.2022 | 13 |
| 2016-17 | കെ.എസ്.എ-കെ.എസ്.ഡി 8/865/22(19) തീയതി 28.9.2022 | 8 |
| 2017-18 | കെ.എസ്.എ-കെ.എസ്.ഡി 8/561/2019 തീയതി 16-07-2019 | 6 |
| 2018-19 | കെ.എസ്.എ-കെ.എസ്.ഡി 8/1224/2019 തീയതി09.01.2020 | 32 |
| 2019-20 | കെ.എസ്.എ-കെ.എസ്.ഡി 8/591/2021 തീയതി 28.09.2021 | 26 |
| 2020-21 | കെ.എസ്.എ-കെ.എസ്.ഡി8/918/2021 (1)തീയതി22.09.2022 | 14 |
| 2021-22 | കെ.എസ്.എ-കെ.എസ്.ഡി 8/901/22 തീയതി 20.5.2023 | 14 |
| 2022-23 | കെ.എസ്.എ/ കെ.എസ്.ഡി8/749/2023തീയതി 08/11/2023 | 34 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 2/1 dated 13-05-2024 and submitted on 22-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Udma Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Udma Grama Panchayat as on 31-03-2024

**Date: 07/12/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Udma Grama Panchayat for the Year 2023-2024.

### 1.Major Observations

a) Valuation of assets has not been done. The asset register has not been updated. There is no uptodate asset data base in the Panchayat. Hence the accuracy of the assets reflected in the Balance Sheet could not be commented upon.

b)Reconciliation of joint venture account has not been prepared.
c)Fixed deposit amount does not match with the amount in annual financial statement.

### 2.Other Observations

a) Excess of Income over expenditure amount as per B1 schedule does not match with income over expenditure after prior period items as on 31.03.2024 in income and expenditure statement.

b) The amount recorded as "Net increase in cash and cash equivalence" in the cash flow statement (1,81,24,040/-) and the amount recorded as "Net cash generated by Operating+ Investing+Financing Activity" (A+B+C) in the same statement (53,60,077/-) are not equal. Therefore, the total cash flow for the year in the cash flow statement does not match with the difference amount of opening and closing balance of the financial year.
c) Demand entry of accrual items, is not recorded in time

d) Notes on accounts including significant accounting policies, contingent liabilities, financing reports and other disclosures etc., as per Rule 62 (e) of Kerala Panchayath Raj (Accounts) Rules 2011, are not prepared and attached with the financial statements.
e) Basic ratios as per rule 62 (f) of Kerala Panchayath Raj (Accounts) Rules 2011 are not included.
f) Depreciation is charged on capital contribution instead of being charged on assets.
g) The Secured Loan balance amount in B-5 schedule does not match with B-16 schedule amount.

h) Amount outstanding for joint venture projects in liability head does not match with the amount in respective bank account.

i) Some amounts remain uncredited in the bank for more than three months.
j) Details of amounts recorded as direct withdrawals from the bank were not made available.
k) Liability amounts remain in Schedule B-9 for years
l) NPS - Amount of provision of employees does not match with provision of employer.
m) The details of the amounts outstanding in liability in stale cheque are not made available.
n) The liability amounts as per B4 schedule and the balances in the respective bank accounts do not match.
o) Depreciation of other fixed assets exceeds the asset value.
p) Redemption amount is not fully included in respective head.
q) The advance paid to Gram Lakshmi Mudralaya has not been adjusted.
r) The details of the amount paid as deposit were not made available.
s) Benificiary contribution amount remains unspent.
t) The details of adjusted advance amount given to the implementing officers were not made available.
u) The same item is recorded under different heads.
v) Bank interest is included in loan amont from KURDFC leading to increased liability.
w) The details of income under rent from buildings are not available.

Deputy Director
District Office Kasaragod
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3
## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | **Udma Grama Panchayat INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2023 to 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 15338209.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 183807.00 |
| 140000000 | Fee & User Charges | I-4 | 10909533.00 |
| 150000000 | Sale & Hire Charges | I-5 | 162901.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 179719470.00 |
| 170000000 | Income from Investments | I-7 | 105107.00 |
| 171000000 | Interest Earned | I-8 | 2268473.00 |
| 180000000 | Other Income | I-9 | 5801.00 |
| 190000000 | Prior Period Income | I-19 | -206063.00 |
| | **Total Income** | | **208693301.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 15028029.00 |
| 220000000 | Administrative Expenses | I-11 | 1913212.00 |
| 230000000 | Operations & Maintenance | I-12 | 3990604.00 |
| 240000000 | Interest & Finance Charges | I-13 | 89.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 14340566.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 57626118.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 14968250.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 38211930.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 57714800.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1348692.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 101229.00 |
| | **Total Expenditure** | | **205243519.00** |
| | **Gross Surplus / Deficit of income over Expenditure** | | **3449782.00** |
| | **Gross Surplus / Deficit of income over Expenditure** | | **3214321.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 441524.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **235461.00** |

## അനുബന്ധം-4
## രസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | **Udma Grama Panchayat RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2023 to 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 71354694.00 |
| Cash | Cash | RP-40(a) | 224979.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2565374.00 |
| 130000000 | Rental income from Panchayat Properties | RP-3 | 7700.00 |
| 140000000 | Fees & User Charges | RP-4 | 10694072.00 |
| 150000000 | Sale & Hire Charges | RP-5 | 162901.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 17253900.00 |
| 171000000 | Interest Earned | RP-9 | 2268473.00 |
| 190000000 | Prior Period Income | RP-11 | 35287.00 |
| 210000000 | Establishment Expenses | RP-12 | 14700.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 31889185.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 15495107.00 |
| 460000000 | Loans, Advances and Deposits | RP-49 | 38000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 5801.00 |
| 330000000 | Secured Loans | RP-31 | 16520405.00 |
| 340000000 | Deposits Received | RP-33 | 47515.00 |
| 350000000 | Other Liabilities | RP-35 | 2404343.00 |
| | **Grand total** | | **170982436.00** |
| | **PAYMENTS** | | |
| | **Operating** | | |
| 431000000 | Sundry Debtors (Receivables) | RP-45 | 261297.00 |
| 460000000 | Loans, Advances and Deposits | RP-49 | 740000.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 16030.00 |
| 350000000 | Other Liabilities | RP-35 | 80261396.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 89497340.00 |
| Cash | Cash | RP-40(b) | 206373.00 |

| | | |
|---|---|---|
| | **Grand Total** | **170982436.00** |

## അനുബന്ധം-5
## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| | **Udma Grama Panchayat BALANCE SHEET** | | |
| | For the period from 01-April-2023 to 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 94098802.10 |
| 311000000 | Earmarked Funds - Special Funds/Sinking Fund/ Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 68179071.00 |
| | **Total Reserve & Surplus** | | **162277873.10** |

| | | | |
|---|---|---|---|
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 27723955.00 |
| | **Total Grants, Contributions for Specific Purposes** | | **27723955.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 25788473.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **25788473.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 707268.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 4517747.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **5225015.00** |
| | **TOTAL LIABILITIES** | | **221015316.10** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 358078.00 |
| 412000000 | Capital Work in Progress | B-11(b) | 1297819.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1701046.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 25897161.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 169812609.00 |
| 416000000 | Accumulated Depreciation | B-11(a) | -98998031.90 |
| | **Total Fixed Assets** | | **100068681.10** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1994790.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **1994790.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1320980.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 21348068.00 |
| 450000000 | Cash and Bank Balance | B-17 | 89703713.00 |
| 460000000 | Loans, Advances and Deposits | B-18 | 6579084.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **118951845.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **221015316.10** |

Deputy Director
District Office Kasaragod
Kerala State Audit Department